# സത്യദൂതൻ

2023 മെയ് | ലക്കം 05

വില ₹ 30



## വിശുദ്ധ ഖുർആൻ: നിലക്കാത്ത അനുഗ്രഹങ്ങൾ

## രാഷ്ട്രം സമൂഹം ഖിലാഫത്ത്

## സഊദി-ഇറാൻ സൗഹൃദം

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2023 മെയ്
ഹി.ശ.1403- ഹിജറത്ത്
1444 ശവ്വാൽ - ദുൽഖഅദ്
പുസ്തകം 95 ലക്കം 05
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**ജിഹാദും മൗലവിമാരും**



**7**
പ്രഭാഷണം
**വിശുദ്ധ ഖുർആൻ:**
**നിലക്കാത്ത അനുഗ്രഹങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 ഫെബ്രുവരി 3-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**ദൈവത്തെ എങ്ങനെ പ്രാപിക്കാം**
ഹദ്റത്ത് അഹ്മദ് (അ)

**13**
**മനുഷ്യനിലെ സൂക്ഷ്മ പ്രപഞ്ചം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**17**
**രാഷ്ട്രം സമൂഹം ഖിലാഫത്ത്**
എ.എം. മുഹമ്മദ് സലീം

**23**
**ഇസ്‌ലാം ചൈനയിൽ**
എം. ഇസ്ഹാഖ് ഖലീൽ

**26**
**ചന്ദ്രവർഷവും സൗരവർഷവും**
**വിശുദ്ധ ഖുർആനിൽ**
ഡോ. നാസിം റഹമത്തുല്ലാഹ്

**28**
**ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ**
മാലിക്ക് സൈഫുർറഹ്മാൻ

**32**
**ബൈബിളിലില്ലാത്ത ത്രിത്വ വാദം**
അഃവുൽ മുജീബ് റാശിദ്

**34**
ഭാഗം - 39
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ**
**സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**40**
കുറിപ്പുകൾ
**സഊദി-ഇറാൻ സൗഹൃദം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 89071 82933**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



നിന്റെ നാഥൻ ഇഛിച്ചുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ, അവർ വിശ്വാസികളായിതീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ? (10:100)

## നബിവചനം



ഇബാദത്ത് (റ) പറയുന്നു: ഞങ്ങൾ എവിടെയായിരുന്നാലും സത്യം പറയുവാനും അതിന്ന് വേണ്ടി നില കൊള്ളുവാനും അല്ലാഹുവിന്റെ പ്രശ്നത്തിൽ ഒരാക്ഷേപകനേയും ഒട്ടും ഭയപ്പെടാതിരിക്കുവാനും നബി (സ) പ്രതിജ്ഞ ചെയ്യുകയുണ്ടായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ശക്തി പ്രയോഗം ഇസ്ലാമിന്ന് അന്യം

ഈ ലോകത്ത് ജീവിച്ച ഒരൊറ്റ യഥാർത്ഥ മുസ്ലിമും ഇസ്ലാമിന്റെ പ്രചാരണത്തിനുവേണ്ടി ശക്തി പ്രയോഗിക്കേണ്ടതുണ്ടെന്ന വിശ്വാസം പുലർത്തിയിയിട്ടില്ല. നേരെ മറിച്ച് ഇസ്ലാം അതിന്റെ സ്വതസിദ്ധമായ മഹത്വത്തിന്റെ ബലത്തിലാണ് എല്ലാ കാലത്തും വിജയിച്ചുയർന്നത്. മുസ്ലിംകളെന്ന് അഭിമാനിച്ചുകൊണ്ടു തന്നെ ഇസ്ലാമിനെ വാൾ ബലത്തിൽ പ്രചരിപ്പിക്കണമെന്ന് പറയുന്നവർ ഇസ്ലാമിന്റെ തനതായ മഹത്വത്തെകുറിച്ച് അറിവില്ലാത്തവരാകുന്നു. ***(തിരിയാഖുൽ ഖുലൂബ്. ഭാ: 39)***



എഡിറ്റോറിയൽ


# വിശ്വശാന്തി പുലരട്ടെ

അന്താരാഷ്ട്രാ സമാധാനം എന്നത് സാക്ഷാത്ക്കരിക്കാൻ കഴിയാത്ത ഒരു മരീചികയാണോ? യുദ്ധത്തിന്റെയും യുദ്ധശ്രുതിയുടെയും പടഹസ്വനങ്ങളുടെ ഇരമ്പങ്ങൾ കേൾക്കുകയും അന്തർദേശീയവും ദേശീയവുമായ സംഘർഷങ്ങൾ അന്തരീക്ഷത്തിൽ നിന്ന് ഒഴിഞ്ഞുപോകാതിരിക്കുകയും ചെയ്യുന്ന ഇക്കാലത്ത് മനുഷ്യൻ ആകുല ചിത്തനായി ചോദിക്കുന്ന ഒരു ചോദ്യമാണിത്.

മനുഷ്യവർഗ്ഗം ഒറ്റ സമൂഹമായിരുന്നു. വി. ഖുർആൻ പറയുന്നു: **'നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാകുന്നു ഒരേയൊരു സമുദായം' (2;93)** മനുഷ്യസമൂഹം സാങ്കേതിക പുരോഗതിയിലൂടെ ആഗോള സമൂഹമായി മാറിയിരിക്കുന്നു. ഗതാഗതവും വാർത്താ വിനിമയങ്ങളും സൈബർ ലോകവും നമ്മുടെ സമൂഹത്തെ ആഗോള ഗ്രാമമാക്കിയിരിക്കുന്നു. ഇതിനു വിരുദ്ധമായി മനുഷ്യസമൂഹത്തെ വിഭജിച്ചു കൊണ്ട് ദേശ രാഷ്ട്രങ്ങൾ ഒരു വശത്ത് ശക്തി പ്രാപിക്കുകയാണ്. ദേശീയ രാഷ്ട്രങ്ങൾ എന്നത് സമൂഹം പോലെ സ്വാഭാവികവും പ്രകൃതിയിൽ വേരുകളുമുള്ള ഒരു സംവിധാനമല്ല. അധികാരബലം കൊണ്ട് കൃത്രിമമായി സംഘടിപ്പിക്കപ്പെട്ട ഒരു സ്ഥാപനമാണത്. ഭൂമിയും അതിർത്തിയും ഭരണകൂടവും പട്ടാളവും ആയുധങ്ങളും അതിന് അനിവാര്യമാണ്. ഇത്തരം ബലിഷ്ഠമായ സന്നാഹങ്ങളും വിഭിന്ന ദേശീയതയും സത്വബോധവുമുള്ള രണ്ട് രാഷ്ട്രങ്ങൾ അടുത്തടുത്ത് നിൽക്കുമ്പോൾ അതിർത്തികൾ സംഘർഷഭരിതമാവുന്നു. മനുഷ്യന് ആഗോളീയമായി ഏകലോകം സൃഷ്ടിക്കാനുള്ള സാങ്കേതിക തികവ് വന്നെങ്കിലും ദേശീയതയിലും വംശീയതയിലും കെട്ടിപടുത്തിരിക്കുന്ന പരമാധികാര രാജ്യങ്ങൾ ഏകലോകം എന്ന മാനവ സങ്കൽപ്പം സാക്ഷാത്ക്കരിക്കാൻ വിഗാതമായി നിൽക്കുന്നു. സംഘർഷരഹിതവും ബഹുസ്വരവുമായ സമാധാനം എന്നത് മറ്റൊരു ഭൂമികയിൽ നിന്നാണ് ആരംഭിക്കേണ്ടത്.

ഇസ്ലാമിന്ന് ഏറ്റവും പ്രിയപ്പെട്ട ഒരാദർശമാണ് സമാധാനം. ഇസ്ലാം എന്ന പദത്തിന്റെ അർത്ഥം തന്നെ സമാധാനം എന്നാകുമ്പോൾ ദൈവ സ്മരണയുള്ള മനുഷ്യ ഹൃദയമാണ് അതിന് അധിഷ്ഠാനമായി വരുന്നത്. **'വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണകൊണ്ട് മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ, അറിയുക അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസ്സമാധാനം കൈവരുകയുള്ളൂ.'(13:29)** ഇസ്ലാമിക അദ്ധ്യാപനങ്ങൾ കാംഷിക്കുന്നത് പോലെ ആത്മീയവും സാമൂഹികവുമായ സമാധാനവും ലോകശാന്തിയും എല്ലാ മതങ്ങളിലെയും അടിസ്ഥാനപരമായ മൂല്യമാണ്. ഈ മത-മാനവിക മൂല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ മനുഷ്യഹൃദയത്തിനും മനുഷ്യസമൂഹത്തിനും സമാധാനം കൈവരുകയുള്ളൂ. വൈകാരികതക്ക് പ്രാമുഖ്യമുള്ള മതങ്ങൾ അധികാര ബലമുള്ള രാഷ്ട്രങ്ങളിൽ ഒരിക്കലും പങ്കാളിയാകരുത്.

സകല മനുഷ്യർക്കും അറിയാവുന്ന ഒരു അനിഷേധ്യ യാഥാർത്ഥ്യമാണ് മരണം. മനുഷ്യജീവിതത്തിന്റെ ക്ഷണികതയും അനിശ്ചിതത്വവുമാണ് മതം അഭിമുഖീകരിക്കുന്ന മുഖ്യ പ്രമേയം. മൂല്യങ്ങൾ ബലി കഴിച്ചു കൊണ്ട് നശ്വരമായ ഈ ലോകഭരണത്തിനു വേണ്ടി നാം ഇത്ര വീറോടെ പൊരുതേണ്ടതുണ്ടോ? യേശുവിന്റെ ഒരു ഉപദേശം ശ്രദ്ധിക്കുക.**'ഭൂമിയിൽ നിനക്കായി നിക്ഷേപങ്ങൾ സംഭരിച്ചു വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നുനശിപ്പിക്കും. കള്ളന്മാർ കുത്തിക്കവർന്നു കൊണ്ടു പോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗ്ഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതിവെക്കുക. കാരണം നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയം.'(മത്താ 6:19)** വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന ഈ സ്വർഗ്ഗീയ സമാധാന ചിന്തകൾ സാർവ്വ ദേശീയ പ്രസ്ഥാനമായി വളർന്നു വികസിക്കട്ടെ. അല്ലാഹു ഖുർആനിൽ പറയുന്നു: **'ഓരോരുത്തനും ഓരോ ലക്ഷ്യമുണ്ട് അതിന്റെ നേർക്ക് അവൻ (തന്റെ) ശ്രദ്ധ തിരിക്കുന്നു. അത്കൊണ്ട് നിങ്ങൾ സൽക്കാര്യങ്ങളിൽ അഹമഹമികയാ മുന്നേറുക. അതായിരിക്കണം നിങ്ങളുടെ ലക്ഷ്യം നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളെ ഒരുമിച്ചുകൂട്ടികൊണ്ടുവരും അല്ലാഹു (താൻ ഉദ്ദേശിക്കുന്ന) എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു.'(2: 199)**



ഹദ്റത്ത് അഹ്മദ് (അ)

# ജിഹാദും മൗലവിമാരും

മുഴുലോകരിലും അഭിമാനംകൊള്ളാവുന്ന തരത്തിൽ സഹനത്തിന്റെയും അക്രമരാഹിത്യത്തിന്റേയും ഉത്തമ സ്വഭാവങ്ങളുടെയും മാതൃക മുസൽമാന്മരുടെ പക്കലുള്ളപ്പോൾ ഈ മാതൃകയെ തീർത്തും കൈയ്യൊഴിഞ്ഞു കളഞ്ഞത് എന്തു മാത്രം ബുദ്ധിശൂന്യതയും ദൗർഭാഗ്യവും ദുർഗതിയുമാണ്! വിവരംകെട്ട മൗലവിമാർ- അല്ലാഹു അവർക്ക് സന്മാർഗ്ഗം പ്രദാനം ചെയ്യുമാറാകട്ടെ. മിണ്ടാപ്രാണികൾക്ക് സമാനരായ (നന്നേ സാധാരണമായ) ബഹുജനങ്ങളെ ചതിയിൽ വീഴ്ത്തുകയും വ്യക്ത മായ ദ്രോഹവും നിർദ്ദയത്വവും മനുഷ്യന്റെ സ്വഭാവ ധർമങ്ങൾക്ക് വിപരീതവുമായ പ്രവർത്തികളെ സ്വർഗ്ഗത്തിന്റെ താക്കോലാക്കി വിവരിക്കുകയും ചെയ്തിരിക്കയാണ്. ഉദാഹരണത്തിന്ന്, നമുക്ക് ഒരു ബന്ധവുമില്ലാത്ത പേരുപോലുമറിയാത്ത നമ്മെ ക്കുറിച്ച് തികച്ചും അജ്ഞാതനായ ഒരാൾ തന്റേതായ ഒരു കാര്യത്തിന്നായി അങ്ങാടിയിലൂടെ നടന്നു പോകുമ്പോൾ അയാളെ വധിച്ചുകളയാനുള്ള ഉദ്ദേശ്യത്തോടെ അയാൾക്ക് നേരെ പിസ്റ്റൾ പ്രയോഗിക്കുക എന്നത് നന്മയായിട്ടുള്ള ഒരു പ്രവർത്തിയാണോ? ഇതാണോ യഥാർത്ഥ ദീനി ബോധം. ഇത് നന്മയായ ഒരു കൃത്യമാണെങ്കിൽ ജന്തുക്കളല്ലേ നന്മ ചെയ്യുന്നതിൽ മനുഷ്യരേക്കാൾ മുൻപന്തിയിൽ. സുബ്ഹാനല്ലാഹ് ആ (മക്കയിലുണ്ടായിരുന്ന) അവർ എന്തു മാത്രം സ്ദവൃത്തരും നബിമാരുടെ പ്രകൃതം സ്വീകരിച്ചവരുമായിരുന്നു. തുണ്ടം തുണ്ടമാക്കപ്പെട്ടാലും തിന്മയെ ബലം കൊണ്ട് (അതായത് തിരിച്ച് തിന്മ പ്രവർത്തിച്ചുകൊണ്ട്) നേരിടരുതെന്ന് മക്കയിൽ വെച്ച് അവർക്ക് കൽപ്പന കിട്ടിയപ്പോൾ അവർ തങ്ങളുടെ കൈകൾക്ക് ബലമോ ചുമരുകൾക്ക് ബലമോ ഇല്ലാത്ത പിഞ്ചു പൈതങ്ങളെ പോലെ അശക്തരും നിസ്സാഹായരുമായിമാറി. അവരിൽ ചിലർ കൊലചെയ്യപ്പെട്ടത് ഇപ്രകാരമായിരുന്നു: രണ്ടു ഒട്ടകങ്ങളെ ഒരിടത്ത് നിർത്തി അവരുടെ ഓരോ കാലും ഓരോ ഒട്ടകത്തിന്റെ കാലിനോട് ബലമായി ചേർത്തു കൊട്ടിയശേഷം ഒട്ടകങ്ങളെ വിപരീത ദിശകളിലേക്ക് ഓടിച്ച് വിടുകയും അങ്ങനെ അവരുടെ ശരീരം കാരറ്റോ മുള്ളങ്കിയോ അരിഞ്ഞിടുന്നത് പോലെ രണ്ടു ചീന്തുകളായി ഛേദിച്ചുകളയുകയും ചെയ്തു. എന്നാൽ അഹോകഷ്ടം! മുസൽമാന്മാർ പ്രത്യേകിച്ച് മൗലവിമാർ ഈ സംഭവങ്ങളെല്ലാം അഗണ്യകോടിയിൽ തള്ളുകയാണ് ചെയ്തത്. ഇപ്പോൾ ലോകം മുഴുവൻ തങ്ങളുടെ ഇരകളാണെന്ന് കരുതുന്നു. ഏതെങ്കിലും ഒരു വേട്ടക്കാരൻ ഏതോ ഒരു വനത്തിൽ മാൻപേടയുണ്ടെന്നറിഞ്ഞാൽ ഒളിച്ചും പതുങ്ങിയും അതിന്റെ സമീപത്തെത്തി തക്കം നോക്കി അതിന്റെ നേർക്ക് വെടിയുതിർക്കുന്ന അതേതരത്തിൽ തന്നെയാണ് ഭൂരിപക്ഷം മൗലവിമാരും പെരുമാറുന്നത്.

മനുഷ്യത്വപരമായ സഹാനുഭൂതിയുടെയോ പാഠങ്ങളിൽ നിന്ന് ഒരക്ഷരം പോലും ഇവർ ഒരിക്കലും പഠിച്ചിട്ടില്ല. മറിച്ച് ഒന്നുമേ അറിയാത്ത ഒരു അപരിചിതന്റെ മേൽ പിസ്റ്റളോ തോക്കോ പ്രയോഗിക്കുന്നതാണ് ഇവരെ സംബന്ധിച്ചേട ത്തോളം ഇസ്‌ലാമിക ധർമ്മം. ഇവരുടെ കൂട്ടത്തിൽ സഹാബത്തിനെ പോലെ പ്രഹരമേൽക്കുകയും സഹനം കൈകൊള്ളുകയും ചെയ്യുന്നവർ ആരുണ്ട്? നമുക്ക് അറിവില്ലാത്ത നമ്മെ അറിഞ്ഞു കൂടാത്ത ഒരു വ്യക്തിയെ അയാൾ ചെയ്ത കുറ്റമെന്താണെന്ന് അറിയുകപോലും ചെയ്യാതെ വെറുതെ അയാളെ കുത്തിക്കൊല്ലുകയോ നിറയൊഴിച്ച് കഥകഴിച്ചു കളയുകയോ ചെയ്യാൻ അല്ലാഹു കൽപ്പന നൽകിയിട്ടുണ്ടോ? നിരപരാധിയായിരിക്കെ കുറ്റമൊന്നും ചെയ്യാതെ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കപ്പെടാത്ത ദൈവ ദാസന്മാരെ കൊന്നിട്ടാൽ നേരെ സ്വർഗ്ഗത്തിൽലെത്താമെന്ന് പഠിപ്പിക്കുന്ന മതം ദൈവത്തിൽ നിന്നുള്ളതാണോ? മുമ്പേ നമ്മോട് ഒരു ശത്രുതയും പുലർത്തിയിട്ടില്ലാത്ത ഒരാൾ തന്റെ കുട്ടികൾക്കായി മാർക്കറ്റിൽ നിന്ന് എന്തോ സാധനം വാങ്ങിക്കൊണ്ടിരിക്കെ ഒരു കാരണവുമില്ലാതെ ഒന്നുമറിയാത്ത അയാൾക്ക് നേരെ നിറയൊഴിക്കു കയും അയാളുടെ മക്കളെ അനാഥരാക്കുകയും അയാളുടെ ഭാര്യയെ വിധവയാക്കുകയും ഒരാളുടെ വീട്ടിൽ അലമുറകൾ സൃഷ്ടിക്കുകയും ചെയ്യണ മെന്ന് ഏത് നബി വചനത്തിലാണ് എഴുതി വെച്ചിട്ടുള്ളത്? ഏത് ഖുർആനിക വചനത്തിലാണ് രേഖപ്പെടിത്തിയിട്ടുള്ളത് ഈ വിവരം കെട്ടവൻ ജിഹാദ് എന്ന് പദം കേട്ടിരിക്കുന്നു. അതിന്റെ മറവിൽ സ്വേഛകൾ നേടുകയാണ് ചെയ്യുന്നത് അഥവാ ഭ്രാന്തെടുത്തപോലെ ചോരചിന്താനൊരുങ്ങുന്നു. ദൈവം ഉദാരനും കാരുണ്യവാനും ആർദ്രതയുള്ള വനും ക്ഷമകാട്ടുന്നവനുമത്രെ എന്നാൽ അവൻ അവസാന ഘട്ടത്തിൽ സാത്വികർക്ക് വേണ്ടി ആത്മ രോഷം പ്രകടിപ്പിക്കുന്നവൻ കൂടിയാകുന്നു (റൂഹാനി ഖസായിൻ ല്യം, 17 , പേജ് 11-13)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 ഫെബ്രുവരി 3-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# വിശുദ്ധ ഖുർആൻ: നിലക്കാത്ത അനുഗ്രഹങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആന്റെ അനുഗ്രഹങ്ങൾ വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: അതിന്റെ നിലക്കാത്ത അനുഗ്രഹങ്ങളുടെ പ്രവാഹം എന്നും തുടർന്നുകൊണ്ടിരിക്കുന്നു. അത് നബിതിരുമേനി(സ)യുടെ കാലത്ത് ഉണ്ടായിരുന്നതുപോലെ എല്ലാ കാലത്തും പ്രകടവും തിളക്കമാർന്നതുമാണ്.

വീണ്ടും ആ മഹാത്മാവ് പറയുന്നു: ഭൂരിഭാഗം മുസ്ലിംകളും വിശുദ്ധ ഖുർആനെ ഉപേക്ഷിച്ചുവെന്നത് ശരിയാണ്, പക്ഷേ, വിശുദ്ധ ഖുർആന്റെ പ്രകാശവും അനുഗ്രഹങ്ങളും അതിന്റെ പ്രഭാവങ്ങളും എല്ലായ്പ്പോഴും ജീവനുള്ളതും പുതുമയുള്ളതുമാണ്. ആകയാൽ, അത് തെളിയിക്കുന്നതിനുവേണ്ടി ഞാൻ ഈ സമയത്ത് അയക്കപ്പെട്ടിരിക്കുന്നു. അല്ലാഹു അതാതു കാലങ്ങളിൽ തന്റെ ദാസന്മാരെ തന്റെ സഹായത്തിനും പിന്തുണക്കുംവേണ്ടി അയച്ചുകൊണ്ടിരിക്കുന്നു. കാരണം

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحٰفِظُوْنَ

എന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. അഥവാ, തീർച്ചയായും നാം തന്നെയാണ് ഈ ദിക്ർ, അതായത് വിശുദ്ധ ഖുർആൻ ഇറക്കിയിട്ടുള്ളത്, നാം തന്നെയാണ് അതിന്റെ സംരക്ഷകനും.

ഈ കാലഘട്ടത്തിൽ അല്ലാഹു തിരുനബി(സ) യുടെ സത്യദാസനെ വിശുദ്ധ ഖുർആന്റെ പ്രചാരണത്തിനും സംരക്ഷണത്തിനുംവേണ്ടി അയക്കുകയുണ്ടായി. ജനങ്ങളിൽനിന്ന് മറഞ്ഞുകിടക്കുന്ന ജ്ഞാനങ്ങൾ ആദ്ദേഹത്തിന് പഠിപ്പിച്ചു. ആ മഹാത്മാവ് വന്നതുതന്നെ ലോകത്ത് വിശുദ്ധ ഖുർആന്റെ ഭരണം സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ, നാമധാരികളായ പണ്ഡിത വർഗം ആ മഹാത്മാവിന്റെ വാദത്തിന്റെ തുടക്കം മുതൽ തന്നെ അതിനെ എതിർക്കുക എന്നത് അവരുടെ ലക്ഷ്യ മാക്കി മാറ്റി. അവർ ഒരു തെളിവും ബുദ്ധിപരമായ ഒരു കാര്യവും

കേൾക്കാൻ കൂട്ടാക്കുന്നില്ല. കൂടാതെ പൊതുജനങ്ങളെ വഴിപിഴപ്പിക്കുകയും ചെയ്യുന്നു.

പാക്കിസ്ഥാനിൽ കാലാകാലങ്ങളിൽ, ഈ പണ്ഡിതന്മാർ പ്രകോപിതരാകുന്നു. അവരോടൊപ്പം പ്രശസ്തിയാഗ്രഹിക്കുന്ന വില കുറഞ്ഞ ചില രാഷ്ട്രീയക്കാരും സർക്കാർ ഉദ്യോഗസ്ഥരും ചേർന്നുകൊണ്ട് അഹ്മദികളെ പല കാരണങ്ങളാൽ അക്രമങ്ങൾക്ക് കുറിമാനമാക്കുന്നു. കഴിഞ്ഞ കുറച്ചുകാലമായി ഇക്കൂട്ടർ അഹ്മദികൾക്കെതിരെ വിശുദ്ധ ഖുർആനെ നിന്ദിച്ചുവെന്നും വളച്ചൊടിച്ചുവെന്നുമുള്ള കെട്ടിച്ചമച്ച കേസുകൾ ഉണ്ടാക്കാൻ പരിശ്രമിക്കുന്നു. അല്ലാഹു അവരുടെ ദ്രോഹങ്ങളിൽ നിന്ന് സംരക്ഷിക്കട്ടെ; ഈ വ്യാജവും ക്രൂരവുമായ ആരോപണത്തിൽ അറസ്റ്റിലായ അഹ്മദികളെ വേഗത്തിൽ മോചിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ അല്ലാഹു ഉണ്ടാക്കുമാറാകട്ടെ.

ഈ കാലഘട്ടത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മാത്രമാണ് ഖുർആനിക ജ്ഞാനങ്ങളും അധ്യാപനങ്ങളും മനസ്സിലാകുന്നത്. അഹ്മദിയ്യ ജമാഅത്ത് മാത്രമാണ് ലോകത്ത് ഈ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നത്. ഖുർആന്റെ മഹത്വത്തെയും പ്രാധാന്യത്തെയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വചനങ്ങളിലും രചനകളിലും നമുക്ക് നൽകിയ ജ്ഞാനം ഇന്ന് ഞാൻ വിവരിക്കുന്നതാണ്.

വിശുദ്ധ ഖുർആന്റെ സമ്പൂർണ്ണ അധ്യാപനത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: വിശുദ്ധ ഖുർആൻ അതിന്റെ അധ്യാപനങ്ങളിൽ സമ്പൂർണമാണെന്നതും അതിന് പുറത്ത് യാതൊരു സത്യവും ഇല്ലെന്നതുമാണ് എന്റെ മതം. എന്നാൽ അതിനോടൊപ്പം എന്റെ വിശ്വാസം എന്തെന്നാൽ, വിശുദ്ധ ഖുർആനിൽ നിന്നും എല്ലാ മതപരമായ വിഷയങ്ങളും വേർതിരിച്ചെടുക്കുന്നതും അനുമാനിക്കുന്നതും, അല്ലാഹുവിന്റെ ഇച്ഛയനുസരിച്ച് അതിന്റെ സങ്കീർണതയുടെ ശരിയായ വ്യാഖ്യാനം നൽകുന്നതും ഒരു ഗവേഷകന്റേയോ ഒരു മൗലവിയുടേയോ ജോലിയല്ല. അതിന്റെ വിശദാംശങ്ങളും വ്യാഖ്യാനങ്ങളും വിവരിക്കാനും ആഴത്തിൽചെന്ന് അതിന്റെ അറിവിന്റെയും ജ്ഞാനത്തിന്റെയും മുത്തുകൾ പുറത്തെടുക്കാനുമുള്ള കഴിവ് എല്ലാവർക്കും നൽകിയിട്ടില്ല. മാർഗദർശനത്തിന്റെ ആദ്യ ഉറവിടം ഖുർആനാണെന്ന് പ്രസ്താവിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്റെ അഭിപ്രായം എന്തെന്നാൽ, നിങ്ങളുടെ മാർഗദർശനത്തിനായി അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ നൽകിയിട്ടുണ്ട്. അതിൽ ഒന്നാമത്തേത്, അല്ലാഹുവിന്റെ ഏകത്വത്തെകുറിച്ചും, മഹിത പ്രതാപത്തെകുറിച്ചും പരാമർശിക്കുന്ന ഖുർആൻ ആണ്. അതിൽ ജൂതരിലും ക്രൈസ്തവരിലും ഉള്ള വിയോജിപ്പുകൾക്ക് തീരുമാനം കൽപ്പിക്കപ്പെട്ടിരിക്കുന്നു... അതിനാൽ നിങ്ങൾ ജാഗ്രത പാലിക്കുക, ദൈവിക അധ്യാപനങ്ങൾക്കും ഖുർആനിക നിർദേശങ്ങൾക്കും എതിരായി ഒരു ചുവട്പോലും വെക്കരുത്. ഖുർആനിലെ എഴുന്നൂറ് കൽപ്പനകളിൽ ഒന്ന് പോലും അവഗണിക്കുന്നവൻ സ്വകരങ്ങളാൽ മോക്ഷത്തിന്റെ കവാടം കൊട്ടിയടക്കുകയാണ് ചെയ്യുന്നതെന്ന് ഞാൻ സത്യമായും പറയുന്നു. കാരണം അല്ലാഹു എന്നെ അഭിസംബോധന ചെയ്തുകൊണ്ട് വെളിപാടിൽ പറഞ്ഞു: اَلْخَیْرُ کُلُّهٗ فِی الْقُرْاٰن അഥവാ എല്ലാത്തരം നന്മകളും ഖുർആനിലുണ്ട്. അതു തന്നെയാണ് സത്യവും.

വിശുദ്ധ ഖുർആനെ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് നൽകിക്കൊണ്ട് അല്ലാഹു നിങ്ങളെ വളരെയധികം അനുഗ്രഹിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾക്ക് ലഭിച്ച അനുഗ്രഹത്തെ വിലമതിക്കുക. ഇത് വളരെ പ്രിയപ്പെട്ട അനുഗ്രഹമാണ്, മഹത്തായ സമ്പത്താണ്. ഖുർആൻ വന്നില്ലായി

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്റെ അഭിപ്രായം എന്തെന്നാൽ, നിങ്ങളുടെ മാർഗദർശനത്തിനായി അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ നൽകിയിട്ടുണ്ട്. അതിൽ ഒന്നാമത്തേത്, അല്ലാഹുവിന്റെ ഏകത്വത്തെകുറിച്ചും, മഹിത പ്രതാപത്തെകുറിച്ചും പരാമർശിക്കുന്ന ഖുർആൻ ആണ്. അതിൽ ജൂതരിലും ക്രൈസ്തവരിലും ഉള്ള വിയോജിപ്പുകൾക്ക് തീരുമാനം കൽപ്പിക്കപ്പെട്ടിരിക്കുന്നു... അതിനാൽ നിങ്ങൾ ജാഗ്രത പാലിക്കുക, ദൈവിക അധ്യാപനങ്ങൾക്കും ഖുർആനിക നിർദേശങ്ങൾക്കും എതിരായി ഒരു ചുവട് പോലും വെക്കരുത്. ഖുർആനിലെ എഴുന്നൂറ് കൽപ്പനകളിൽ ഒന്ന് പോലും അവഗണിക്കുന്നവൻ സ്വകരങ്ങളാൽ മോക്ഷത്തിന്റെ കവാടം കൊട്ടിയടക്കുകയാണ് ചെയ്യുന്നതെന്ന് ഞാൻ സത്യമായും പറയുന്നു. കാരണം അല്ലാഹു എന്നെ അഭിസംബോധന ചെയ്തുകൊണ്ട് വെളിപാടിൽ പറഞ്ഞു: اَلْخَیْرُ کُلُّهٗ فِی الْقُرْاٰن അഥവാ എല്ലാത്തരം നന്മകളും ഖുർആനിലുണ്ട്. അതു തന്നെയാണ് സത്യവും.

രുന്നുവെങ്കിൽ ഈ ലോകം മുഴുവൻ വൃത്തികെട്ട മാംസപിണ്ഡത്തെ പോലെയാകുമായിരുന്നു. വിശുദ്ധ ഖുർആന് എതിരായിട്ടുള്ള മറ്റെല്ലാ മാർഗനിർദേശങ്ങളും വളരെ നിസാരമാണ്.

വിശുദ്ധ ഖുർആനെ ഖാത്തമുൽ കുത്തുബ് എന്ന് വിശേഷിപ്പിച്ചുകൊണ്ട് അവിടുന്ന് പറയുന്നു: നബി(സ) ഖാത്തമുന്നബിയ്യീന്നും വിശുദ്ധ ഖുർആൻ ഖാത്തമുൽ കുത്തുബും ആകുന്നു. ഇനി മറ്റൊരു കലിമയും നമസ്കാരവും ഉണ്ടാവുക സാധ്യമല്ല. നബിതിരുമേനി(സ) അരുളിയതും, ചെയ്തു കാണിച്ചതും, വിശുദ്ധ ഖുർആനിലുള്ളതും ഉപേക്ഷിച്ചുകൊണ്ട് മോക്ഷം ലഭിക്കുകയില്ല. അത് ഉപേക്ഷിക്കുന്നവൻ നരകത്തിൽ പോകുന്നതാണ്. ഇതാണ് ഞങ്ങളുടെ വിശ്വാസാദർശങ്ങൾ. എന്നാൽ ഇതോടൊപ്പം മറ്റൊരു സംഗതികൂടി ഓർക്കേണ്ടതുണ്ട്. ഈ ഉമ്മത്തിനുവേണ്ടി ദിവ്യഭാഷണത്തിന്റെ കവാടം തുറക്കപ്പെട്ടിരിക്കുന്നു. ദൈവിക സംഭാഷണത്തിന്റെ കവാടം തുറന്നിരിക്കുന്നു. അത് അടഞ്ഞു പോയിട്ടില്ല. ഈ കവാടം വിശുദ്ധ ഖുർആന്റെയും നബിതിരുമേനി(സ)യുടെയും സത്യതയ്ക്കുള്ള പുതുസാക്ഷ്യമായി എന്നും നിലകൊള്ളുന്നു.

മനുഷ്യൻ നാവുകൊണ്ട് മാത്രം കലിമ ഉരുവിടാതെ, അതിനെ വാസ്തവത്തിൽ ഗ്രഹിക്കണമെന്നാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. സ്വർഗനരകങ്ങളിൽ കാല്പനികമായി വിശ്വാസം കൊള്ളാതെ ഈ ലോകത്തു തന്നെ സ്വർഗീയാവസ്ഥകൾ ശരിയാംവണ്ണം അറിയുകയാണുവേണ്ടത്. ഇഹലോകം, സ്വർഗതുല്യമാകും വിധം നന്മകൾ ചെയ്യുകയും പ്രാകൃത മനുഷ്യരുടെ പാപങ്ങളിൽനിന്ന് മുക്തി നേടുകയും ചെയ്യുക. ഇതായിരുന്നു ഇസ്‌ലാമിന്റെ മഹത്തായ ലക്ഷ്യം. മറ്റൊരു മതത്തിനും സമാനമായൊന്ന് തങ്ങളുടെ മതങ്ങളിൽ അവതരിപ്പിക്കാൻ കഴിയാത്തവിധം പാവനമായ ലക്ഷ്യമാണിത്. ഇതിനു മാതൃക കാണിക്കാനും അവർക്കാവില്ല.

ആകയാൽ, വാഗ്ദത്ത മസീഹ്(അ)ൽ വിശ്വസിക്കുന്നവർ ഇന്ന് ഈ നിലവാരം സ്വായത്തമാക്കേണ്ടതുണ്ട്; ലോകത്തോടു പറയേണ്ടതുണ്ട്. നമ്മുടെ മേൽ കുഫ്റ് ഫത്‌വ പുറപ്പെടുവിക്കുന്നവർക്ക് അഹ്മദികൾ വെറും കഥകൾ മാത്രം പറയുന്നവരല്ലെന്നും ജീവൽ ഗ്രന്ഥത്തിലും ജീവൽ ദൂതനിലും വിശ്വസിക്കുന്നവരുടെമേൽ ദിവ്യാനുഗ്രഹങ്ങൾ ഇന്നും ഇറങ്ങുമെന്ന് വിശ്വസിക്കുന്നവരാണെന്നും കാണിച്ചു കൊടുക്കേണ്ടതുണ്ട്. അല്ലാഹു ഇന്നും സംസാരിക്കുന്നുവെന്ന് വിശ്വസിക്കുന്നവരാണവർ.

ഹ: മസീഹ് മൗഊദ്(അ) പറയുന്നു: ഖാത്തമുൽ മുഅ്മിനീനും ഖാത്തമുൽ ആരിഫീനും ഖാത്തമുന്നബിയ്യീനുമായ നബിയെ അല്ലാഹു നമുക്ക് നല്കി. അതുപോലെ, ഖാത്തമുൽ ഖുത്തുബായ ഒരു സമഗ്ര ഗ്രന്ഥം അവൻ അദ്ദേഹത്തിൽ ഇറക്കി.

വിശുദ്ധ ഖുർആനെ വിശ്വസിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവിടുന്ന് പറയുന്നു: വിശുദ്ധ ഖുർആനേയും തിരുനബി(സ)യേയും അനുഗമിക്കുന്നതിൽ നിന്ന് അൽപംപോലും വ്യതിചലിക്കുന്നത് വിശ്വാസരാഹിത്യമായി ഞാൻ കരുതുന്നു. അതിൽ നിന്ന് അൽപംപോലും അശ്രദ്ധ കാണിക്കുന്നവൻ നരകാവകാശിയാണെന്നതാണ് എന്റെ വിശ്വാസം.

വിശുദ്ധ ഖുർആനും പ്രകൃതിനിയമവും തമ്മിലുള്ള യോജിപ്പിനെ വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: മനുഷ്യനാകുന്ന വൃക്ഷത്തിന്റെ എല്ലാ ശാഖകളെയും പരിപോഷിപ്പിക്കുന്ന വിശുദ്ധ ഖുർആന്റേതാണ് പരിശുദ്ധവും പൂർണവുമായ അധ്യാപനം. വിശുദ്ധ ഖുർആൻ ഒരു വശം മാത്രം ഊന്നൽ നൽകുന്നില്ല. ചിലപ്പോൾ അത് ക്ഷമയും വിട്ടുവീഴ്ചയും പഠിപ്പിക്കുന്നു. എന്നാൽ ക്ഷമിക്കുന്നതിന് സൽഫലം ഉണ്ടാകണമെന്ന ഉപാധിയും വെച്ചിട്ടുണ്ട്. ചിലപ്പോൾ അവസരോചിതമായി കുറ്റവാളിയെ ശിക്ഷിക്കാൻ പറയുന്നു. ചുരുക്കത്തിൽ നമ്മുടെ കൺമുന്നിൽ ദൈവത്തിന്റെ പ്രകൃതിനിയമത്തിന്റെ നേർചിത്രമാണ് യഥാർത്ഥത്തിൽ വിശുദ്ധ ഖുർആൻ. ദൈവത്തിന്റെ വാക്കും പ്രവൃത്തിയും സമാനമായിരിക്കുമെന്നത് തികച്ചും യുക്തിപരമാണ്. അതായത് ദൈവത്തിന്റെ പ്രവർത്തനങ്ങൾ നമുക്ക് കാണാനാകുന്ന രൂപഭാവങ്ങൾക്ക് അനുസൃതമായിരിക്കണം അല്ലാഹുവിന്റെ സത്യഗ്രന്ഥത്തിന്റെ അധ്യാപനങ്ങൾ എന്നത് അനിവാര്യമാണ്.

ആ മഹാത്മാവ് പറഞ്ഞു: ഈ കാലഘട്ടത്തിലും ദൈവം കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നുവെന്ന് സമർഥിക്കുന്ന മതമാണ് യഥാർഥ മതം. അതിനാൽ, യഥാർത്ഥ മതത്തിൽ, ദൈവം തന്റെ വചനങ്ങളാലും അഭിസംബോധനകളാലും തന്റെ അസ്തിത്വത്തെക്കുറിച്ച് സ്വയം അറിയിക്കുന്നു. ദൈവത്തെ തിരിച്ചിയുകയെന്നത് വളരെ പ്രയാസകരമായ കാര്യമാണ്. അത് ഭൗതികരായ ജ്ഞാനികളുടെയും തത്ത്വചിന്തകരുടെയും പ്രവർത്തനമല്ല. എന്തെന്നാൽ ആകാശഭൂമികളെ കണ്ടുകൊണ്ട് ഈ യുക്തിഭദ്രവും ഉദാത്തവുമായ വ്യവസ്ഥിതിക്ക് ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കണമെന്ന് മാത്രമേ തെളിയിക്കാൻ ആകുകയുള്ളൂ. എന്നാൽ യഥാർത്ഥത്തിൽ ആ നിർമ്മാതാവ് ഉണ്ടെന്ന് അതിലൂടെ തെളിയിക്കപ്പെടുന്നില്ല. ഉണ്ടാകേണ്ടതുണ്ട് അഥവാ ഉണ്ട് ഇവ തമ്മിലുള്ള വ്യത്യാസം വ്യക്തമാണ്. അതിനാൽ, ആ അസ്തിത്വത്തെ കുറിച്ച് യഥാർത്ഥത്തിൽ വെളിപ്പെടുത്തുന്നത് വിശുദ്ധ ഖുർആൻ മാത്രമാണ്.

ശേഷം പേജ് 16 ൽ

# ദൈവത്തെ എങ്ങനെ പ്രാപിക്കാം

വാഗ്ദത്ത മസീഹ് 1906 ഡിസംബർ 27-ാം തീയതി ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ വാർഷിക സമ്മേളനത്തിൽ ചെയ്ത മുഖ്യപ്രഭാഷണമാണിത്. ഇതിൽ പരിശുദ്ധ കലിമയുടെ യഥാർത്ഥ്യം, നമസ്ക്കാരത്തിന്റെ പ്രാധാന്യം, അല്ലാഹുവിന്റെ ഏകസത്ത, ഇസ്ലാമിന്റെ അഞ്ചു അനുഷ്ഠാന കർമ്മങ്ങൾ എന്നീ ശിക്ഷണപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നു. പ്രസ്തുത പ്രഭാഷണത്തിന്റെ വിവർത്തനമാണ് ഈ ലേഖനം.
വിവ: മൗലാനാ മുഹമ്മദ് ഉമർ (മർഹൂം)

ഹദ്റത്ത് അഹ്മദ് (അ)

സഹോദരന്മാരെ ശ്രദ്ധാപൂർവം ശ്രവിക്കുക. എന്റെ ശരീരത്തിന് സുഖം പോര നിന്നുകൊണ്ട് ദീർഘനേരം സംസാരിക്കുവാൻ എനിക്ക് സാധ്യമല്ല. എന്നിട്ടും എന്റെ വാക്കുകൾ കേൾക്കുവാൻ ദൂരെ ദൂരെ സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ വന്നിരിക്കുന്നതുകൊണ്ട് ഞാൻ ഒന്നും പറയാതിരിക്കുന്നത് കുറ്റമാണെന്ന് കരുതുന്നു. അതുകൊണ്ട് ശരീരാസ്വസ്ഥ്യം ഉണ്ടായിട്ടും അല്ലാഹു എനിക്ക് തന്ന ഹിദായത്തിനെ നിങ്ങളിൽ എത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തങ്ങൾ മുസ്ലിംകളാണെന്നും ലാ ഇലാഹ ഇല്ലല്ലാഹു എന്ന് കലിമ ഉരുവിടുന്നവരാണെന്നും ഉള്ളത്കൊണ്ട് മാത്രം നിങ്ങൾ സംതൃപ്തരാവരുത്. ഞാൻ പലവുരു പറഞ്ഞിട്ടുള്ളതാണിത്. അല്ലാഹു വെറും അധര വ്യായാമം കൊണ്ടും വെറും പറച്ചിൽ കൊണ്ടും ഒരിക്കലും സംതൃപ്തനാവുന്നതല്ല എന്ന കാര്യം ഖുർആൻ പാരായണം ചെയ്യുന്നവർക്ക് ബോധ്യമാവും. പ്രവർത്തിക്കുകയും കർമപരമായി തങ്ങളിൽ ഒരു പരിവർത്തനം വരുത്തുകയും ചെയ്യുന്നത് വരെ വെറും വാക്കുകളാൽ ഒരു നന്മയും മനുഷ്യനിൽ സംജാതമാകുന്നില്ല. യഹൂദികളിലും ഒരു കാലം ഉണ്ടായിരുന്നു. അവരിൽ വെറും വാചാലാതയും വാചകമടികളാൽ മാത്രം തൃപ്തിപ്പെടുന്ന അവസ്ഥയും ഉണ്ടായിരുന്നു. നാവുകൊണ്ട് പലതും പറയാമെങ്കിലും ഹൃദയങ്ങളിൽ വിവിധ തരത്തിലുള്ള മലിനമായ ചിന്താഗതികളും വിഷലിപ്തമായ വിചാരങ്ങളും നിറഞ്ഞു കിടന്നിരുന്നു. അതുകൊണ്ടാണ് ആ സമുദായത്തിനു പല വിധത്തിലുള്ള ശിക്ഷകളും ഇറങ്ങുകയുണ്ടായത്. അവർക്ക് പല വിധത്തിലുള്ള ആപത്തുകളും പരീക്ഷണങ്ങളും ഇറക്കി. അവർ അപമാനിതരായി. അവരെ കുറിച്ച് പന്നികളെന്നും കുരങ്ങുകളെന്നും വിശേഷിപ്പിച്ചു.

ശ്രദ്ധേയമായ കാര്യമാണിത്. അവർ തൗറാത്തിൽ വിശ്വാസിച്ചിരിന്നില്ലേ? തീർച്ചയായും വിശ്വസിച്ചിരുന്നു. നബിമാരിലും വിശ്വസിച്ചിരുന്നു. എന്നാൽ വെറും നാവുകൊണ്ടുള്ള വിശ്വാസ പ്രകടനത്തെ അല്ലാഹു ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം അവരുടെ ഹൃദയങ്ങൾ നാവുകൾക്കനുസൃതമായതായിരുന്നില്ല. ഒരു കാര്യം നന്നായിട്ട് മനസ്സിലാക്കുക. ഒരാൾ നാവുകൊണ്ട് താൻ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നും റസൂൽ തിരുമേനി (സ) അല്ലാഹുവിന്റെ ദൂതനാണെന്നും അതേ പ്രകാരം എല്ലാ ഈമാനിയായ കാര്യങ്ങളിലും വിശ്വസിക്കുന്നവനാണെന്നും പറയുന്നുവെങ്കിലും ഈ പ്രതിജ്ഞ വെറും നാവുകൊണ്ട് മാത്രമായി പറയുകയും ഹൃദയം ഏറ്റു പറയാതിരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതൊരു വെറും വായ്കൊണ്ടുള്ള പറയൽ മാത്രമായിരിക്കും ഏത്വരെ മനുഷ്യന്റെ ഹൃദയം ഈമാൻ കൊള്ളുന്നില്ലയോ അതുവരെ അവനു മോക്ഷം ലഭിക്കുന്നതല്ല. പ്രവൃത്തി മുഖേന തന്റെ വിശ്വാസം പ്രകടമാകാത്തത് വരെ ഉണ്ടാകുന്നതല്ല.

ഞാൻ സത്യമാണ് പറയുന്നത്, ഏത്വരെ എല്ലാം തന്നെ ത്യജിച്ചുകൊണ്ട് അല്ലാഹുവിലേക്ക് ശ്രദ്ധ ചെലുത്തുകയും യഥാർത്ഥത്തിൽ ദുൻയാവിനേക്കാൾ ദീനിനു പ്രാധാന്യം കല്പിക്കുകയും ചെയ്യുന്നില്ലയോ മനുഷ്യനു തന്റെ ജീവിതോദ്ദേശ്യം സഫലമായിത്തീരുന്നതല്ല.

നോക്കുക, മനുഷ്യന് സൃഷ്ടികളെ വഞ്ചിക്കുവാൻ സാധിക്കും. ഒരാളെ കുറിച്ച് അയാൾ അഞ്ച് നേരം നമസ്കരിക്കുന്നയാളാണെന്നും വളരെയധികം നന്മകൾ

ചെയ്യുന്ന ആളാണെന്നും കരുതി ജനങ്ങളെ വഞ്ചിക്കപ്പെടാൻ സാധിക്കും. എന്നാൽ അല്ലാഹുവിനെ വഞ്ചിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങളിലും കർമങ്ങളിലും ആത്മാർത്ഥത ഉണ്ടാകേണ്ടതാണ്. ഈയൊരു കാര്യമാണ് കർമങ്ങളിൽ സൗന്ദര്യവും സഫലതയും സംജാതമാകുന്നതും.

നാം ദിവസവും ചൊല്ലുന്ന കലിമയുടെ അർത്ഥമെന്താണ്? തന്റെ ആരാധ്യനും അനുരക്തനും ജീവിത ലക്ഷ്യവും അല്ലാഹു ഒരുവൻ മാത്രമാണെന്ന് നാവുകൊണ്ട് ഏറ്റു പറയുകയും ഹൃദയം കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യുകയാണല്ലോ കലിമയുടെ ഉദ്ദേശ്യം. ഇലാഹ് എന്ന വാക്ക് മഹ്ബൂബ്, മഖ്സൂദ്, മഅ്ബൂദ്, എന്നതിനാണ് ഉലയുക്തമായിട്ടുള്ളത്. മുസ്‌ലിംകൾക്ക് പഠിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആന്റെ എല്ലാ അധ്യാപനങ്ങളുടെയും സംക്ഷിപ്തമാണ് കലിമ. ബൃഹത്തായ ഒരു ഗ്രന്ഥം ഹൃദിസ്ഥമാക്കുക എളുപ്പമല്ല. അതുകൊണ്ട് എപ്പോഴും മനുഷ്യൻ ഇസ്‌ലാമികാധ്യാപനങ്ങളുടെ സത്ത സ്വാംശീകരിക്കാൻ ഈ കലിമ പഠിപ്പിച്ചു തന്നിരിക്കുകയാണ്. ഏത്വരെ ഈ യാഥാർത്ഥ്യം മനുഷ്യനിൽ സംജാതമാകുന്നില്ലയോ അത്വരെ യഥാർത്ഥമായ മോക്ഷം പ്രാപ്തമാക്കുന്നില്ല എന്നത് ഒരു സത്യം മാത്രമാണ്. അതുകൊണ്ടാണ് തിരുനബി (സ) പറഞ്ഞത്. ഏതൊരാൾ സത്യഹൃദയത്തോടെ ലാഇലാഹ ഇല്ലല്ലാഹ എന്ന് വിശ്വസിക്കുന്നുവോ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. (ബുഖാരി) പറഞ്ഞത്. തത്ത ഉരുവിടുന്നത്പോലെ ലാഇലാഹ ഇല്ലല്ലാഹ് എന്നുരുവിട്ടു കൊണ്ടിരിക്കുകയാണെങ്കിൽ സ്വർഗത്തിൽ പ്രവേശിക്കാം എന്ന് ചിലർ തെറ്റായി കരുതുന്നു. ഈയൊരു കാര്യം മാത്രം ഇതിലടങ്ങിയിട്ടുണ്ടെങ്കിൽ പിന്നെ എല്ലാ കർമ്മങ്ങളും വ്യർത്ഥവും ഉപയോഗശൂന്യവും ആയിത്തീരുന്നതാണ്. ശരീഅത്ത് അതുകൊണ്ട് (മആദല്ലാഹ്) അർത്ഥശൂന്യമായതായിത്തീരും. മറിച്ച് അതിന്റെ യാഥാർത്ഥ്യമിതാണ്. ഇതിൽ ഉള്ളടക്കം ചെയ്യപ്പെട്ട ഉദ്ദേശ്യം, മനുഷ്യന്റെ ഹൃദയത്തിൽ അതിന്റെ പ്രായോഗികരൂപത്തിൽ പതിഞ്ഞെങ്കിൽ മാത്രമേ ഈ കാര്യം സംജാതമാവുകയുള്ളൂ. അങ്ങനെയുള്ള ആൾ യഥാർത്ഥത്തിൽ സ്വർഗത്തിൽ പ്രവേശിക്കുന്നു. മരണത്തിനു ശേഷം മാത്രമല്ല, ഇതേ ജീവിതത്തിൽ തന്നെ അയാൾക്ക് സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ്.

അല്ലാഹുവിനെ കൂടാതെ മനുഷ്യന്ന് മറ്റൊരു മഹ്ബൂബും. മഖ്സൂദും ഇല്ലെന്നിരിക്കെ ഒരു കാര്യം വേഗത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതായത് ഒരു ദുഃഖവും ബുദ്ധിമുട്ടും അവരെ കഷ്ടപ്പെടുത്തുന്നില്ല. അബ്ദാലീംങ്ങൾക്കും ഖുത്ത്ബീങ്ങൾക്കും ഉള്ള സ്ഥാനമാണിത്.

ഞങ്ങളെപ്പോഴാണ് വിഗ്രഹാരാധന നടത്തിയിരുന്നത്. ഞങ്ങളും അല്ലാഹുവിനെ തന്നെയാണല്ലോ ആരാധിക്കുന്നത് എന്ന് നിങ്ങൾ വിചാരിക്കരുത്. മനുഷ്യൻ ബിംബങ്ങളെ ആരാധിക്കുന്നതും താഴ്ന്ന പടിയിലുള്ള കാര്യമാണ്. യാഥാർത്ഥ്യങ്ങൾ അറിയുന്ന ഹിന്ദുക്കൾ ബിംബാരാധന ഉപേക്ഷിച്ച് വരികയാണ്. മനുഷ്യനെയോ ബിംബങ്ങളെയോ ആരാധിക്കുകയല്ല മഅ്ബൂദിന്റെ ഉദ്ദേശ്യമായിട്ടുള്ളത്. വേറെയും മഅ്ബൂദുകളുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: സുഖലോലുപതയും ഭൗതിക സുഖാസക്തിയും മഅ്ബൂദുകളാണ്. നഫ്സിന്റെ ഉൽക്കറ്റമായ ആഗ്രഹ നിവർത്തിക്കായി തന്റെ ഇച്ഛകളെ പിൻപറ്റുകയും അതിനായി മരിക്കുകയും ചെയ്യുന്ന ആരും വിഗ്രഹാരാധകനും മുശ്രിഖുമാണ്.

ഇവിടെ വന്ന 'ലാ' എന്ന പ്രയോഗം ധാതുവിനെ നിഷേധിക്കാൻ വേണ്ടി മാത്രമുള്ളതല്ല. ലാ എന്ന പ്രയോഗം ആന്തരികമോ ബാഹ്യമോ ആയ എല്ലാ ആരാധ്യവസ്തുക്കളെയും നിഷേധിക്കുന്ന ഒന്നാണ്. ഹൃദയത്തിൽ വിഗ്രഹമായതോ അല്ലാത്തതോ ആയ എല്ലാ ആരാധ്യ വസ്തുവെയും അത് നിഷേധിക്കുന്നു. ഉദാഹരണമായി ഒരാൾ ഭൗതിക വസ്തുക്കളാൽ തവക്കൽ ചെലുത്തുകയാണെങ്കിൽ അതു ഒരു വിധത്തിലുള്ള വിഗ്രഹമാണ്. അതു പോലുള്ള വിഗ്രഹാരാധന ആന്തരികമായ മനുഷ്യനെ നശിപ്പിക്കുന്ന ക്ഷയരോഗം പോലെയാണ്. വലിയ തരത്തിലുള്ള വിഗ്രഹത്തെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കുന്നതാണ്. എളുപ്പത്തിൽ അതിൽ നിന്നും മോചനം ലഭ്യമാണ്. ആയിരക്കണക്കിലും ലക്ഷക്കണക്കിലുമുള്ളവർ അവയെ വിട്ടുപിരിയുന്നതായി ഞാൻ കാണുന്നു. ഹിന്ദുക്കൾ നിറഞ്ഞിരുന്ന ഈ നാട്ടിൽനിന്നും മാണല്ലോ എല്ലാ മുസ്‌ലിംകളും വന്നത്? അവർ ബിംബാരാധന ഉപേക്ഷിച്ചവരല്ലെ? ഹിന്ദുക്കളിൽ തന്നെ പല വിഭാഗങ്ങൾ ബിംബാരാധന ഉപേക്ഷിച്ചവരല്ലെ? എന്നാൽ ബിംബാരാധന എന്നതുകൊണ്ട് ഇത് മാത്രമല്ല ഉദ്ദേശ്യം. ഇത് ബാഹ്യമായ രീതിയിലുള്ള സ്ഥൂലമായ ബിംബാരാധനയാണ്. എന്നാൽ ആയിരക്കണക്കിലുള്ള ബിംബങ്ങൾ മനുഷ്യൻ തന്റെ തോളിൽ കയറ്റി നടക്കുകയാണ്. ഫിലോസഫിയെന്നും മൻത്വാഖി എന്നു പറയുന്നവർക്കും അവയെ തങ്ങളുടെ അന്തരങ്ങളിൽ നിന്നും നീക്കുവാൻ സാധിക്കുന്നില്ല. വാസ്തവമെന്തെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഈ കീടങ്ങൾ അവയുടെ രംഗത്ത് നിന്നും പുറത്ത് പോകുന്നില്ല. വളരെ സൂക്ഷ്മമായ കീടങ്ങളാണത്. ഏറ്റവും അധികം നഷ്ടം ഇതുകൊണ്ടാണ് മനുഷ്യനു ഉണ്ടാകുന്നത്. തങ്ങളുടെ നഫ്സിന്റെ വികാരങ്ങൾക്കടിമപ്പെട്ട് അല്ലാഹുവിനോടുള്ള ബാധ്യതകളിൽ നിന്നും അതിർവരമ്പുകളിൽ നിന്നും പുറത്താവുകയും അതേ പ്രകാരം സൃഷ്ടികളുടെ അവകാശങ്ങളെ

നശിപ്പിക്കുകയും ചെയ്യുന്നവർ വിദ്യാഭ്യാസമില്ലാത്തവരല്ല. അവരിൽ ആയിരക്കണക്കിലുള്ള മൗലവി ഫാസിലുകളും പണ്ഡിതന്മാരും ഫഖീഹുമാർ സൂഫിമാർ എന്നു പറയുന്നവർ ഉണ്ട്. എന്നിട്ടും ഇത്തരം കാര്യങ്ങളുള്ള രോഗികളാണിവർ. ഈ ബിംബങ്ങളിൽ നിന്നും മോചനം ലഭിക്കുക എന്നത് ധീരമായ കാര്യമാണ്. ഈ രോഗങ്ങളെ അറിയുക എന്നതാന് സാമർത്ഥ്യം. ഈ ബിംബങ്ങൾ കാരണമായിട്ടാണ് പരസ്പരം കാപട്യം ഉണ്ടാകുന്നതും ആയിരക്കണക്കിനുള്ള കൊലപാതകങ്ങൾ ഉണ്ടാകുന്നതും. ഒരു സഹോദരൻ മറ്റൊരു സഹോദരന്റെ അവകാശം ധ്വംസിക്കുന്നു. ഇതു പോലുള്ള ആയിരക്കണക്കിനുള്ള തിന്മകൾ അവ മൂലം ഉണ്ടാകുന്നു. ഓരോ ദിവസവും ഓരോ നിമിഷവും ഉണ്ടാകുന്നു. ഇവർ ഭൗതിക വസ്തുക്കളിൽ എത്രമാത്രം വിശ്വാസമർപ്പിച്ചിരിക്കുന്നുവെന്നാൽ ദൈവത്തെ വ്യർത്ഥമായ ഒരവയമായി ഗണിക്കുകയാണ്. തൗഹീദിന്റെ യഥാർത്ഥ ഉദ്ദേശ്യം മനസ്സിലാക്കിയവർ വളരെ കുറവാണ്. അവരോട് പറയപ്പെടുകയാണെങ്കിൽ തങ്ങൾ മുസ്ലിംകളല്ലെ? കലിമയല്ലെ ചൊല്ലുന്നത്? എന്നാൽ പരിതാപമെന്ന് പറയട്ടെ. വായകൊണ്ട് കലിമ ഉച്ചരിച്ചാൽ മതി എന്നവർ കരുതുകയാണ്.

മനുഷ്യൻ കലിമ ത്വയ്യിബയുടെ പ്രാധാന്യം മനസ്സിലാക്കുകയും അതിനെ പ്രാവർത്തികമാക്കുകയും ചെയ്യുകയാണെങ്കിൽ അത് തന്നെ വലിയ പുരോഗതിയാണ്. എന്ന് മാത്രമല്ല അവന് അല്ലാഹുവിന്റെ വിസ്മയകരമായ ശക്തി കാണുവാൻ സാധിക്കുന്നതാണ്. ഒരു കാര്യം നന്നായിട്ട് ഓർമ്മയിലിരിക്കട്ടെ, ഞാനേതൊരു സ്ഥാനത്താണോ പ്രവർത്തിക്കുന്നത് അത് ഒരു സാധാരണ ഉപദേശകന്റെ സ്ഥാനമോ ഒരു കാഥികന്റെ സ്ഥാനമോ അല്ല. ഞാൻ സാക്ഷി പറയുവാനാണ് എത്തിയിരിക്കുന്നത്. അല്ലാഹു എനിക്ക് നല്കിയ സന്ദേശം എത്തിക്കുകയാണ്. ആരെങ്കിലും അത് കേൾക്കുകയോ കേൾക്കാതിരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യട്ടെ. എനിക്കതിൽ ഒരാശങ്കയുമില്ല തന്നെ. അതിന്റെ ഉത്തരം നിങ്ങൾ സ്വയം നല്കുന്നതാണ്. ഞാനെന്റെ കടമ നിർവഹിക്കുകയാണ്. ധാരാളം പേർ എന്റെ ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നു. അവർ തൗഹീദിനെ ഏറ്റു പറയുകയും ചെയ്യുന്നു. ഏതൊരാൾ തന്റെ സഹോദരന്റെ അവകാശത്തെ ധ്വംസിക്കുകയോ വിശ്വാസവഞ്ചന നടത്തുകയോ ഇത്തരത്തിലുള്ള തിന്മകളിൽ നിന്നും വിട്ടു നില്ക്കുകയോ ചെയ്യുന്നില്ലയോ അയാൾ തൗഹീദിൽ വിശ്വസിക്കുന്ന ആളാണെന്ന് എനിക്കുറപ്പില്ല. കാരണം തൗഹീദ് എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അതു ലഭിച്ചയാളിൽ അത്ഭുതകരമായ ഒരു പരിവർത്തനം സംജാതമാകുന്നു. ആ ആളിൽ വിദ്വേഷം, പക, അസൂയ, പ്രകടനം എന്നീ ബിംബങ്ങൾ ഉണ്ടാകുന്നില്ല. അവർക്ക് ദൈവിക സാമീപ്യം ലഭ്യമാകുന്നു. ഈ പരിവർത്തനം അയാളിൽ ഉണ്ടാകുന്നത് അയാളിൽ നിന്നും ആന്തരികമായ അഹംഭാവം, അഹന്ത, പ്രകടനം, പക, ശത്രുത, അസൂയ, പിശുക്ക്, കാപട്യം പ്രതിജ്ഞാലംഘനം എന്നീ ബിംബങ്ങളിൽ നിന്നും അകന്നു യഥാർത്ഥ ഏകദൈവ വിശ്വാസി ആയിത്തീരുമ്പോഴാണ്. ഏത്വരെ ബിംബങ്ങൾ അന്തരംഗത്ത് കൂടിയിരുന്നുവോ അതുവരെ ലാഇലാഹ എന്നു പറയുന്നതിൽ എന്ത് യാഥാർത്ഥ്യമാണുള്ളത്? കാരണം അതിൽ തവക്കലിന്റെ നിഷേധമാണുള്ളത്. വെറും വായകൊണ്ട് താൻ അല്ലാഹുവിനെ പറ്റി അവൻ ഒരു പങ്കുകാരനുമില്ലാത്ത ഏകനാണെന്നു പറയുന്നതുകൊണ്ട് ഒരു പ്രയോജനവും ഇല്ലതന്നെ. ഇവിടെ വായ്കൊണ്ട് കലിമ ചൊല്ലുന്നു. എന്നാൽ തന്റെ ഇഷ്ടത്തിനും സ്വഭാവത്തിനും നിരക്കാത്തതെന്തെങ്കിലും ഉണ്ടാവുകയാണെങ്കിൽ ഉടനെ ക്രോധവും കോപവും അയാളിൽ ജ്വലിക്കുന്നു.

ഒരു കാര്യം നിങ്ങൾ എപ്പോഴും ഓർക്കേണ്ടതാണെന്ന് ഞാൻ പലവുരു ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതാണ്. ഏത്വരെ ഈ നിഗൂഢമായ ആരാധ്യവസ്തുക്കൾ നിലനില്ക്കുന്നുവോ ഒരു യഥാർത്ഥ ഏകദൈവ വിശ്വാസിക്കു ലഭിക്കുന്ന സ്ഥാനം അതുവരെ നിങ്ങൾക്ക് ലഭിക്കുമെന്ന് ഒരിക്കലും നിങ്ങൾ പ്രതീക്ഷിക്കരുത്. എലി നിലനില്ക്കുന്നത് വരെ പ്ലേഗിൽ നിന്ന് രക്ഷപ്പെടാമെന്ന് ഒരിക്കലും കരുതരുത്. അതേപ്രകാരം ഈ എലി അന്തരംഗത്തിൽ നിലനില്ക്കുന്നത് വരെ ഈമാന് അപായമുണ്ട്. ഞാൻ പറയുന്നത് സശ്രദ്ധം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുന്നതിനായി കാലെടുത്തു വെക്കുകയും ചെയ്യുക. ഇന്നത്തെ ഈ സദസ്സിൽ സന്നിഹിതരായവരിൽ ഭാവിയിൽ ആരൊക്കെ ഉണ്ടാകും ആരൊക്കെ ഉണ്ടാവുകയില്ല എന്ന് എനിക്കറിയില്ല ഇത്കൊണ്ടുതന്നെയാണ് ഞാൻ വളരെ വിഷമം സഹിച്ചുകൊണ്ട് ഇവിടെ വന്ന് അല്പം സംസാരിക്കുന്നത് ആവശ്യമാണെന്ന് കരുതുന്നത്. അങ്ങനെ ഞാനെന്റെ കർത്തവ്യം നിർവഹിക്കട്ടെ. ചുരുക്കത്തിൽ കലിമയെ കുറിച്ചുള്ള സംക്ഷിപ്തമിതാണ്. അല്ലാഹു മാത്രം നിങ്ങളുടെ മഹ്ബൂബും മഖ്സുദും ആയിത്തീരു മാറാകട്ടെ. ഈ സ്ഥാനം എല്ലാ വിധത്തിലുള്ള ആന്തരികമായ തിന്മകളിൽ നിന്നും പരിശുദ്ധമാവുകയും ഹൃദയങ്ങളിൽ കുടികൊള്ളുന്ന ബിംബങ്ങളെ പുറത്താക്കുകയും ചെയ്താൽ മാത്രമേ ലഭ്യമാകുകയുള്ളൂ.

www.alislam.org

# മനുഷ്യനിലെ സൂക്ഷ്മ പ്രപഞ്ചം

മനുഷ്യ ശരീരത്തിലെ സൂക്ഷ്മ ലോകത്ത് അല്ലാഹു സ്ഥാപിച്ച സന്തുലനതത്വത്തിന്റെ പ്രവർത്തനം അത്ഭുതകരവും അതിസങ്കീർണ്ണവുമാണ്. 'കേവലനീതി കാരുണ്യം ബന്ധുത്വം: മൂന്ന് സക്രിയ തത്വങ്ങൾ' എന്ന പുസ്തകത്തിൽ നിന്ന്.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

മനുഷ്യൻ സൃഷ്ടിയുടെ മഹിതമായ ഒരു ദിവ്യാത്ഭുതമാണ് അവതരിപ്പിക്കുന്നത്. ശതകോടി വർഷത്തെ ജൈവപരിണാമം അവനിൽ സാന്ദ്രീകരിക്കപ്പെടുകയും സംഗ്രഹിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് യാതൊരർത്ഥത്തിലും ഒരു അതിശയോക്തിയല്ല. ജീവിപരിണാമത്തിന്റെ സമഗ്രമായ ഒരു സമ്പൂർണ്ണ രേഖ ഓരോ മനുഷ്യനിലുമുണ്ട്. മനുഷ്യൻ ഒരു സൂക്ഷ്മ പ്രപഞ്ചമാണ്. തീർച്ചയായും സ്ഥലകാലങ്ങളുടെ സമ്പൂർണ്ണ സംയോജനത്തിന്റെ ജീവൽ പ്രതീകമാണ് അവൻ. എന്നാൽ ഇത് കൂടുതൽ ചർച്ചചെയ്യുന്നതിന്ന് മുമ്പായി ഒരു കാര്യം പരാമർശിക്കാതിരിക്കുക സാദ്ധ്യമല്ല. അതായത്, മനുഷ്യസൃഷ്ടിയുടെ പരമ പ്രധാനമായ എല്ലാ പരിണാമ ദശകളും അടിസ്ഥാന സവിശേഷതകളും പ്രസ്താവ്യ യോഗ്യമായ എല്ലാ ഘട്ടവും അതുപോലെ പരിണാമ യാത്രയിലെ ഓരോ ചുവടുവെപ്പും വിട്ടുപോകാതെ വിശുദ്ധ ഖുർആൻ പരാമർശിക്കുന്നു എന്നത് വിസ്മയകരമാണ്.

എല്ലാ ജീവിരൂപങ്ങളിലും വെച്ച് മനുഷ്യ സൃഷ്ടിപ്പിനെ സംബന്ധിച്ച ഖുർആൻ പരാമർശം ഏറ്റവും പ്രതീകാത്മകവും പ്രാതിനിധ്യാത്മകവുമായ രീതിയിൽ നീതിയുടെ പങ്ക് തികവുറ്റ രീതിയിൽ പരാമർശിച്ചിരിക്കുന്നു.

**'ഓ മനുഷ്യാ, ഉദാരമതിയായ നിന്റെ നാഥനെ കുറിച്ച് നിന്നെ ഗർവ്വിഷ്ഠനാക്കിയത് എന്ത് കാര്യമാണ്? അവൻ നിന്നെ സൃഷ്ടിക്കുകയും തികവുറ്റ രീതിയിൽ സന്തുലനപ്പെടുത്തുകയും നീതിപൂർവ്വം രൂപപ്പെടുത്തുകയും ചെയ്തു. എല്ലാ ഘട്ടത്തിലും ഇതാണ് അവൻ നിർവ്വഹിച്ചത്. എല്ലാ രൂപങ്ങളിലും അവൻ യോഗാനുസാരം മിശ്രണം ചെയ്യുകയും രൂപപ്പെടുത്തുകയും ചെയ്തു.'(സൂറ: അൽ ഇൻഫിതാർ. 82: 7-9)**

നമുക്കിപ്പോൾ മേലെക്കൊടുത്ത വചനം കൂലങ്കുശമായി പുന: പരിശോധിക്കാം. ഈ വചനത്തിൽ ദൈവം മനുഷ്യനെ അഭിസംബോധന ചെയ്ത് പറയുന്നതായി കാണുന്നത് **'ഓ മനുഷ്യാ, എന്ത് അടിസ്ഥാനത്തിലാണ് നീ നിന്നെ സൃഷ്ടിച്ച രക്ഷിതാവിനോട് ഇങ്ങനെ ഗർവ്വിഷ്ഠനായി പെരുമാറുന്നത്? പ്രപഞ്ചത്തിലെ അപരിമേയമായ അത്ഭുതങ്ങളും മഹിതപ്രതാപവും നിന്റെ ഗ്രാഹ്യതക്ക് അതീതമാണെങ്കിൽ നീ നിന്റെ അസ്തിത്വത്തെ കുറിച്ച് തന്നെ അഗാധമായി ചിന്തിക്കുക. നിന്റെ സൃഷ്ടിപ്പിലുള്ള തികവുറ്റ സന്തുലനത്തെ സംബന്ധിച്ച് നീ അത്ഭുതം കൂറുക. അതായത് നിന്നിലുള്ള പ്രപഞ്ചത്തെകുറിച്ച്. എന്നിട്ടും ദൈവത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യാൻ നീ ധാർഷ്ട്യം കാണിക്കുന്നു. നാം വീണ്ടും മേൽ പറഞ്ഞത് ആവർത്തിക്കുന്നു. നിന്നെ സൃഷ്ടിച്ചത് അവനാണ്. രൂപപ്പെടുത്തിയത് അവനാണ് പിന്നെ നിന്നെ സന്തുലനപ്പെടുത്തിയതും'**

മേൽ പ്രസ്താവിച്ച വചനം ആയിരത്തി നാനൂറ് വർഷം മുമ്പ് വെളിപ്പെട്ടതാണ്. നാം ഇപ്പോൾ ജീവിക്കുന്ന സമകാലീന ലോകത്തിലെ വികസിത വിജ്ഞാനത്തിന്റെ കാലത്ത് അവതരിച്ചത് പോലെയാണ് അത് കാണപ്പെടുന്നത്. വിശുദ്ധ ഖുർആൻ അവതരിക്കുന്ന കാലത്ത് മനുഷ്യൻ ഭ്രൂണാവസ്ഥയിൽ വിവിധ ഘട്ടങ്ങളിലൂടെ വിവിധ രൂപങ്ങളിൽ കടന്നു പോയി എന്ന സങ്കൽപ്പം തന്നെ ഉണ്ടായിരുന്നില്ല. അതായത് പരിണാമ ചരിത്രത്തിലെ വിവിധ ജൈവികാനുപാതത്തിലുള്ള ഘട്ടങ്ങളെ അനുസ്മരിപ്പിക്കുന്ന ഒരു സ്മരണിക പോലെ ഭ്രൂണാവസ്ഥയിൽ മനുഷ്യൻ കടന്നു പോകുന്നു എന്ന സങ്കൽപ്പം തന്നെ അന്നില്ലായിരുന്നു. സൂറ: അൽ ഇൻഫിതാറിൽ ഉദ്ധരിച്ച 9-ാം വചനം ഒരിക്കലും തന്നെ അക്കാലത്തെ മനുഷ്യ മനസ്സിന്റെ സൃഷ്ടിയായിരിക്കില്ല. ആ വചനം സൂചിപ്പിക്കുന്നത് മനുഷ്യൻ ജനിക്കുന്നതിന്ന് മുമ്പേ വിവിധ രൂപത്തിലൂടെയും ഘടനയിലൂടെയും കടന്നു പോയി

ട്ടുണ്ട് എന്ന് അത് മനുഷ്യനെ ഓർമിപ്പിക്കുന്നു. അതായത് വ്യത്യസ്ത ജൈവ അനുപാതമുള്ള എണ്ണമറ്റ മാറ്റങ്ങളിലൂടെയായിരുന്നു ഭ്രൂണാവസ്ഥയിലുള്ള ഈ കടന്നു പോക്ക്. ഇത്തരം ജ്ഞാനങ്ങൾ ഉദയം ചെയ്യാത്ത ഒരു കാലത്ത് ആ പ്രാചീന ജനതക്ക് ഈ വചനത്തിൽ നിന്നും എന്ത് സന്ദേശമാണ് ലഭിച്ചിട്ടുണ്ടാവുക എന്ന് ഒരാൾ അത്ഭുതപ്പെട്ടുപോകും.

മനുഷ്യസൃഷ്ടിയുടെ ഈ പ്രമേയം സൂറ: അൽ ഖിയാമയിൽ വീണ്ടും വികസിക്കുന്നത് കാണുക:

**'വാസ്തവമിതാണ്: മനുഷ്യന്ന് തന്റെ ആത്മാവിന്മേൽ ഒരു ഉൾക്കാഴ്ച്ചയുണ്ട്. അവൻ എത്ര തന്നെ തന്റെ ഒഴികഴിവുകൾ ബോധിപ്പിച്ചാലും ശരി.' (സൂറ: ഖിയാമ 75: 15–16)**

അതായത്, ഈ പറഞ്ഞത് മനുഷ്യൻ അവന്ന് അവന്റെ ഒഴികഴിവുകൾക്ക് പിന്നിൽ പോയൊളിക്കാം. എങ്കിലും അവന്റെ ഉദ്ദേശ്യങ്ങൾക്ക് പിന്നിലെ അന്തിമമായ ലക്ഷ്യം എന്താണെന്ന് കണ്ടുപിടിക്കാനുള്ള കഴിവ് മനുഷ്യന്നുണ്ട്. മനുഷ്യന്ന് അവനെതന്നെ മനസ്സിലാക്കാൻ അവനിൽ തന്നെ അന്തർലീനമായി കിടക്കുന്ന കഴിവുകളെ സംബന്ധിച്ചാണ് വിശുദ്ധ ഖുർആൻ വീണ്ടും സംസാരിക്കുന്നത്. സൂറ: ശംസിൽ വീണ്ടും പറയുന്നു:

**എന്നിട്ട് അവൻ (അല്ലാഹു) അതിന്ന് എന്താണ് തെറ്റെന്നും (ഫുജൂർ) എന്താണ് ശരിയെന്നും (തഖ്‌വ) ബോധനം നൽകി (സൂറ: അശംസ് 91:9)**

ഇതിന്നർത്ഥം എല്ലാ ആത്മാവിന്നും തെറ്റ് എന്താണെന്നും ശരി എന്താണെന്നുമുള്ള ഉൾക്കാഴ്ച്ച നൽകിയിരിക്കുന്നു. എന്താണ് അവൻ ചെയ്യേണ്ടതെന്നും എന്താണ് അവൻ ചെയ്യരുതാത്തതെന്നും. ആയതിനാൽ മനുഷ്യന്റെ പ്രകൃതിയിൽ ആലേഖനം ചെയ്തിരിക്കുന്ന ആന്തരിക സന്ദേശം വായിക്കുകയാണെങ്കിൽ മനുഷ്യൻ തെറ്റും ശരിയും വിധിക്കാൻ കഴിവുള്ളവനാണ്. മറ്റു വാക്കുകളിൽ പറയുകയാണെങ്കിൽ ദൈവം മനുഷ്യപ്രകൃതിയിൽ അവന്റെ തീരുമാനങ്ങളിൽ ആസന്നമായി ഉണ്ടായേക്കാവുന്ന അപകടങ്ങളെ കുറിച്ച് അറിയാനുള്ള സഹജാവബോധത്തിന്നുള്ള കഴിവ് പതിപ്പിച്ചിരിക്കുന്നു. അത്പോലെ ശരിതെറ്റുകളെ കുറിച്ച് വിവേചനം ചെയ്ത് മുൻകൂട്ടി ജാഗരൂഗരാനാകുള്ള കഴിവും മനുഷ്യന്ന് നൽകപ്പെട്ടിരിക്കുന്നു. പ്രായോഗികമായി സ്വയം അറിയാതെ ഒരു തെറ്റ് ചെയ്യാൻ മനുഷ്യന്ന് കഴിയില്ല.

ഓരോ വചനവും ചേർത്ത് സംയോജിപ്പിച്ച് ഈ വചനങ്ങൾ പഠിക്കുകയാണെങ്കിൽ അവ വിജ്ഞാനത്തിന്റെ പുതിയ വഴികൾ തുറക്കുന്നതായി കാണാം. ശാസ്ത്രജ്ഞന്മാർ ഈ വീഥികളിലൂടെ മുഴുവൻ ഗവേഷണം നടത്തിയാൽ അന്വേഷിക്കുന്തോറും അതിന്റെ വലുപ്പവും വിതാനവും കൂടി വരുന്നതായി കാണാം. വാസ്തവത്തിൽ അവ പരിധിയില്ലാതെ കാണപ്പെടുന്നു. എല്ലാ ജീവിവർഗ്ഗങ്ങളുടെയും ജീവന്റെ സ്വഭാവ വാഹക ജീനുകളിൽ നിഗൂഢനം ചെയ്യപ്പെട്ട രഹസ്യങ്ങൾ പഠിക്കുകയാണെങ്കിൽ ശാസ്ത്രജ്ഞന്മാരുടെ നൂറുക്കണക്കിന്ന് തലമുറകൾ വേണ്ടി വരും. എന്നാലും വിഷയം തീർന്നുപോകില്ല.

## ജീവന്റെ അടിസ്ഥാന ഘടകങ്ങൾ

മനുഷ്യന്റെ ശരീരപ്രകൃതിയും അതിന്റെ ഘടകങ്ങളും നാം പരിശോധിക്കുകയാണെങ്കിൽ നമ്മുടെ ശരീരത്തിൽ അതിസങ്കീർണ്ണമായ വ്യവസ്ഥകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് കാണാം. മനുഷ്യശരീരം കോടിക്കണക്കിന്ന് കോശങ്ങൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഓരോ രീതിയിലുള്ള കോശങ്ങളും വ്യത്യസ്തമാണ്. ഒരോന്നിന്നും അതിന്റെ പ്രവർത്തനങ്ങൾക്കനുസരിച്ച് ചില പ്രത്യേക സവിശേഷതകളുമുണ്ട്. കോശങ്ങൾ പല രൂപത്തിലും വലുപ്പത്തിലുമുള്ളവയാണ്. വ്യത്യസ്തങ്ങളായ പല ഭാഗങ്ങളും കോശത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. ഓരോ

എല്ലാ ആത്മാവിന്നും തെറ്റ് എന്താണെന്നും ശരി എന്താണെന്നുമുള്ള ഉൾക്കാഴ്ച്ച നൽകിയിരിക്കുന്നു. എന്താണ് അവൻ ചെയ്യേണ്ടതെന്നും എന്താണ് അവൻ ചെയ്യരുതാത്തതെന്നും. ആയതിനാൽ മനുഷ്യന്റെ പ്രകൃതിയിൽ ആലേഖനം ചെയ്തിരിക്കുന്ന ആന്തരിക സന്ദേശം വായിക്കുകയാണെങ്കിൽ മനുഷ്യൻ തെറ്റും ശരിയും വിധിക്കാൻ കഴിവുള്ളവനാണ്. മറ്റു വാക്കുകളിൽ പറയുകയാണെങ്കിൽ ദൈവം മനുഷ്യപ്രകൃതിയിൽ അവന്റെ തീരുമാനങ്ങളിൽ ആസന്നമായി ഉണ്ടായേക്കാവുന്ന അപകടങ്ങളെകുറിച്ച് അറിയാനുള്ള സഹജാവബോധത്തിന്നുള്ള കഴിവ് പതിപ്പിച്ചിരിക്കുന്നു. അത്പോലെ ശരിതെറ്റുകളെ കുറിച്ച് വിവേചനം ചെയ്ത് മുൻകൂട്ടി ജാഗരൂഗരാനാകുള്ള കഴിവും മനുഷ്യന്ന് നൽകപ്പെട്ടിരിക്കുന്നു. പ്രായോഗികമായി സ്വയം അറിയാതെ ഒരു തെറ്റ് ചെയ്യാൻ മനുഷ്യന്ന് കഴിയില്ല.

കോശഭാഗങ്ങളും ശരീരത്തിലെ ഓരോ പ്രത്യേക പ്രവർത്തനങ്ങളാണ് നിർവ്വഹിക്കുന്നത്. അത്പോലെ കോശത്തിലെ ഓരോ ഭാഗവും അതിനോട് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. കോശത്തിന്റെ കേന്ദ്ര ഭാഗം ന്യൂക്ലിയസ്സാണ്. അതിന്റെ ധർമ്മമാകട്ടെ അതീവ സങ്കീർണ്ണവും വ്യാമിശ്രവുമാണ്.

കോശത്തിനകത്ത് ന്യൂക്ലിയസ്സ് അതിന്റേതായ ഒരു സ്തരത്തിന്നുള്ളിലാണ് സ്ഥിതിചെയ്യുന്നത്. ന്യൂക്ലിയർ സ്തരത്തിന്നകത്ത് RNA, DNA തന്മാത്രകൾ സാന്ദ്രീകരിച്ച ന്യൂക്ലിയ ദ്രവം (Nucloplasm) ആണുള്ളത്. കോശത്തിന്റെ പകർപ്പുകൾ നിർമ്മിക്കുന്നതിൽ സുപ്രധാന പങ്കാണ് ന്യൂക്ലിയ ദ്രവം വഹിക്കുന്നത്. ആരോഗ്യമുള്ള ഒരു കോശത്തിന്റെ നിലനിൽപ്പ് അതിന്റെ കോശദ്രവ്യവുമായി ബന്ധപ്പെട്ടതാണ്. വളർച്ചയുടേയും ഉപാപചയത്തിന്റേയും, പ്രത്യുൽപാദത്തിന്റേയും സ്വഭാവ കൈമാറ്റത്തിന്റെയും എറ്റവും പ്രധാനപ്പെട്ട ഏജന്റാണ് കോശമർമ്മം (Nucleus) അഥവാ ന്യൂക്ലിയസ്സ്.

വിവരണം എന്ന നിലക്ക് പറയുമ്പോൾ നമുക്ക് പറയാൻ സാധിക്കുന്നത് മനുഷ്യന്റെ ഒരു ശരീര കോശത്തിൽ ശേഖരിക്കപ്പെട്ട വിവരങ്ങൾ (മനുഷ്യ ശരീരത്തിൽ അത്തരം കോടാനുകോടി കോശങ്ങളുണ്ട്) ഏറ്റവും വികസിതവും സങ്കീർണ്ണവുമായ മനുഷ്യ നിർമ്മിത കമ്പ്യൂട്ടറിനുള്ളിലെ വിവരശേഖരത്തേക്കാൾ കൂടുതലാണ്. അതുപോലെ തികച്ചും സമാനമായ വിവരണങ്ങളാൽ നിർമ്മിതമായ കോടിക്കണക്കിന്ന് ശരീര കോശങ്ങളുണ്ട് എന്നാണ്. ഓരോ കോശവും സങ്കീർണ്ണമായ ശരീരത്തിൽ അതിന്റെതായ പങ്ക് നിർവ്വഹിക്കുന്നു. ഒരു കോശം എന്തിനാണോ സൃഷ്ടിക്കപ്പെട്ടതും അതിന്റെ ഘടന നിർമിക്കപ്പെട്ടതും എന്നതനുസരിച് ആ കോശ വ്യവസ്ഥക്കുള്ളിൽ ശരിയായ സമയത്ത് ശരിയായ ദിശയിൽ പ്രതിപ്രവർത്തനം ആരംഭിക്കുന്നു. അപ്രകാരം ശരീരത്തിലെ മറ്റു ആവശ്യമായ ഭാഗങ്ങളിലേക്ക് RNA സന്ദേശ വാഹക സെല്ലുകളുടെ സഹായത്തോടെ വിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. ഇതെല്ലാം യാതൊരു പരസ്പര സംഘർഷമോ പൊരുത്തകേടോ ഇല്ലാതെ വളരെ തികവുറ്റ രീതിയിൽ ഏകോപനത്തോടെയാണ് പ്രവർത്തിക്കുന്നത്.

ദൈവം ഈയൊരു വിവരം വിശുദ്ധ ഖുർആൻ മുഖേന വളരെ കാലം മുമ്പ് പ്രവാചകൻ മുഹമ്മദിന്ന് (സ) വെളിപ്പെടുത്തി എന്ന വസ്തുതയെ നമുക്ക് നമിക്കേണ്ടതുണ്ട്. മനുഷ്യന്റെ കോശപരമായ വിസ്മയങ്ങളെ ശാസ്ത്രജ്ഞന്മാർക്ക് മൈക്രോസ്കോപ് ഉപയോഗിച്ച് പരിശോധിക്കാൻ സാദ്ധ്യമാകുന്നതിന്നും നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധ ഖുർആൻ എറ്റവും ഉചിതമായ തികവാർന്ന അർത്ഥപ്രകാശനം ലഭിക്കുന്ന വാക്കുകളിലാണ് ഈ വിവരങ്ങൾ പ്രതിപാദിച്ചിരിക്കുന്നത് എന്നത് ആരെയും അത്ഭുതപ്പെടുത്തും. **'അവൻ നിന്നെ നീതിപൂർവ്വം സൃഷ്ടിക്കുകയും തികവാർന്ന രീതിയിൽ അവികലമാക്കുകയും എന്നിട്ട് വിഭിന്ന രൂപങ്ങളിൽ അവൻ നിന്നെ പൂർണ്ണമായും സന്തുലനപ്പെടുത്തുകയും ചെയ്തു.' (സൂറ: അൽ ഇൻഫിതാർ 82: 7–9)** അക്കാലത്തെ ഒരാൾ എന്തുകൊണ്ട് വിശുദ്ധ ഖുർആൻ മനുഷ്യരാശിയുടെ സൃഷ്ടിപ്പും ഘടനയും വിവരിക്കാൻ ***അദലക്ക** (Adalaka)* എന്ന വാക്ക് ഉപയോഗിച്ചു എന്നതിൽ ആശ്ചര്യപ്പെടാൻ സാദ്ധ്യതയുണ്ട്. അതിനു മുമ്പുള്ള ഒരു മതഗ്രന്ഥവും തത്വശാസ്ത്ര ഗ്രന്ഥവും മനുഷ്യന്റെ സൃഷ്ടിപ്പിനെപ്പറ്റി വിവരിക്കുമ്പോൾ അത്തരമൊരു വാക്ക് പ്രയോഗിച്ചിട്ടുണ്ടാകില്ല.

## സന്തുലനവും ബോധവും

രണ്ട് വ്യത്യസ്ത സ്ഥലങ്ങളിൽ വന്ന ഈ ഖുർആനിക പ്രയോഗം എങ്ങനെ പരസ്പരം സങ്കീർണ്ണമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് കൗതുകകരമാണ്. ഉദാഹരണത്തിന്ന് സന്തുലനം എന്ന പ്രതിഭാസം എല്ലാ ഭൗമവസ്തുക്കളിലും പ്രബലമാണ്. എന്നാൽ ***അദ്ൽ*** എന്ന പദം മനുഷ്യനിൽ പ്രവർത്തിക്കുന്ന നീതിയുടെ തത്വം വിവരിക്കാനാണ് എന്ന് വരുമ്പോൾ അതിനർത്ഥം മനുഷ്യൻ ***മൗസൂൻ*** അല്ല എന്നല്ല. ***അദ്ൽ*** എന്ന പദം ***മൗസൂൻ***നെയും അതുപോലെ ***മീസാനെയും*** ഉൾക്കൊള്ളുന്നു എന്ന അർത്ഥത്തിലാണ്. അതുപോലെ നീതിയും സന്തുലനവും ബോധപൂർവ്വം സാക്ഷാത്ക്കരിക്കുക എന്ന ഒരു അർത്ഥധ്വനിയും ***അദ്ൽ*** എന്ന പദം ഉൾക്കൊള്ളുന്നു. അതിനാൽ ***അദ്ൽ*** എന്ന പദം സൂചിപ്പിക്കുന്നത് ബോധം എന്ന ഘടകം കൂടി ഉൾക്കൊള്ളുന്ന സംന്തുലനത്തിന്റെ കൂടുതൽ വികസിതമായ ഒരു ഘട്ടത്തെയാണ്. ***അദ്ൽ*** ന്റെ തത്വത്തിൽ സൃഷ്ടിക്കപ്പെട്ടത് എന്നാണ് മനുഷ്യനെ വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നത്. ഇത് അവനെ നീതിയുടെ മഹത്തായ സ്വർഗ്ഗീയ ബൃഹദ് പദ്ധതിയുടെ അഗ്രിമ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയും അവനെ ദൈവത്തിന്റെ മറ്റെല്ലാ സൃഷ്ടികളിൽ നിന്നും വേറിട്ട ഒരു ഒരു സൃഷ്ടിയായി മാറ്റുകയും ചെയ്യുന്നു.

ആരംഭത്തിൽ നീതിയുടെ തത്വം തികച്ചും പ്രകൃതി നിയമങ്ങളു

***അദലക്ക**–*കൃത്യമായി നിന്നെ അനുപാതപ്പെടുത്തുകയും തികവോടെ സംന്തുലമാക്കുകയും ചെയ്തു.
***അദ്ൽ*** – കേവല നീതി. ***മൗസൂൻ*** (തികവോടെ അനുപാതനം ചെയ്യപ്പെട്ടത്, കൃത്യമായി സന്തുലനം ചെയ്യപ്പെട്ടത്. ***മീസാൻ*** (സംന്തുലനം, അളവ്, തൂക്കം) ***ഇഹ്സാൻ*** (ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ)***ഈതാഇദിൽ ഖുർബാ*** (ബന്ധുക്കളാടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പോടെയുള്ള പെരുമാറ്റം.)

ടെ രൂപത്തിൽ തികച്ചും അബോധാത്മകമായ ഒരു പങ്കാണ് നിർവ്വഹിച്ചത്. പിന്നീട് പ്രപഞ്ച പരിണാമം ജീവന്റെ പടിവാതിൽക്കൽ എത്തിയപ്പോൾ നീതിയുടെ അബോധാത്മകമായ പ്രയോഗം സഹജാവബോധത്തിന്റെ രൂപത്തിൽ സന്തുലനാത്മകമായ പെരുമാറ്റമായി മാറുകയുണ്ടായി. മാത്രമല്ല പരിണാമത്തിന്റെ എല്ലാ ഘട്ടത്തിലും പ്രവർത്തിച്ചിരുന്ന *ക്രിയാത്മക തത്വങ്ങൾ എല്ലാംതന്നെ ഒന്നുകിൽ പൂർണ്ണമായ ബോധം അല്ലെങ്കിൽ വിവിധതരം സന്തുലനതത്വത്തിന്റെ സഹജാവബോധമാണ് ഭരിച്ചിരുന്നത്. ഇതിന്ന് മുമ്പ് ഊന്നിപ്പറഞ്ഞത് പോലെ മനുഷ്യൻ മാത്രമാണ് ഉയർന്ന മൂന്നാം ബോധത്തിൽ എത്തിചേർന്നത്.

കോടാനുകോടി വർഷത്തെ പുരോഗതിയിലൂടെ ജീവിതം നിരന്തരം ബോധത്തിന്റെ ഉയർന്ന വിതാനങ്ങളെ പ്രാപിച്ചുകൊണ്ടിരുന്നു. അതെല്ലാം തന്നെ അർത്ഥമാക്കിയിരുന്നതും ലക്ഷ്യമിട്ടതും അവസാനത്തെ ഘട്ടമായ ബോധാത്മക നീതിയാണ്. പിന്നീട് മനുഷ്യമനസ്സിന്നും ആത്മാവിന്നും പുരോഗിക്കാനും അജ്ഞാതമായ ഉന്നത രൂപത്തിലേക്കും കൂടുതൽ സൂക്ഷ്മ ശരീരിയായ അസ്തിത്വത്തിലേക്കുമുള്ള പ്രയാണത്തിന്നും ആവശ്യമായതും ഈ ബോധാത്മക നീതിയാണ്. പുരോഗമനാത്മകമായ ഈ സോപാനത്തിലേക്കുള്ള ഓരോ ഗോവണിപ്പടികളും ***അദ്ൽ*** കൊണ്ട് നിർമ്മിതമാണ്. ഉന്നതമായ ഒരസ്തിത്വവും ***അദ്ൽ*** ന്റെ ഒരു ഘട്ടം കടന്നല്ലാതെ മറ്റൊരു ***അദ്ൽ*** ന്റെ ഘട്ടം പ്രാപിക്കാനാവില്ല. നീതി ***ഇഹ്സാനിന്ന്*** ജന്മം കൊടുത്തിരുന്നു. ഇഹ്സാൻ അവസാനമായി പരമ പവിത്രമായ ***ഈതാഇ ദിൽ ഖുർബാ*** യിലേക്ക് മാറേണ്ടതുണ്ടായിരുന്നു.

ചുരുക്കത്തിൽ ***അദ്ൽ*** എന്ന് വ്യഞ്ജിപ്പിക്കുമ്പോൾ പ്രത്യേകമായി ബോധത്മക നടപടികളും പെരുമാറ്റങ്ങളുമായി ഒരു ബന്ധമുണ്ട്. അത് മനുഷ്യന്റെ സ്വഭാവം വിവരിക്കാൻ വേണ്ടി ഉപയോഗിക്കുന്ന പദമാണ്. അവരുടെ പ്രവർത്തനങ്ങളെല്ലാം പൂർണ്ണബോധത്തോടെയായിരിക്കും തീരുമാനിക്കുന്നത്. അതിന്ന് ഇടത്തോട്ടോ വലത്തോട്ടോ അന്ദോളനം ചെയ്യുന്ന പ്രവണതയില്ല. ഇവിടെയാണ് ജീവിതത്തിന്റെ ~~പുതിയ ഘട്ടം ആരംഭിക്കുന്നത്.~~

**പേജ് 9 ൽ നിന്ന് തുടർച്ച**

പറയുന്നു: ഞാൻ എല്ലാ രാജ്യങ്ങളിലെയും എല്ലാ മതങ്ങളിലെയും നേതാക്കന്മാരോട് നമുക്കെതിരിൽ വന്ന് അടയാളം കാണിക്കാൻ ക്ഷണിച്ചതാണ്. എന്നാൽ തന്റെ മതത്തിന്റെ സത്യസാക്ഷ്യത്തിന് ഒരു ഉദാഹരണവും പ്രായോഗികമായി കാണിക്കാൻ അവരിൽ ആർക്കും സാധിച്ചില്ല. സർവ്വശക്തനായ ദൈവത്തിന്റെ വചനത്തെ ഒരു തികഞ്ഞ അത്ഭുതമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. മറ്റൊരു ഗ്രന്ഥത്തിനും ഇതിനെ നേരിടാനാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

വാഗ്ദത്ത മസീഹ്(അ)ന്റെ വചനങ്ങളുടെ വെളിച്ചത്തിൽ വിശുദ്ധ ഖുർആന്റെ അധ്യാപനം തൗറാത്തിനേയും ഇഞ്ചീലിനേയും അപേക്ഷിച്ച് സമ്പൂർണവും യുക്തിസഹവുമാണെന്ന് തെളിയിച്ചതിനുശേഷം ഹുസൂർ അൻവർ പറഞ്ഞു: ബ്രിട്ടീഷുകാർ രാജ്യം ഭരിച്ചിരുന്ന ആ കാലത്താണ് ഈ ആർജ്ജവവും വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതയും തെളിയിച്ചു കാണിച്ചിരുന്നത്. അത് ചർച്ചിനു വലിയ സ്വാധീനമുണ്ടായിരുന്നു. എന്നിട്ടും അദ്ദേഹം വിശുദ്ധ ഖുർആനിന്റെ മേൽക്കോയ്മയെ തെളിയിക്കാൻ പരസ്യമായി വെല്ലുവിളിക്കുകയുണ്ടായി. ഒരു ഭയത്തെയും അടുപ്പിക്കാൻ അനുവദിച്ചില്ല. കാരണം അദ്ദേഹം ഈ കാലത്ത് തിരുനബി(സ)യുടെ ദാസത്വത്തിൽ അല്ലാഹു അയച്ച അല്ലാഹുവിന്റെ ദൂതനായിരുന്നു. അദ്ദേഹത്തിന്റെ അധ്യാപനത്തിലും സാഹിത്യത്തിലും ഞങ്ങൾ കാണുന്നതും ഇതാണ്. അഹ്മദിയ്യാ ജമാഅത്ത് പ്രചരിപ്പിക്കുന്നതും ഇതാണ്. വിശുദ്ധ ഖുർആനിനെ വളച്ചൊടിക്കുകയും നിന്ദിക്കുകയും ചെയ്യുകയാണ് അഹ്മദികൾ ചെയ്യുന്നതെന്ന് അഹ്മദിയ്യാ ജമാഅത്തിനുമേൽ ആരോപണം ഉന്നയിക്കുന്നവർ പറയുന്നു.

വിശുദ്ധ ഖുർആനിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും കുറിച്ച് ആ മഹാത്മാവ് പറയുന്നു: വിശുദ്ധ ഖുർആൻ ലോകത്തിന്റെ മുഴുവൻ നവീകരണമാണ് ലക്ഷ്യമിടുന്നത്, അതിന്റെ അഭിസംബോധന ഒരു പ്രത്യേക സമൂഹത്തോടല്ല. എന്നാൽ അത് എല്ലാ മനുഷ്യർക്കും അവതരിച്ചതാണെന്നും എല്ലാവരുടേയും പരിഷ്കരണമാണ് അതിന്റെ ഉദ്ദേശമെന്നും അത് തുറന്ന് പറയുന്നു.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു: വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതയേയും സ്ഥാനമാനങ്ങളേയും കുറിച്ച് മറ്റു ചില ഉദ്ധരണികളും ഉണ്ട്, അത് പിന്നീട് വിശദീകരിക്കാം. ഇൻശാ അല്ലാഹ്.

alislam.org

Humanity First

humanityfirst.org

# രാഷ്ട്രം സമൂഹം ഖിലാഫത്ത്

ഇസ്‌ലാം മതത്തെ ഒരിക്കലും ഒരു രാഷ്ട്രമാക്കി മാറ്റാൻ സാദ്ധ്യമല്ല. ഇസ്‌ലാം വിഭാവന ചെയ്യുന്നത് ഒരു ആഗോള അന്തർ ദേശീയ സ്ഥാപനമാണ്. അതാണ് ആധുനിക യുഗത്തിൽ ദൈവേഛയാൽ സ്ഥാപിതമായ അഹ്‌മദിയ്യാ ഖിലാഫത്ത്.

എ. എം. മുഹമ്മദ് സലീം

### സമൂഹത്തിന്റെ നിർമ്മിതി

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ് ഒരു സമൂഹമായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതെന്ന് ഖുർആൻ പറയുന്നു. ***'മനുഷ്യൻ ഒരു സമൂഹം (ഉമ്മത്തൻ വാഹിദ:) ആയിരുന്നു.'*** *(2:214)* സാമൂഹ്യ ജീവിതം നയിക്കാൻ മനുഷ്യൻ നിർബന്ധിതനായതോ അവർ ബോധപൂർവ്വം ചിന്തിച്ചു തിരഞ്ഞെടുത്തതോ അല്ല. മറിച്ച് സാമൂഹിക ബോധം മനുഷ്യന്റെ പ്രകൃതിയിൽ ദൈവം ഉൾചേർത്തത് കൊണ്ടാണ് മനുഷ്യൻ സാമൂഹ്യ ജീവിതം നയിക്കുന്നത്. ഖുർആൻ പറയുന്നു. ***'മനുഷ്യരെ നിങ്ങൾ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജനവർഗ്ഗങ്ങളും (ശുഊബ്) ഗോത്രങ്ങളു (കബായീൽ) മാക്കി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം തിരിച്ചറിയുന്നതിന്ന് വേണ്ടി'(49:13)*** സമൂഹങ്ങൾ രൂപപ്പെടുന്നത് വർഗ്ഗപരവും ഗോത്രപരവുമായ വർണ്ണങ്ങളിലാണ് അത് മനുഷ്യന്റെ ജൈവപ്രകൃതിയിൽ ഒരു ഉൾപ്രേരകമായി കൂടി ചേർന്നിരിക്കുന്നതായി ഈ വചനം സൂചിപ്പിക്കുന്നു. പ്രകൃതിയാണ് മനുഷ്യ സമൂഹത്തിന്റെ ഘടനക്ക് രൂപം നൽകുന്നത്. ജനിതക പ്രത്യേകതകൾ, ഭൂമിശാസ്ത്രം, ഭക്ഷണം, കാലാവസ്ഥ, കുടുംബ ബന്ധങ്ങൾ, ഗോത്രീയവും ദേശീയവുമായ ബന്ധങ്ങൾ മറ്റു ഭൗതിക സാഹചര്യങ്ങൾ മുതലായ ഘടനാപരമായ മൂശയിലാണ് സമൂഹം രൂപപ്പെടുന്നത് എന്ന് നരവംശ ശാസ്ത്രം പറയുന്നു. മതം, പ്രവാചകന്മാർ, ഭാഷ ന്യായപ്രമാണം, ആചാരങ്ങൾ, കല, ജീവിത രീതി, വസ്ത്ര ധാരണം, പാചക കല, രാഷ്ട്രീയ സാമ്പത്തിക പ്രത്യയ ശാസ്ത്രങ്ങളും വ്യവസ്ഥകളും മുതലായ സാംസ്ക്കാരിക പ്രത്യേകതകളിലൂടെയും ആ സമൂഹം തിരിച്ചറിയപ്പെടുന്നു. ഇത്തരം വ്യതിരിക്തതകളിൽ ഊന്നിക്കൊണ്ടാണ് സമൂഹത്തിന്റെ സാംസ്കാരിക ഭാവം തിരിച്ചറിയപ്പെടുന്നത്. ഖുർആൻ സമൂഹം (ഉമ്മ:) എന്ന പദം നരവംശപരമായ അർത്ഥത്തിലും സാംസ്കാരികമായ അർത്ഥത്തിലും പ്രയോഗിച്ചിട്ടുണ്ട്. സമൂഹത്തിന്ന് വ്യക്തിയെപോലെ തന്നെ ജീവിതം, സ്വഭാവഗുണങ്ങൾ, നന്മ തിന്മകൾ, ധിക്കാരം കർമ്മ ഫലം, മരണം, വിചാരണ എന്നിവയെല്ലാം ഉണ്ടെന്ന് ഖുർആൻ പറയുന്നു. ഇതിലൂടെ സമൂഹത്തെ വ്യക്തിയെപോലെ പ്രകൃതിജന്യമായ ഒരു സമഗ്ര ജൈവരൂപമായിട്ടാണ് ഖുർആൻ കാണുന്നത്. മുസ്‌ലിംകൾ ഉത്തമ സമൂഹം (ഖൈറുൽ ഉമ്മത്ത്) ആണെന്നാണ് ഖുർആൻ പറയുന്നത്. ***'മനുഷ്യ സമൂഹത്തിന്റെ നന്മക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഉത്തമ സമൂഹമാകുന്നു നിങ്ങൾ'*** *(3:11)*

ലോകം അതിശീഘ്രം പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനനുസരിച്ച് ജനവർഗ്ഗങ്ങളും ദേശീയ സമൂഹങ്ങളും കൂടികലരുകയും ആശയ വിനിമയത്തിലൂടെ ഒന്നായിത്തീർന്ന് അന്തർദേശീയ സമൂഹം രൂപം കൊള്ളുകയും ചെയ്യുകയാണ്. അത് പിന്നീട് വിശദമാക്കാം. അന്തർദേശീയ സമൂഹം അങ്ങിനെ ഘടനാപരമായി വീണ്ടും ഉമ്മത്തൻ വാഹിദ: (ഏക സമൂഹം) ആയി കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇസ്‌ലാം മതത്തിന്റെ സാമൂഹികമായ ഉദ്ദേശം അധികാരത്തിലധിഷ്ഠിതമായ ഒരു രാഷ്ട്രനിർമ്മാണമാണെന്ന് ചിലർ ധരിക്കുന്നു. വാസ്തവത്തിൽ ഖിലാഫത്തിലധിഷ്ഠിതവും ഇസ്‌ലാമിക സംസ്കാരവുമുള്ള ഒരു ആഗോള സമൂഹമാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. ഖലീഫയും വിശ്വാസികളും തമ്മിലുള്ള ബന്ധം ഭരണകൂടവും പൗരന്മാരും പോലെയുള്ള ബന്ധമല്ല. അധികാരത്തിലധിഷ്ഠിതമല്ല ആ ബന്ധം. മറിച്ച് ആത്മീയതയിലധിഷ്ഠിതമാണ്. ഇക്കാര്യം കൂടുതൽ വ്യക്തമാകാൻ രാഷ്ട്രവും സമൂഹം എന്താണെന്ന് വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

### എന്താണ് രാഷ്ട്രം

രാഷ്ട്രം (State) എന്നാൽ ഭൂമിശാസ്ത്രപരമായി അതിർത്തി നിർണ്ണയിക്കപ്പെട്ട ഒരു പ്രദേശത്ത് നിവസിക്കുകയും ഒരു പരമാധികാര കേന്ദ്രത്തോട് വിധേയത്വം

പുലർത്തുന്നതിൽ യോജിക്കുകയും ചെയ്യുന്ന ജനസമൂഹമാണ്. ജന സംഖ്യ, ഭൂമേഖല, ഗവൺമെന്റ്, പരമാധികാരം എന്നിവയാണ് രാഷ്ട്രത്തിന്റെ ഘടകങ്ങൾ. രാഷ്ട്രം എന്ന അർത്ഥത്തിൽ പലരും സൂക്ഷ്മതയില്ലാതെ രാജ്യം, ഗവൺമെന്റ്, നാട്, ദേശം എന്നെ ല്ലാം പ്രയോഗിക്കാറുണ്ട്. എന്നാൽ രാഷ്ട്രതന്ത്ര വിജ്ഞാനീയത്തിൽ കൃത്യമായ നിർവ്വചനമുള്ളത് കൊണ്ട് രാഷ്ട്രം എന്ന പദം തന്നെ ഉപയോഗിക്കേണ്ടതുണ്ട്. രാഷ്ട്രം എന്ന പദം ഇന്ന് നാം ഉപയോഗി ക്കുന്ന അർത്ഥത്തിൽ 16-ാം നൂറ്റാണ്ട് മുതൽക്കാണ് ശബ്ദകോശങ്ങളിൽ സ്ഥാനം പിടിക്കുന്നത്. ഇറ്റലിയിലെ ഫ്‌ളോറൻസിലെ മഹാ സൂത്രശാലി യും കുടില തന്ത്രത്തിലൂടെ രാജ്യം ഭരിക്കേണ്ടതെങ്ങിനെയെന്ന് വിവരി ക്കുകയും ചെയ്ത ഇറ്റലിയിലെ ഫ്‌ളോറൻസിലെ മാക്കിയ വല്ലി യാണ് (1469-1527) **'പ്രിൻസ്'** **(**Prince) എന്ന തന്റെ കൃതിയിൽ, ഇപ്പോഴത്തെ രാഷ്ട്രീയാർത്ഥത്തിൽ ആദ്യമായി സ്റ്റേറ്റ് അഥവാ **'**രാഷ്ട്രം**'** എന്ന പദം പ്രയോഗിച്ചത്. ഖുർആൻ രാഷ്ട്രം എന്ന അർത്ഥ ത്തിൽ ഒരൊറ്റ പദവും ഉപയോഗി ച്ചിട്ടില്ല എന്ന കാര്യം വളരെ ശ്രദ്ധേയമാണ്. മനുഷ്യന്റെ സാമാ ജിക ജീവിതത്തെ പറ്റി പ്രതിപാദി ക്കാൻ, മനുഷ്യ സമൂഹം (നാസ്), ദേശീയ (ഭാഷ) സമൂഹം (ഖൗം), സമൂഹം (ഉമ്മ:) ജനവർഗ്ഗങ്ങൾ (ശുഊബ്) ഗോത്രങ്ങൾ (കബായീ ൽ) മുതലായ സംജ്ഞകളാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. ഇതിനൊന്നും തന്നെ രാഷ്ട്രം എന്ന് അർത്ഥം ലഭിക്കില്ല.

അധികാര ബലത്തിൽ മാത്രം പ്രസക്തമാകുന്ന രാഷ്ട്രം സമൂഹം പോലെ പ്രകൃതി ശക്തികൾ വളർ ത്തികൊണ്ട് വരുന്നതോ മനുഷ്യ ന്റെ നൈസർഗ്ഗിക സാംസ്കാരിക ഭാവങ്ങൾക്ക് വർണ്ണം നൽകുന്നതോ ആയ ഒരു സ്ഥാപനമല്ല. മനുഷ്യ നെയും വിഭവങ്ങളെയും ഭരിക്കാൻ മനുഷ്യൻ നിർമ്മിച്ച അധികാരത്തി ലധിഷ്ഠിതമായ ഒരു കൃത്രിമ സ്ഥാപനമാണ് രാഷ്ട്രം. 14 മുതൽ 17-ാം നൂറ്റാണ്ടുവരെയുണ്ടായ യൂറോപ്യൻ നവോത്ഥാനത്തിന്ന് ശേഷം സമീപ കാലത്ത് രൂപം കൊണ്ട രാഷ്ട്രീയ പ്രതിഭാസമാണ് ഇന്ന് കാണുന്ന ദേശ രാഷ്ട്രങ്ങൾ (National State) തികച്ചും ദേശീയമായ വികാരങ്ങളിൽ കെട്ടി പടുത്തതാണ് ആധുനിക ദേശ രാഷ്ട്രങ്ങൾ. യുറോപ്പിന്റെ ചുവടു പിടിച്ചാണ് ലോകമാകെ രാഷ്ട്ര ങ്ങൾ നിലവിൽ വന്നത്. ഒരു ദേശത്ത് താമസിക്കുന്ന ആളുകൾ ഐക്യത്തോടെ ആ ഭൂപ്രദേശ ത്തോട് ഉള്ളതോ ഉണ്ട് എന്ന് ഭാവിക്കുന്നതോ ആയ വൈകാരിക ബോധത്തെയാണ് ദേശീയത എന്ന് പറയുന്നത്. ആ ദേശീയതയിൽ പണിതുയർത്തുന്ന അധികാര സ്വരൂപമാണ് രാഷ്ട്രം. പ്രകൃത്യാ തന്നെ സമ്മർദ്ദ സ്വഭാവമുള്ള രാഷ്ട്രമെന്ന അധികാര സ്വരൂപം ജനാധിപത്യവാദികളുടെ കൈയ്യിൽ കൂടുതൽ അയവുള്ളതും മാർദ്ദ വമുള്ളതുമായിത്തീരുന്നു. മതമൗ ലികവാദികളും ഫാസിസ്റ്റുകളും തങ്ങളുടെ ലക്ഷ്യങ്ങൾ സാക്ഷാ ത്ക്കരിക്കാനുള്ള സംഹാരാത്മക മായ ആയുധമായിട്ടാണ് രഷ്ട്രത്തെ കാണുന്നത് രാഷ്ട്രത്തെ ദൈവ ത്തോളം വാഴ്ത്തി പറയുക അവരുടെ ഒരു പ്രത്യയ ശാസ്ത്ര രീതിയാണ്. ഒരു രാഷ്ട്രം എന്ന നിലക്ക് ജനതകളുടെ രാഷ്ട്രീയ മായ ഉദ്ഗ്രഥനം പലപ്പോഴും കൃത്രിമവും കരുതിക്കൂട്ടിയുള്ളതു മാണ്. അന്തർദേശീയത, വിശ്വമാന വികത, ഏകലോകം എന്നീ ഉത്കൃഷ്ട സങ്കൽപ്പങ്ങൾക്ക് വിരുദ്ധമാണ് രാഷ്ട്ര ദേശീയത. വിശ്വമതമായ ഇസ്‌ലാമിന്റെ പരമ ലക്ഷ്യം സങ്കുചിതവും അധികാര ബദ്ധവും ദേശനിർണ്ണിതവുമായ രാഷ്ട്രം നിർമ്മിക്കലാണ് എന്ന് കരുതുന്നത് തികച്ചു ഇസ്‌ലാമിക വിരുദ്ധമാണ്.

## സമൂഹം ഒരു അകൃത്രിമ സ്ഥാപനം

സമൂഹം എന്നത് പ്രകൃതി യുടെ സ്വഛവും സ്വാഭികവുമായ ബലതന്ത്രത്തിൽ രൂപപ്പെടുന്നതും മാനവീയതയുടെ നൈസർഗ്ഗികത യിൽ പ്രവർത്തന ക്ഷമമാവുന്നതു മായ ഒരു അകൃത്രിമ സ്ഥാപനമാ ണ്. രാഷ്ട്രതന്ത്ര വിജ്ഞാനീയ ത്തിൽ സമൂഹത്തെ രാഷ്ട്രവുമായി താരതമ്യപ്പെടുത്താവുന്നതാണ്. സമൂഹം രാഷ്ട്രത്തിന്റെ പൂർവ്വ വർത്തിയാണ്. ആദ്യമുണ്ടായത് സമൂഹമാണ്. സമൂഹത്തിനകത്തെ ഒരു സ്ഥാപനം മാത്രമാണ് രാഷ്ട്രം. മനുഷ്യനും മനുഷ്യനും തമ്മിൽ ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്ന സകല ബന്ധങ്ങളും സമൂഹം ഉൾക്കൊള്ളുന്നു. മാനസികം, വൈയക്തികം, വൈവാഹികം, ഗാർഹികം, കുടുംബപരം മുതലായ സകല മാനവീയ മേഖലകളും സാമൂഹ്യ ശാസ്ത്രത്തിന്റെ പഠന മേഖലകളാണ്. എന്നാൽ രാഷ്ട്രവും രാഷ്ട്രത്തിന്റെ ശാസ്ത്രമായ രാഷ്ട്രീയവും ഭരണകൂടവും പൗരനും തമ്മിലുണ്ടാകുന്ന ബന്ധ ങ്ങളെ മാത്രമേ സ്പർശിക്കാറുള്ളൂ. രാഷ്ട്രം എന്നത് പല മാനങ്ങളുള്ള സമൂഹത്തിന്റെ രാഷ്ട്രീയ വശം മാത്രമാണ്. രാഷ്ട്രം ഒരു പ്രത്യേക ദേശത്ത് മാത്രം ഒതുങ്ങി നിൽക്കു മ്പോൾ സമൂഹം രാഷ്ട്രങ്ങളെ അതിവർത്തിച്ചു നിൽക്കുന്നു. ഉദാഹരണത്തിന്ന് ഒരു നേതൃത്വ ത്തിന്ന് കീഴിലുള്ള അഹ്മദിയ്യാ ആഗോള മത സാംസ്കാരിക സമൂഹം, പക്തൂൺ ഗോത്ര സമൂ ഹം, പാർസി ഗോത്ര സമൂഹം, ഹിന്ദു മത സമൂഹം, യഹൂദ സമൂഹം മുതലായവ.

## ജീവി സമൂഹവും മനുഷ്യ സമൂഹവും

മനുഷ്യ സമൂഹത്തിന്റെ ഈ നൈസർഗ്ഗിക സ്വഭാവത്തേയും സ്വഛ രൂപത്തേയും ഉദാഹരിക്കാൻ വിശുദ്ധ ഖുർആൻ പറയുന്ന ഒരു ഉപമ ശ്രദ്ധേയമാണ്

***'ഭൂമിയിൽ നടക്കുന്ന ഏത് മൃഗവും രണ്ട് ചിറക് കൊണ്ട് പറക്കുന്ന ഏത് പറവയും നിങ്ങളെ പോലെയുള്ള സമൂഹങ്ങൾ തന്നെ യാണ്'(6:36)*** ഇവിടെ പക്ഷികളുടെ സമൂഹത്തെ (ഉമ്മ) മനുഷ്യ സമൂഹ ത്തോടാണ് ഉപമിച്ചിരിക്കുന്നത്. രാഷ്ട്രത്തിന്റെ അധികാര ഘടന യോ നിർണ്ണിതമായ അതിർത്തിയോ സമ്മർദ്ദ സ്വഭാവമുള്ള ശ്രേണീ രൂപമോ, അനുശാസനാത്മകമായ നിയമങ്ങളോ മൃഗങ്ങളുടെയും പക്ഷികളുടെയും സമൂഹങ്ങളിൽ ഇല്ല. തികച്ചും പ്രകൃതി ജന്യവും നൈസർഗ്ഗികവുമായ ശക്തികളുടെ ബലത്തിലുള്ള ഒരു സാമൂഹിക ജീവിതമാണ് മൃഗങ്ങളും പക്ഷിക ളും നയിക്കുന്നത്. ശുദ്ധ പ്രകൃതി യുടെ നൈസർഗ്ഗികതയിലേക്കുള്ള തിരിച്ചുപോക്കാണിത്. മനുഷ്യൻ അങ്ങിനെ ആയിത്തീരണമെങ്കിൽ ആത്മീയമായ ഉയർന്ന പ്രബുദ്ധത യും ഉന്നതവും ഉദാത്തവുമായ സാമൂഹിക ബോധവും ആർജ്ജി ക്കേണ്ടതുണ്ട്. ജീവിതത്തിന്റെ സ്വഛതയും നൈസർഗ്ഗികതയും നഷ്ടപ്പെട്ട കൃത്രിമവും മനുഷ്യ നിർമ്മിതവുമായ ലോകത്ത് സംഘർഷ ജീവിതം നയിക്കുന്ന അസ്വസ്ഥമായ ആധുനിക സമൂഹം അതിന്റെ അകൃത്രിമമായ അടിസ്ഥാ നങ്ങളിലേക്ക് തിരിച്ച് പോകേണ്ട തുണ്ട്. ഇന്ന് യൂറോപ്പിൽ ഉയരുന്ന അഗാതമായ അർത്ഥ മാനങ്ങളുള്ള ഒരു മുദ്രാവാക്യമാണ് Back to Basic അതായത് സ്വഛതയിലേക്കും അടിസ്ഥാന ശുദ്ധ പ്രകൃതിയിലേ ക്കുമുള്ള തിരിച്ചു പോക്ക്.

മൃഗങ്ങളേയും പക്ഷികളേയും ഉദാഹരിച്ചു കൊണ്ടുള്ള അല്ലാഹു വിന്റെ ഗഹനമായ അർത്ഥങ്ങളുള്ള ഈ ഉപമ വിശ്വാസികളെ ഇരുത്തി ചിന്തിപ്പിക്കുകയും അവരുടെ ബുദ്ധിശക്തിയേയും ഗവേഷണ കൗതുകത്തേയും പ്രചോദിപ്പിക്കുക യും ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

***'ഒരു കൊതുകിനേയോ അതിനപ്പുറമുള്ള (അതിലും നിസ്സാ രമായ മറ്റു) വല്ലതിനെയോ ഉപമ യായി എടുത്തു കാണിക്കുന്നതിന്ന് അല്ലാഹു ലജ്ജിക്കുന്നില്ല. അപ്പോ ൾ വിശ്വാസികൾക്ക് അത് തങ്ങളു ടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് മനസ്സിലാവും. നിഷേധികളാവട്ടെ ഈ ഉപമ മുഖേന അല്ലാഹു എന്താണ് ഉദ്ദേശി ക്കുന്നതെന്ന് ചോദിക്കും. എന്നാൽ യാഥാർത്ഥ്യമിതാണ്) ഇത് വഴി അല്ലാഹു പലരേയും വഴിതെറ്റി ക്കുന്നവരായി വിധിക്കുകയും പലരേയും സത്യത്തിലേക്ക് വഴി നടത്തുകയും ചെയ്യുന്നു. '(2:27)***

ശുദ്ധപ്രകൃതിയുടെയും സ്വഛ മായ പ്രേരണകളുടെയും ബലത്തി ൽ നയിക്കപ്പെടുന്ന ഒരു സമൂഹ ത്തെയാണ് ഖുർആൻ സൃഷ്ടി ക്കാൻ ആഗ്രഹിക്കുന്നത്. വാസ്തവ ത്തിൽ രാഷ്ട്രത്തിന്റെ ഒരു പ്രത്യേക തയുമായും ഇസ്‌ലാം ഒത്തു പോകി ല്ല. അധികാരത്തിന്നും ശാസനകൾ ക്കും പ്രാവർത്തികമാക്കാൻ കഴിയു ന്നതല്ല ഇസ്‌ലാമിന്റെ ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങൾ. സമൂഹത്തിന്റെ അമൂർത്തവും മൃദുലവുമായ ശക്തികളാണ് അതി ന്റെ സ്വീകർത്താക്കൾ. രാഷ്ട്രത്തി ന്റെ ബലപ്രയോഗമല്ല സമൂഹത്തി ന്റെ അനുനയാത്മകമായ ഉപകര ണങ്ങളാണ് അതിന്റെ മാധ്യമങ്ങൾ.

## രാഷ്ട്രവും അധികാരവും

രാഷ്ട്രത്തിന്റെ വ്യക്തിത്വം നിലകൊള്ളുന്നത് അതിന്റെ അധി കാര ബലത്തിലാണ് ഒരു ദേശ ത്തിന്മേലുള്ള പരമാധികാരമാണ് രാഷ്ട്രത്തെ അർത്ഥ പൂർണ്ണമാക്കു ന്നത്. അധികാരമില്ലെങ്കിൽ രാഷ്ട്ര മില്ല. എന്നാൽ സമൂഹത്തിന്ന് അത്തരത്തിലുള്ള അധികാര കേന്ദ്രങ്ങളൊന്നുമില്ല. ദൈവഭക്തി, ധാർമ്മികമായ ഉത്തരവാദിത്വം, മതാചാരം, കീഴ്‌നടപ്പ്, പൊതു ജനാഭിപ്രായം എന്നിവയൊക്കെയാ ണ് സമൂഹത്തിന്റെ അധികാര കേന്ദ്രങ്ങൾ. വ്യക്തിയെ സംബ ന്ധിച്ച് മതം ഉദ്ദേശിക്കുന്ന ലക്ഷ്യ ങ്ങൾനേടാൻ രാഷ്ട്രത്തിന്നാവില്ല. കാരണം രാഷ്ട്രത്തിന്റെ സമ്മർദ്ദ സ്വഭാവമുള്ളതും ഉരുക്കു ചട്ടുകം പോലെയുള്ളതുമായ കർക്കശമായ ഉപകരണങ്ങൾ മതം ഉദ്ദേശിക്കുന്ന തരുണ സന്ദിഗ്ദമായ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമല്ല. സമൂഹമാണ് മതത്തിന്റെ അത്തരം ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുന്നത്. ഖുർആൻ പറയുന്നു: ***'മതത്തിൽ യാതൊരു ബലപ്രയോഗവുമില്ല. തീർച്ചയായും***

രാഷ്ട്രത്തിന്റെ വ്യക്തിത്വം നിലകൊള്ളുന്നത് അതിന്റെ അധി കാര ബലത്തിലാണ് ഒരു ദേശത്തിന്മേലുള്ള പരമാധികാര മാണ് രാഷ്ട്രത്തെ അർത്ഥപൂർണ്ണമാക്കുന്നത്. അധികാര മില്ലെങ്കിൽ രാഷ്ട്രമില്ല. എന്നാൽ സമൂഹത്തിന് അത്തരത്തിലുള്ള അധികാര കേന്ദ്രങ്ങളൊന്നുമില്ല. ദൈവഭക്തി, ധാർമ്മികമായ ഉത്തരവാദിത്വം, മതാചാരം, കീഴ്‌നടപ്പ്, പൊതുജനാഭിപ്രായം എന്നിവയൊക്കെയാണ് സമൂഹത്തിന്റെ അധികാര കേന്ദ്രങ്ങൾ. വ്യക്തിയെ സംബ ന്ധിച്ച് മതം ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നേടാൻ രാഷ്ട്ര ത്തിന്നാവില്ല. കാരണം രാഷ്ട്രത്തിന്റെ സമ്മർദ്ദ സ്വഭാവമുള്ള തും ഉരുക്കു ചട്ടുകം പോലെയുള്ളതുമായ കർക്കശമായ ഉപകരണങ്ങൾ മതം ഉദ്ദേശിക്കുന്ന തരുണ സന്ദിഗ്ദമായ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമല്ല. സമൂഹമാണ് മതത്തിന്റെ അത്തരം ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുന്നത്.

***സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമാണ്.' (2:257) 'വീണ്ടും ഖുർആൻ പറയുന്നു. നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ എന്നിരിക്കെ ആളുകൾ വിശ്വാസികളായി തീരാനായി നീ അവർക്ക് മേൽ ബലം പ്രയോഗിക്കുമോ'(10:10)***
**'**മതത്തിൽ ബല പ്രയേഗമില്ല **'**

എന്ന തത്വം ആരാധനാ കർമ്മങ്ങളിൽ മതം ബലപ്രയോഗം നടത്താൻ പാടില്ല എന്ന കേവലാർത്ഥത്തിൽ മാത്രമല്ല ഖുർആൻ ഇവിടെ പ്രയോഗിച്ചിട്ടുള്ളത്. അധികാരം പ്രയോഗിക്കാൻ സാദ്ധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും മതം വിട്ടു നിൽക്കണം എന്ന വ്യക്തമായ നിർദ്ദേശം ഈ സുവർണ്ണ സൂക്തത്തിലുണ്ട്. രാഷ്ട്രത്തിന്റെ ഏറ്റവും പ്രമാണികമായ അധികാര ബലം എന്ന ശക്തിയെ ഇസ്‌ലാം സ്വയം നിരാകരിക്കുന്നതോടെ ഇസ്‌ലാം രാഷ്ട്രമല്ല എന്ന പ്രഖ്യാപനം നടത്തുകയാണ് ചെയ്യുന്നത്. മനുഷ്യത്മാവിനോടുള്ള ഒരു നിവേദനമായി സമർപ്പിക്കപ്പെട്ട ഇസ്‌ലം സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാനായി ഒരു മൂല്യ നിർദ്ധാരണ പദ്ധതിയാണ് സമർപ്പിച്ചിരിക്കുന്നത്. മനുഷ്യ ഹൃദയമാണ് അതിന്റെ പ്രവർത്തന കേന്ദ്രം.

## രാഷ്ട്രവും നിയമവും

നിയമം എന്നത് രാഷ്ട്ര സങ്കൽപ്പത്തിലെ പ്രധാനമായ ഒന്നാണ്. മനുഷ്യൻ ഉപയോഗിക്കുന്ന പദങ്ങളിൽ വെച്ച് ഏറ്റവും അനിശ്ചിതത്വമുള്ള അർത്ഥമുള്ള പദങ്ങളിലൊന്നാണ് നിയമം. ശാസ്ത്ര നിയമങ്ങൾ ഏറെക്കുറെ കണിഷവും മൂർത്തവും നിർവ്വജനാത്മകവുമാണ് അതായത് ഊർജ്ജ തന്ത്രനിയമം, ഗണിത ശാസ്ത്ര നിയമം, മുതലായവ. എന്നാൽ ദൈവിക നിയമങ്ങൾ, ധാർമിക നിയമങ്ങൾ എന്നിവക്ക് ഈ കാർക്കേശ്യമില്ല. അവ അമൂർത്തമാണ്. രാഷ്ട്ര നിയമങ്ങൾ ഒരു പരമാധികാര ശാസനാ കേന്ദ്രത്തിന്റെ പിൻബലമുള്ളതാണ്. നിർവ്വജനാത്മകവും കണിശവും സമ്മർദ്ദസ്വഭാവമുള്ളതും ലംഘിക്കപ്പെടുമ്പോൾ ശിക്ഷിക്കപ്പെടുന്നതുമാണ്. രാഷ്ട്ര നിയമങ്ങൾ മൃദുലവുമായ തരുണവുമായ മനുഷ്യന്റെ ആത്മീയ സംസ്കരണ പ്രക്രിയക്ക് ചേർന്നതല്ല. അതായത് ഇസ്‌ലാം മതം ഉദ്ദേശിക്കുന്ന സ്വഭാവ സംസ്കരണത്തിന്നും മാനവീയ പരിവർത്തനങ്ങൾക്കും ഉപകരണങ്ങളായി വർത്തിക്കാൻ ഉരുക്കു പേശിയുള്ള രാഷ്ട്രത്തിന്നാവില്ല. വാസ്തവത്തിൽ പലരും ധരിക്കുന്നത് പോലെ നിയമങ്ങൾ നീതിയോ സദ്ഗുണമോ നന്മയോ ഉദ്പാദിപ്പിക്കുന്നില്ല. രാഷ്ട്ര നിയമത്തിന്ന് ആത്മാവിനെ പ്രചോദിപ്പിക്കാനോ സ്പർശിക്കാനോ സാധ്യമല്ല. ബാഹ്യശരീരത്തെ നിയന്ത്രിക്കാൻ മാത്രമേ അതിന്നാവൂ. എത്രത്തോളം നിയമത്തിന്റെ അസാന്നിദ്ധ്യത്തിലും അഭാവത്തിലും ഒരു സമൂഹം സമാധാനത്തിലും നന്മയിലും പ്രബുദ്ധരായി വർത്തിക്കുന്നുവോ അത്രത്തോളം ആ സമൂഹം ധാർമികമായി നല്ലതാണെന്ന് പറയാം.

നിയമത്തിന്ന് മനുഷ്യന്റെ ബാഹ്യ പ്രവർത്തനങ്ങളെ മാത്രമേ നിയന്ത്രിക്കാനാവൂ. ഉദാഹരണത്തിന് ക്രിമിനൽ ശിക്ഷാ നിയമത്തെ പറ്റി പറയുമ്പോൾ അത് കുറ്റം ചെയ്യുന്ന ശരീരത്തെ മാത്രമേ ശിക്ഷിക്കുന്നുള്ളൂ. കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന മാനസിക പ്രേരണ, ചിന്ത, വാസന, ജീവിത ശൈലി എന്നീ ഘടകങ്ങളെ സ്പർശിക്കാനോ സംസ്ക്കരിക്കാനോ നിയമത്തിന്നാവില്ല. മാത്രല്ല അമിതമായ നിയമ നിർമാണ ത്വര ഒരു ജൂത സമ്പ്രദായമാണ്. അവസാനം അവർ നിയമം ശപ്തമായിപ്പോയിരിക്കുന്നു എന്ന് പറയേണ്ടി വന്നു. മതമൗലിക വാദികൾക്കി ടയിലും യാഥാസ്ഥിതിക മുസ്‌ലിം കർമ്മ ശാസ്ത്ര പണ്ഡിതന്മാർക്കിട യിലും ഈ ദുഷ്പ്രവണത കാണാം രാഷ്ട്രത്തിന്ന് അതിന്റെ വ്യവഹാരങ്ങളെ നിയമ മാർഗ്ഗത്തിൽ മാത്രമേ നിർവ്വഹിക്കാനൊക്കൂ. എന്നാൽ ഇത്തരം അമിതമായ നിയമവത്ക്കരണത്തെ വിശുദ്ധ ഖുർആൻ നിരുത്സാഹപ്പെടുത്തുന്നു. ഖുർആൻ പറയുന്നു:

***'അല്ലയോ വിശ്വാസികളെ നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നാൽ വിഷമകരമായേക്കാവുന്ന കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ ചോദിക്കരുത് ഖുർആൻ ഇറക്കപ്പെടുന്ന അവസരത്തിൽ അതിനെക്കുറിച്ച് നിങ്ങൾ ചോദിക്കുന്നതായാൽ നിങ്ങൾക്ക് അവ വെളിപ്പെടുത്തിത്തരുന്നതാണ്. അല്ലാഹു അവയെ വിട്ടിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു. നിങ്ങൾക്ക് മുമ്പ് ഒരു ജനത അത്തരം കാര്യങ്ങളെക്കുറിച്ച് ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ടായിരുന്നു. പക്ഷേ പിന്നെ അവർ(നിയമ നിർദേശം ലഭിച്ചപ്പോൾ) അവയെ നിഷേധിക്കുകയാണുണ്ടായത്. (5: 102, 103)*** മറ്റൊരു സ്ഥലത്ത് ആത്മീയമായ കാര്യങ്ങൾക്ക് നിയമവും ഭൗതിക കാര്യങ്ങൾക്ക് വിശാലമായ ഒരു വഴിയുമാണ് നൽകപ്പെട്ടിരിക്കുന്നത് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ***'നിങ്ങളിൽ നിന്നുള്ള എല്ലാ ഓരോരുത്തർക്കും വ്യക്തമായ ആത്മീയ നിയമവും (ശിർഅത്ത്) പ്രകടമായ ഭൗതിക മാർഗ്ഗവും (മിൻഹാജ്) നാം നിശ്ചയിച്ചിരിക്കുന്നു.'(5:49)***

മനുഷ്യൻ നല്ലവനായി ജീവിക്കുന്നത് രാഷ്ട്രത്തിന്റെയും ഭരണഘടനയുടെയും മറ്റു നിയമങ്ങളുടെയും കാർക്കശ്യം കൊണ്ടോ അല്ല. ദൈവം മനുഷ്യ പ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്ന സവിശേഷമായ ഒരു ഗുണം കൊണ്ടാണ്. ഖുർആൻ പറയുന്നു:

***'വിശ്വാസികളെ, ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക്***

***പ്രിയങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തേയും സൗഭാഗ്യത്തേയും നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കുകയും അവിശ്വാസത്തെയും അധർമ്മത്തെയും പാപത്തെയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷ മാർഗ്ഗങ്ങളെ നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.' (49:38,39)***

മാത്രമല്ല ചെയ്തുപോയ കുറ്റത്തേയും ദുഷ്കൃതിയേയും കുറിച്ച് സ്വയം ശാസിക്കുന്ന ആത്മാവിനെക്കൊണ്ട് സത്യം ചെയ്യുന്നു.'(75:3)

## ഇസ്‌ലാമും ബഹുസ്വരതയും

ഒരു രാഷ്ട്രം ഏകശിലാഘടനയുള്ള ദേശീയതയാണ് ആവശ്യപ്പെടുക. പ്രത്യേകിച്ച് മത രാഷ്ട്രം മത ദേശീയതക്ക് മുകളിലാണ് നിർമ്മിക്കപ്പെടുക. സ്വന്തമല്ലാത്തതെല്ലാം പൈശാചികവും നിലനിൽപ്പിന്നർഹതയില്ലാത്തതാണെന്നുമാണ് മത രാഷ്ട്ര വാദികളുടെയും ഫാസിസ്റ്റുകളുടെയും നിലപാട്. ഇസ്‌ലാം മത ദേശീയതയിലധിഷ്ഠിതമായ മത രാഷ്ട്രമാണ് ആഗ്രഹിക്കുന്നതെങ്കിൽ അന്യമതങ്ങളുടെ അസ്തിത്വവും അതിന്റെ ദൈവികോത്ഭവവും അംഗീകരിച്ചു കൊടുക്കില്ലായിരുന്നു. ആഭ്യന്തരവും ബാഹ്യവുമായ ആശയ വൈവിധ്യങ്ങളോട് ഇസ്‌ലാം വെച്ചു പുലർത്തുന്ന ഉദാര മനോഭാവം നിസ്തുലമാണ്. ഖുർആൻ പറയുന്നു: ***'എല്ലാ ഓരോരുത്തരും അവരവരുടെ രീതിയനുസരിച്ച് പ്രവർത്തിക്കുന്നു. ഏറ്റവും നല്ല മാർഗ്ഗത്തിൽ ആനയിക്കപ്പെടുന്നവർ ആരെന്ന് അല്ലാഹു നല്ലത് പോലെ അറിയുന്നു. ഓരോ സമുദായത്തിന്നും ഓരോ മർഗ്ഗദർശകൻ വന്നു പോയിട്ടുണ്ട്.'***(13:8) ***'അല്ലാഹുവിന്റെ ദുതന്മാർക്കിടയിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല.'(2:286)*** ഖുർആന്റെ അതിവിശാലവും ഉജ്ജ്വലവുമായ മറ്റൊരു വചനം കാണുക: ***'വിശ്വസിച്ചവരും യഹൂദരും സാബികളും ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യ നാളിലും സൽപ്രവർത്തികൾ ചെയ്യുന്നതിലും വിശ്വസിക്കുന്നുവോ തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാകുകയില്ല അവർ വ്യസനിക്കുകയുമില്ല.'(5:70)*** ഇതിലെ സാബി എന്ന പദം സെമിറ്റിക്കല്ലാത്ത മറ്റെല്ലാ ജനവിഭാഗങ്ങളെ പറ്റിയും വിശേഷിപ്പിക്കുന്ന ഒരു അറബി പദമാണ്. അല്ലാതെ അറേബ്യയിലുണ്ടായിരുന്ന സാബി മതമല്ല.

ഇങ്ങിനെ ഇസ്‌ലാം മതത്തിന്ന് പുറത്തുള്ളവരിലും സ്വാത്വികരും വ്യസനവും ദുഖവും ഉണ്ടാകുകയില്ലെന്ന് ദൈവം വാഗ്ദാനം ചെയ്തവരും ഉണ്ടെന്ന് പറഞ്ഞ് അവർക്ക് ആത്മീയ സാന്ത്വനമരുളുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ ഈ ബഹുസ്വര വീക്ഷണം ഒരു രാഷ്ട്രത്തെയല്ല പ്രതിനിധാനം ചെയ്യുന്നതെന്ന് വ്യക്തം.

## രാഷ്ട്രങ്ങൾ തകരുന്നു

മുന്നൂറ് വർഷങ്ങൾക്ക് മുമ്പ് രൂപം കൊണ്ട ദേശീയ രാഷ്ട്രങ്ങൾ അപ്രതിരോധ്യവും അനിവാര്യവുമായ മനുഷ്യന്റെ ഭൗതിക വളർച്ചക്ക് മുമ്പിൽ തകർച്ചയെ നേരിടുകയാണ്. മനുഷ്യ സമൂഹങ്ങളെ ജലനിബദ്ധമായ കമ്പാർട്ടുമെന്റുകളിലെന്നപോലെ രാഷ്ട്രങ്ങളെ അതിന്റെ വൻ മതിലുകളിൽ ബന്ധിച്ചു നിർത്തിയിരിക്കുകയാണ്. ആ വൻ മതിലുകൾ പൊളിയുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. അതിർത്തികളിൽ മുള്ള് വേലി കെട്ടിയും സായുധ സേനയെ വിന്യസിച്ചും തുറമുഖങ്ങളിൽ കർശനമായ കുടിയേറ്റ നിയമങ്ങൾ ഏർപ്പെടുത്തിയും ജനങ്ങളുടെ മേൽ പരമാധികാരം ചമഞ്ഞിരിക്കുന്ന രാഷ്ട്രങ്ങൾ ആധുനിക വിവര സാങ്കേതിക വിദ്യയും വാർത്താ വിനിമയ മാധ്യമങ്ങളും അതിവേഗ ഗതാഗതവും അന്തർദേശീയ കരാറുകളും സഹകരണങ്ങളും അതിർത്തികളെ ദുർബലപ്പെടുത്തി ഇല്ലാതാക്കി കൊണ്ടിരിക്കുകയാണ്. അങ്ങനെ പ്രവചിതമായ അന്തർദേശീയ മാനവ സമുഹം ഉടലെടുക്കുകയാണ്. ഖുർആൻ പറയുന്നു

***'വിഭിന്ന ദേശീയരായ മനുഷ്യർ ഒരുമിച്ചുകൂടപ്പെടുമ്പോൾ '(81:8) 'എന്നാൽ നാം ഭൂമിയിൽ വന്ന് അതിന്റെ നാനാ ഭാഗത്ത് നിന്നും ചുരുക്കിക്കൊണ്ടു വരുന്നത് ഇവർ കാണുന്നില്ലേ? അപ്പോൾ അവരാണോ വിജയികൾ?' (21:45)***

വാർത്താ വിനിമയ മാധ്യമങ്ങൾ, വിവര സാങ്കേതിക വിദ്യ, ഇന്റർനെറ്റ് എന്നിവ രാഷ്ട്രത്തിന്റെ അതിർത്തിയെ ദുർബലമാക്കി ജനസമൂഹങ്ങളെ ഒന്നിപ്പിക്കുന്നു. ഒരുദാഹരണം നോക്കുക. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ പാകിസ്താനിലെ സേഛാധിപത്യം, പ്രചാരണ സ്വാതന്ത്ര്യം അനുവദിക്കാതെ നിരോധനമേർപ്പെടുത്തുകയും അഹ്മദിയ്യാ ഖലീഫയെ പാകിസ്താൻ വിടാൻ നിർബന്ധിതനാക്കുകയും ചെയ്തു.എന്നാൽ MTA എന്ന ചാനലിലൂടെയും www al Islam.org എന്ന ഇന്റർനെറ്റ് സൈറ്റിലൂടെയും മത രാഷ് ട്രമായ പാകിസ്താന്റെ വ്യോമമണ്ഠലത്തിലൂടെയും അത്പോലെ അഹ്മദിയ്യാ സാഹിത്യത്തിന്ന് നിരോധനമേർപ്പെടുത്തിയ മത യാഥാസ്ഥിതികത്വത്തിന്റെ നെടുംകോട്ടയായ സൗദി അറേബ്യയിലും അദൃശ്യതരംഗങ്ങളായി ഓരോ വീടുകളിലും ഇന്ന് അഹ്മദിയ്യാ ഖലീഫക്ക് എത്താൻ കഴിയും. ഇവിടെ രാഷ്ട്രം. പരാജയപ്പെടുകയും അഹ്മദിയ്യാ ഖലീഫ വിജയിക്കുകയും ചെയ്യുന്നു.

ഭാവിലോകത്തിന്റെ എല്ലാ പ്രശ്നങ്ങളും ലോക രാഷ്ട്രങ്ങൾ സഹകരിച്ചെങ്കിൽ മാത്രമേ പരിഹരിക്കപ്പെടുകയുള്ളൂ. പരമാധികാരങ്ങൾ പങ്കുവെച്ചും പരസ്പരം കരാറുകളിൽ ഏർപ്പെട്ടുകൊണ്ടും മാത്രമേ ലോക വികസനം ഇനി സാധ്യമാവുകയുള്ളൂ. ഉദാഹരണ

ത്തിന്ന് ആഗോള താപനത്തിന്ന് കാരണമാകുന്ന മലീനീകരണ വാതകം ഒരു രാജ്യം ഉദ്പാദിപ്പിച്ചാൽ അതിന്റെ പ്രത്യാഘാതങ്ങൾ ലോകം മുഴുവനും അനുഭവിക്കുന്നു. ഒരു രാജ്യത്തെ സമാധാനാവശ്യങ്ങൾക്ക് വേണ്ടിയുള്ള ന്യൂക്ലിയർ റിയാക്ടർ പൊട്ടിത്തെറിച്ചാൽ മറ്റു രാജ്യങ്ങളിലും അതിന്റെ അണു പ്രസരമേൽക്കുന്നു. ഞൊടിയിടക്കുള്ളിൽ രാജ്യതിർത്തി കടക്കുന്ന മിസൈലുകൾ ഒരു രാജ്യം നിർമ്മിക്കുമ്പോഴും ന്യൂക്ലിയർ പരീക്ഷണങ്ങൾ നടത്തുമ്പോഴും മറ്റുരാജ്യങ്ങൾക്കും ആശങ്കയുണ്ടാക്കുന്നു. അതുപോലെ ഈയടുത്തകാലത്ത് വാർത്താ പ്രാധാന്യം നേടിയ രോഗാണു വാഹികളായ പക്ഷികളുടെ ദേശാന്തഗമനവും സുനാമി പോലെയുള്ള പ്രകൃതി ദുരന്തങ്ങളെ നേരിടാനും മുന്നറിയിപ്പ് നൽകാനും ആഗോള സഹകരണത്തിന്ന് നിർബന്ധിതമാക്കുന്ന ഭൗതിക സാഹചര്യങ്ങളാണുള്ളത്.

കോർപറേറ്റ് മുതലാളിത്തവും അമേരിക്കയുടെയും മറ്റ് സാമ്രാജ്യ ശക്തികളും ചേർന്ന് നടപ്പാകുന്ന ആഗോളീകരണം (Globalisation) അന്തർ ദേശീയ സമൂഹത്തിന്റെ രൂപീകരകരണമായി നാം തെറ്റിദ്ധരിക്കരുത്. ശാസ്ത്ര സാങ്കേതി ശക്തികൾ ഉപയോഗിച്ച് മുലധനമിറക്കി ദരിദ്ര ലോകത്തെ ചൂഷണം ചെയ്യുകയാണ് അവർ ചെയ്യുന്നത്. ഇത് മഹാന്മാർ സ്വപ്നം കണ്ട ഏക ലോകത്തിന്റെ അന്തർദേശീയതയുടെയും തത്വങ്ങൾക്കെതിരാണ്. ഇവരുടെ ആഗോളീകരണം നാശത്തിലേക്കുള്ള വഴിയാണ് എന്നതിനെ പറ്റി ഖുർആൻ സൂചിപ്പിക്കുന്നു: ***'അന്ന് അവരിൽ ചിലർ മറ്റു ചിലർക്കെതിരെ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടപ്പെടുന്നതാണ് കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാം ഒരുമിച്ച്കൂട്ടുകയും ചെയ്യും.'*** *(18:100)*

അന്തർദേശീയമായി ഏകലോകം സൃഷ്ടിക്കാനുള്ള വേദിയായി മനുഷ്യസ്നേഹികൾ സ്വപ്നം കണ്ടിരുന്ന ഐക്യരാഷ്ട്ര സഭ ഇന്ന് സാമ്രാജ്യത്വ ചുഷണത്തിന്റെയും ഒളിയജണ്ടകളുടെയും രംഗവേദിയാണ്. എങ്കിലും കഴിഞ്ഞ ദശാബ്ദങ്ങളിൽ ലോകത്ത് രാഷ്ട്രങ്ങളുടെ വൻ മതിലുകൾ പൊളിയുകയും ചിലത് ഉയരുകയും ചെയ്തിരിക്കുന്നു. ബർലിൻ മതിലിന്റെ തകർച്ചയും രണ്ട് ജർമ്മനികളുടെ സംയോജന വുമാണത്. സോവിയറ്റ് യൂണിയന്റെ ഇരുമ്പുമറയും ഹംങ്കറിയും തകർന്ന് നിരവധി രാഷ്ട്രങ്ങളും രൂപംകൊണ്ടു. രാഷ്ട്രങ്ങളുടെ പൊളിച്ചെഴുത്തും പുനർനിർമ്മാണവും നടക്കുന്നുവെങ്കിലും രാഷ്ട്ര ശക്തി നാൾക്കു നാൾ ദുർബലമാവുകയാണ്. സ്വന്തം പരമാധികാരം മറ്റുള്ള രാഷ്ട്രങ്ങളുമായി പങ്കുവെച്ച് പ്രാദേശികവും മേഖലാ പരവുമായ ഉദ്ഗ്രഥന സംരംഭങ്ങൾ അവിരാമം തുടരുന്നു. യൂറോപ്യൻ യൂണിയനും, സാർക്ക്, ആസിയാ രാജ്യങ്ങൾ മുതലായ മേഖലാ രാജ്യ സഖ്യങ്ങൾ ഉദാഹരണം. വാർത്താ വിനിമയങ്ങൾക്കൊപ്പം വികസിക്കുന്ന ആശയ വിനിമയങ്ങളും അന്തർ ദേശീയ വ്യാപാരവും മനുഷ്യ സമൂഹങ്ങളെ രാജ്യാതിർത്തികൾ വിട്ട് ഒന്നിപ്പിക്കുന്നു. അങ്ങനെ രാഷ്ട്രങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് ആഗോള ഗ്രാമം അഥവാ അന്തർദേശീയ മനുഷ്യ സമൂഹം രൂപം കൊള്ളുകയാണ്.

വാസ്തവത്തിൽ അല്ലാഹു ഉദ്ദേശിക്കുന്ന ഒരു ആഗോള സമൂഹത്തിന്റെ ഘടനാ പരമായ നിർമ്മിതിയാണ് ഈ ആഗോള ചലനങ്ങളിൽ ദൃശ്യമാവുന്നത്. അല്ലാഹു പറയുന്നു: ***'നിങ്ങളുടെ സമുദായമാകുന്നു. ഒരേയൊരു സമുദായം. (ഉമ്മത്തെ വാഹിദ:) ഞാൻ നിങ്ങളുടെ നാഥനുമാകുന്നു. അതിനാൽ നിങ്ങൾ എന്നെ രക്ഷാ കേന്ദ്ര മാക്കുവീൻ.'*** *(23: 53)*

## അഹ്മദിയ്യാ ഖിലാഫത്ത് ഒരു ആഗോള ഇസ്‌ലാമിക സമൂഹം

എല്ലാ അർത്ഥത്തിലും ആഗോള സമൂഹം രൂപപ്പെട്ടു വരുന്ന ആധുനിക കാലഘട്ടത്തിൽ ഖൈറുൽ ഉമ്മത്ത് എന്ന അല്ലാഹു വിശേഷിപ്പിച്ച റസൂൽ തിരുമേനി (സ)യുടെ മുസ്‌ലിം സമൂഹത്തിന്റെ പ്രാതിനിധ്യം വഹിച്ചു കൊണ്ട് ഒരു ആഗോള മുസ്‌ലിം സമൂഹമായി അഹ്മദിയ്യാ ജമാഅത്ത് വളരുകയാണ്. രാഷ്ട്ര അതിർത്തികളെ ഭേദിച്ച് വളരുന്ന അഹ്മദിയ്യാ ഖിലാഫത്താണ് പ്രവചിതമായ ആഗോള മുസ്‌ലിം സമൂഹം. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദറത്ത് അഹ്മദി (അ) ന്റെ ആഗമനം റസൂൽ തിരുമേനി (സ)യുടെ പ്രവചന പ്രകാരമുള്ള മഹ്ദിയുടെയും മസീഹിന്റെയും നിയോഗമായിരുന്നു. ഇസ്‌ലാമിന്റെ ആഗോള വിജയവുമായി ബന്ധപ്പെട്ടതാണ് ആ നിയോഗം. അദ്ദേഹത്താൽ പുനസ്ഥാപിക്കപ്പെട്ട ഇസ്‌ലാമിക ഖിലാഫത്ത് ഒരു രാഷ്ട്രഭരണ നേതൃത്വമോ മറ്റു ഭൗതിക ലക്ഷ്യങ്ങളുള്ള സംവിധാനമോ അല്ല. ഇസ്‌ലാം മത സംസ്കാരിക ഭാവങ്ങൾ വർണ്ണം നൽകുകയും ഭൗതിക സങ്കേതങ്ങളാൽ സംയോജിപ്പിക്കപ്പെടുകയും ചെയ്ത ഒരു ആത്മീയ സമൂഹമാണ്. റസൂൽ തിരുമേനി(സ)യുടെ വിനീത ശിഷ്യനായി അല്ലാഹു നിയോഗിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപകൻ ഹദ്റത്ത് അഹ്മദ് (അ) പറയുകയുണ്ടായി: **'ഈ പ്രസ്ഥാനം ശക്തിമത്തായ നിലയിൽ വളരുകയും കായ്ക്കുകയും ചെയ്യും അങ്ങനെ ഭൂമിയിൽ മുഴുവൻ അത് പടർന്നു വരും...... ദൈവം എന്നെ അഭിസംബോധന ചെയ്തു പറഞ്ഞിരിക്കുന്നു: രാജാക്കന്മാർ പോലും നിന്റെ വസ്ത്രത്തിൽ നിന്നും അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിന് മേൽ അനുഗ്രഹം നൽകും' (തജല്ലിയാത്തെ ഇലാഹിയ്യ)**

# ഇസ്‌ലാം ചൈനയിൽ

ചൈനയിൽ ഇസ്‌ലാമതം പ്രചരിച്ചത് സൂഫികളും സിദ്ധന്മാരുമായ ആളുകളുടെ ആത്മീയ പ്രഭാവത്താലും ശാന്തമായ മിഷണറി പ്രചാരണത്തിലൂടെയും മാത്രമായിരുന്നു. അധികാര ബലത്തിലായിരുന്നില്ല.

**എം. ഇസ്ഹാഖ് ഖലീൽ**

ഇസ്‌ലാമിന്റെ ആദ്യകാല നൂറ്റാണ്ടുകളിൽ തന്നെ ചൈനയിൽ ഇസ്‌ലാം എത്തിയിരുന്നതിനെ സംബന്ധിച്ച് The Annals of Kwangtung എന്ന ചൈനീസ് റിക്കാർഡുകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

തങ്ങ് തൂങ്ങ് വൃത്താന്ത ഗ്രന്ഥങ്ങളിൽ ചൈനയിലേക്ക് കടന്നുവന്ന ആദ്യത്തെ മുസ്‌ലിംകളെ പറ്റി ഇങ്ങനെ കാണാം. താങ്ങ് രാജവംശത്തിന്റെ തുടക്കത്തിൽ അന്നാം, കംമ്പോഡിയ, മദീന എന്നിങ്ങനെ പല രാജ്യങ്ങളിൽ നിന്നുള്ള വിദേശികൾ കാന്റണിലേക്ക് വന്നു ആകാശത്തെ (ദൈവത്തെ) ആരാധിച്ചിരുന്ന ഈ വിദേശികൾ തങ്ങളുടെ ക്ഷേത്രങ്ങളിൽ പ്രതിമയോ പ്രതീകങ്ങളോ വിഗ്രഹങ്ങളോ വെച്ചിരുന്നില്ല. മദീനാ രാജ്യം ഇന്ത്യയുടെ അടുത്താണ്. അവിടെയാണ് ബുദ്ധമതത്തിൽ നിന്നും വ്യത്യസ്തമായ ഇവരുടെ മതം ഉടലെടുത്തത്. അവർ പന്നിമാംസം കഴിക്കുകയോ കള്ളു കുടിക്കുകയോ ചെയ്യില്ല........

(Mission d'Ollone: Recherches sur les Musulmans Chinois, 1911)

വാസ്തവത്തിൽ പേഴ്സ്യൻ രാജാവായിരുന്ന ഫൈറൂസ് അറബികൾക്കെതിരായ യുദ്ധത്തിൽ ചൈനയിൽ നിന്നും സഹായം അഭ്യർത്ഥിക്കുകയുണ്ടായി. (Chavannes E., Documents sur les Turcs Occidentaux, St. Petersburgh, 1913) ഒരു സൈന്യത്തെ അയക്കാൻ പേർഷ്യതങ്ങളിൽ നിന്നും വളരെ വിദൂരത്താണെന്നാണ് ചൈനീസ് ചക്രവർത്തി മറുപടി നൽകിയത്. ഇസ്‌ലാമിലെ മൂന്നാം ഖലീഫയായ ഉഥ്മാനുബ്നു അഫ്ഫാൻ (റ) ക്രിസ്തുവർഷം 651 ൽ ഒരു ചൈനീസ് അംബാസഡർ നാട്ടിലേക്ക് മടങ്ങുമ്പോൾ ഒരു സൈന്യത്തെ അകമ്പടി സേവിക്കാനായി അയച്ചതായി പറയപ്പെടുന്നു.

പിന്നീട് വലീദിന്റെ ഭരണകാലത്ത് (705–715) മുസ്‌ലിം പട്ടാള ജനറൽമാർ സ്പെയിനിലേക്കെന്ന പോലെ ഇന്ത്യയിലേക്കും പടനയിക്കുകയുണ്ടായി. ഖുറാസാനിലെ മുസ്‌ലിം ഗവർണ്ണർ ഓക്സസ് നദി കടക്കുകയും ചൈനീസ് സാമാജ്യത്തിന്റെ കിഴക്കൻ മേഖലകളിലെ ബുക്കാറ, സമർഖന്തും മറ്റു നഗരങ്ങളും കീഴടക്കുകയുണ്ടായി. അങ്ങനെയാണ് ഉമയാദ് ഖലീഫമാരും ചൈനയുമായുള്ള നയതന്ത്രബന്ധം സ്ഥാപിക്കപ്പെടുന്നത്. അത് അബ്ബാസിയാ ഖലീഫമാരുടെ കാലഘട്ടം വരെ തുടരുകയുണ്ടായി. (Thiersant P., Le Mahomatisme en Chine, Paris, 1878, Vol. 1 pp. 70-71)

അറബികളും ചൈനക്കാരുമായുള്ള ബന്ധം പതിമൂന്നാം നൂറ്റാണ്ടിൽ മുഗളന്മാരുടെ മുന്നേറ്റം വരെയും കൂടുതലായി നയതന്ത്രപരവും വാണിജ്യപരവുമായിരുന്നു. എ.ഡി 1257 മംഗോൾ ആക്രമത്തോടെ അത് ഇല്ലാതായി. ആ കാലഘട്ടത്തിൽ ചൈനീസ് തൊഴിലാളികൾ മദ്ധ്യേഷ്യയിൽ പാർത്തിരുന്നു. അതുപോലെ കച്ചവടക്കാരും കരകൗശല വിദഗ്ദരും സൈനികരുമായ തടവുകാർ പോലും അറബികളും മദ്ധ്യേഷ്യൻ മുസ്‌ലിംകളും ചൈനയിലും പാർത്തിരുന്നു. അബ്ബാസിയാ ഖിലാഫത്തിനെ നിഷ്ക്കരുണം കടന്നാക്രമിച്ച മംഗോളികൾ പിന്നീട് സ്വയം തന്നെ ഇസ്‌ലാം ആശ്ലേഷിക്കുകയുണ്ടായി. ചൈനയിലെ ഈ മുസ്‌ലിം മംഗോൾ ഭരണാധികാരികളാണ് മുസ്‌ലിംകളെ ഉന്നത സ്ഥാനങ്ങളിൽ നിയമിച്ചത്. ഈ സമുന്നത സ്ഥാനീയരായ മുസ്‌ലിംകളാണ് ചൈനയിൽ വൻതോതിൽ സമാധാന മാർഗ്ഗത്തിൽ ഇസ്‌ലാം മതം പ്രചരിപ്പിച്ചത്. അവർ ചൈനീസ് സ്ത്രീകളെ വിവാഹം ചെയ്തുകൊണ്ട് ഇസ്‌ലാം മതത്തിന് വമ്പിച്ച പ്രചാരമാണ് ഉണ്ടാക്കിയത്. പതിനാലാം നൂറ്റാണ്ടിലെ മദ്ധ്യത്തിൽ അതിപ്രശസ്തനായ അറബി, ലോക സഞ്ചാരി ഇബ്നു ബത്തൂത്ത ചൈനയിലെ ചില തീരദേശ നഗരങ്ങൾ സന്ദർശിക്കുകയുണ്ടായി. ആ യാത്രയിൽ അദ്ദേഹത്തിന് മുസ്‌ലിംകളിൽ നിന്ന് ഹൃദ്യമായ സ്വീകരണം ലഭിച്ച കഥ അദ്ദേഹം വിവരിക്കുന്നുണ്ട്. അവർക്ക് അവിടെ അവരുടെതായ പള്ളികളുണ്ടെന്നും ചൈനക്കാർ മുസ്‌ലികളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ടെന്നും ഇബ്നു ബത്തൂത്ത വിവരിക്കുന്നു.

പിന്നീട് മദ്ധ്യകാലഘട്ടത്തിൽ

ക്രമേണ മുസ്‌ലിംകൾ അവിടുത്തെ പ്രാദേശിക ജനതയുമായി സങ്കലിതമാവുകയുണ്ടയി. ആ കാലഘട്ടത്തിൽ തന്നെ തിമൂരികളും രാജാക്കന്മാരും ചൈനീസ് ചക്രവർത്തിമാരും തമ്മിൽ എംബസ്സി തലത്തിൽ വിനിമയങ്ങളുണ്ടായി. Preaching of Islam എന്ന പുസ്തകത്തിൽ സർ തോമസ് ആൾനോട് കൗതുകകരമായ അത്തരം സംഭവങ്ങൾ പ്രതിപാദിക്കുന്നുണ്ട്. മുസ്‌ലിം പണ്ഡിതന്മാരുടെയും പ്രധാനികളുടെയും അടങ്ങാത്ത ഇസ്‌ലാമിക പ്രബോധനവാഞ്ച അദ്ദേഹം വിവരിക്കുന്നു.

ഷാറൂഖ് ബഹാദൂർ 1412 ൽ സമർഖണ്ഡിലെ തന്റെ കൊട്ടാരത്തിലെത്തിയ ഒരു ചൈനീസ് സുഹൃദ് സംഘത്തെ ഉപയോഗിച്ചു ചൈനീസ് ചക്രവർത്തിക്ക് ഇസ്‌ലാം സ്വീകരിക്കാനുള്ള ക്ഷണക്കത്തയച്ചു. ചൈനയിലേക്ക് തിരിച്ചുപോയ സുഹൃദ് സംഘത്തിന്റെ കൂടെ അദ്ദേഹം ഒരു ദൂതനെ അയക്കുകയായിരുന്നു. ദൂതന്റെ അടുക്കലായിരുന്നു ചക്രവർത്തിക്കുള്ള രണ്ട് കത്തുകളുണ്ടായിരുന്നത്. അതിൽ അറബിയിൽ തയ്യാറാക്കി അയച്ച ആദ്യത്തെ കത്ത് ഇങ്ങനെയായിരുന്നു. കരുണാനിധിയും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവല്ലാതെ ആരാധ്യനില്ല. മുഹമ്മദ് അവന്റെ പ്രവാചകനാണ്. പ്രവാചകനയ മുഹമ്മദ് (സ) ഇങ്ങനെ പറഞ്ഞു: എന്റെ മതത്തിൽ ദൈവകൽപ്പന അനുസരിക്കുന്ന ജനങ്ങൾക്ക് കുറവ് വരികയില്ല. അവരെ എതിർക്കുകയോ സഹായിക്കാതിരിക്കുകയോ ചെയ്യുന്നവർ അഭിവൃദ്ധിപ്പെടുകയില്ല. ദൈവകൽപ്പന അവർക്ക് ലഭിക്കുന്നത് വരെ ആദമിനെയും അവന്റെ വംശത്തെയും സൃഷ്ടിക്കാൻ തീരുമാനിച്ചപ്പോൾ ലോകനാഥനായ അല്ലാഹു പറഞ്ഞു: 'നാമൊരു നിഗൂഢ നിധിയാണ് പക്ഷേ വെളിച്ചത്തു വരുന്നതിൽ സന്തുഷ്ടനാണ്. നമ്മെ അറിയാൻ വേണ്ടിയാണ് നാം മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അല്ലാഹു അവനെ പറ്റി അറിയിക്കാനും നേർമാർഗ്ഗത്തിൽ വിശ്വാസത്തിന്റെ കൊടി പാറിക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത് അതിനാലവൻ തന്റെ ദൂതന്മാരെ നേർ ദർശനത്തോടെയും സത്യമതത്തോടെയും അയച്ചു. മറ്റു മതങ്ങളെ അതിജയിക്കാനുമായി.. ബഹുദൈവ വിശ്വാസികൾ അതിൽ നിന്നോടി രക്ഷപ്പെടുന്നു.

അല്ലാഹു നിയമങ്ങളും കൽപ്പനകളും പുറപ്പെടുവിക്കുകയും തെറ്റും ശരിയും ഏതെന്ന് വേർതിരിക്കുകയും ചെയ്യുന്നു. ദൂതന് അവൻ അത്ഭുതകരമായി വിശുദ്ധ ഖുർആൻ നൽകി. അത്‌വഴി ദൂതനോട് തർക്കിക്കുകയും വാദം നടത്തുകയും ചെയ്തിരുന്ന അവിശ്വാസികളുടെ വായടഞ്ഞു. അല്ലാഹുവിന്റെ വിശുദ്ധാനുഗ്രഹം കൊണ്ടും മാർഗ്ഗദർശനം കൊണ്ടും ഖുർആൻ അന്ത്യനാൾ വരെ ശേഷിക്കും. അവന്റെ അറുതിയില്ലാത്ത പ്രതാപംകൊണ്ടും ലോകത്തിലെ എല്ലാ ഭാഗത്തും കിഴക്കും പടിഞ്ഞാറും ചൈനയിലും ശക്തനായ ഒരു ചക്രവർത്തി ഉയർന്നുവന്നിരിക്കുന്നു. വൻ സൈന്യങ്ങളുടെ അധിപനായ, വൻഅധികാരമുള്ള ആ ചക്രവർത്തി നീതിയും കാരുണ്യവും നടപ്പാക്കുകയും സമാധാനത്തിന്റെ ചിറകുകൾ വിരിക്കുകയും മനുഷ്യർക്ക് രക്ഷാബോധമുണ്ടാക്കുകയും ചെയ്തിരിക്കുന്നു. അവരിൽ സദ്‌വൃത്തിയുണ്ടാക്കാനും അക്രമത്തിനും അനുസരണക്കേടിനുമെതിരെ അവർക്ക് താക്കീദ് നൽകാനും പ്രൗഢമായ മതത്തിന്റെ പതാക അവർക്ക് മീതെ ഉയർത്താനും ആ ചക്രവർത്തി ബാദ്ധ്യസ്ഥനായിരിക്കുന്നു. ഏകദൈവത്തിലുള്ള വിശ്വാസം വഴി അദ്ദേഹം വിഗ്രഹ പൂജയേയും അവിശ്വാസത്തേയും നീക്കം ചെയ്യുന്നു. അത്യുന്നതങ്ങളിലെ അല്ലാഹു അവന്റെ മുഖം എപ്പോഴുമുള്ള കാരുണ്യം കൊണ്ട് വിശുദ്ധ മതത്തിന്റെ നിയമങ്ങൾ നടപ്പിലാക്കാനും പ്രകാശിക്കുന്ന നേർമാർഗ്ഗത്തിന്റെ കൽപ്പനകളുടെ തുടർച്ച ഉറപ്പ് വരുത്തുവാനും യത്നിക്കുന്നതിന് നമ്മുടെ ഹൃദയങ്ങളെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ പ്രജകൾക്കിടയിലുണ്ടാകുന്ന എല്ലാ വഴക്കിനും വ്യവഹാരത്തിനും ദൈവദൂതന്റെ മഹത്വത്തിനും തിരഞ്ഞെടുക്കപ്പെട്ടവന്റെ ശാസനകൾക്കനുസൃതമായി വിധികൽപ്പിക്കാനും നമ്മോട് അവൻ കൽപ്പിക്കുന്നു. ശാസ്ത്രങ്ങളുടെയും കലയുടെയും പഠനം നിന്നുപോകാതിരിക്കാൻ മതകൽപ്പനകളും ചിഹ്നങ്ങളും മാഞ്ഞുപോവാതിരിക്കാനും പള്ളികളും കോളേജുകളും പർണ്ണശാലകളും സ്ഥാപിക്കണമെന്ന് അവൻ കൽപ്പിച്ചിരിക്കുന്നു. സത്യത്തെയും സദ്‌വൃത്തിയേയും സഹായിക്കുകയും അവിശ്വാസവും വിഗ്രഹപൂജയും സൃഷ്ടിക്കുന്ന തിന്മകൾ നശിപ്പിക്കുകയും ചെയ്യുമ്പോളാണ് ഭൗതികമായ ഐശ്വര്യവും അധികാരവും ശക്തിയും നിലനിൽക്കുന്നത്. അതിനാൽ ദൈവത്തിൽ നിന്നുള്ള അനുഗ്രഹവും പ്രതിഫലവും പ്രതീക്ഷിച്ചുകൊണ്ട് നാം താങ്കളുടെ സാമ്രാജ്യത്തിലെ പ്രഭുക്കന്മാരും ഇപ്പറഞ്ഞതിനോട് യോജിക്കുമെന്നും ദൈവത്താൽ സ്ഥാപിക്കപ്പെട്ട നിയമം ശക്തമാക്കുന്നതിൽ സഹകരിക്കുമെന്നും പ്രത്യാശിക്കുന്നു.'

പേർഷ്യനിലെഴുതിയ രണ്ടാമത്തെ കത്ത് കുറെകൂടി നേർക്ക് നേരെയുള്ള അപേക്ഷയാണ്. അറബിയിൽ കാണുന്ന അലങ്കാരങ്ങൾ അതിലില്ല. കത്ത് ഇങ്ങനെ പോകുന്നു. അത്യുന്നതനായ ദൈവം തന്റെ അപാരമായ ജ്ഞാനവും ശക്തിയും വെച്ചുകൊണ്ട് ആദമിനെ (അ) സൃഷ്ടിക്കുകയും ആദമി(അ)ന്റെ സന്താനങ്ങളിൽ ചിലരെ ദൈവദൂതന്മാരായി ഭൂമിയിലേക്കയക്കുകയും ചെയ്തു. ജനങ്ങളെ സത്യത്തിലേക്ക് ക്ഷണിക്കുവാനായിരുന്നു അത്. ആ പ്രവാചകനിൽപ്പെട്ട അബ്രഹാം

(അ), മോശെ(അ) ദാവീദ്(അ) മുഹമ്മദ്(സ) എന്നിങ്ങനെ ചിലർക്കവൻ ഗ്രന്ഥങ്ങൾ നൽകുകയും അവരെ നിയമം പഠിപ്പിക്കുകയും ചെയ്തു. അവരുടെ കാലത്ത് ജീവിച്ചിരുന്ന ജനങ്ങളോട് അത് നിയമവും ഗ്രന്ഥവും അനുസരിക്കണമെന്ന് ദൈവം ആജ്ഞാപിക്കുകയും ചെയ്തു. ഈ ദൂതന്മാരെല്ലാം ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കാനും അവനെയാരാധിക്കുവാനുമാണ് മനുഷ്യനെ ഉൽബോധിപ്പിച്ചത്. അവർ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും രാജാക്കന്മാരെയും വിഗ്രഹങ്ങളെയും ആരാധിക്കുന്നത് വിലക്കി. ഈ ദൂതന്മാർക്ക് വിഭിന്ന നിയമങ്ങളാണ് ഉണ്ടായിരുന്നതെങ്കിലും ദൈവത്തിന്റെ ഏകത്വം എന്ന സിദ്ധാന്തത്തിൽ അവർ ഒന്നായിരുന്നു. അവസാനം ദൗത്യവും പ്രവാചകത്വവും മുഹമ്മദ് മുസ്തഫ(സ) യിൽ ഒത്തുചേർന്നപ്പോൾ മറ്റു നിയമസംഹിതകൾ റദ്ദാക്കപ്പെട്ടു. അദ്ദേഹമാണ് പിൽക്കാല ലോകത്തിന്റെ ദൂതനും പ്രവാചകനും രാജാക്കന്മാർക്കും പ്രഭുക്കന്മാരും ധനികരും ദരിദ്രരും ചെറിയവരും വലിയവരും മുഹമ്മദിന്റെ നിയമമനുസരിക്കുകയും മറ്റു നിയമങ്ങളും വിശ്വാസങ്ങളും ഉപയോഗിക്കുകയും വേണം. ഇതാണ് സത്യവും പൂർണ്ണവുമായ മതം. – ഇസ്ലാം എന്നാണ് അതിനെ വിളിക്കുന്നത്. കുറച്ച് വർഷങ്ങക്ക് മുമ്പ് ചെങ്കിസ് ഖാൻ ആയുധമെടുക്കുകയും തന്റെ പുത്രന്മാരെ പല രാജ്യങ്ങളിലേക്കും അയക്കുകയും ചെയ്തു. സറായ്, ക്റീം, ദശത്, ഖഫ്ച്ചാക്ക് എന്നിവിടങ്ങളിലേക്ക് പോയത് ജുജ്ജൂ ഖാനാണ്. അവിടെ ഉസ്ബഖ് ഖാൻ, ചാനി ഖാൻ, ഉറുസ് ഖാൻ എന്നീ രാജാക്കന്മാർ മുസ്ലിംകളായി തീർന്നു. അവർ മുഹമ്മദ് (സ) ന്റെ നിയമം അനുസരിക്കുന്നു. ഖുറാസാനിലേക്കും ഇറാഖിലേക്കും അയൽപക്ക നാടുകളിലേക്കും ഹല്ലാകു ഖാനാണ് പോയത്. ഹല്ലാഗുവിന്റെ പുത്രന്മാരിൽ ചിലർക്ക് മുഹമ്മദീയ നിയമത്തിലൂടെ പ്രകാശം ലഭിക്കുകയും അവർ മുസ്‌ലിംകളാകുകയും അങ്ങനെ പരലോകത്തെ ദൈവികാനുഗ്രഹത്തിന് പാത്രീഭൂതരാവുകയും ചെയ്തു. സത്യവാനായ ഗസ്സാനുൽ ഉൽയഅ്തു സുൽത്താൻ, ഭാഗ്യവാനായ അബൂ സയിദുൽ ബഹാദൂർ എന്നിവർ അവരിൽപ്പെടും. ആ പരമ്പരയിൽപ്പെട്ട താൻ ബഹുമാന്യനായ എന്റെ പിതാവ് അമീർ തിമൂർ ഖുർഖാൻ സിംഹാസനസ്ഥനായപ്പോൾ അദ്ദേഹം മുഹമ്മദിന്റെ നിയമങ്ങൾ അനുസരിച്ചു. അദ്ദേഹത്തിന്റെ കാലത്ത് ഇസ്‌ലാമിന്റെ അനുയായികൾ വളരെ ഐശ്വര്യത്തിലാണ് കഴിഞ്ഞത്. ഇപ്പോൾ ദൈവത്തിന്റെ അനുഗ്രഹം കൊണ്ട് ഖുറാസാൻ ഇറാഖ്, മാവറാ അന്നഹ്ർ (ട്രാൻ ഒക്സാനിയ) എന്നീ നാടുകൾ കൂടി എനിക്കധീനമായിരിക്കുന്നു. എന്റെ രാജ്യം ഭരിക്കുന്നത് പ്രവാചകന്റെ വിശുദ്ധ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. നാം ജനങ്ങളിൽ സദ്‌വൃത്തി വളർത്തുകയും തിന്മ തടയുകയും ചെയ്യുന്നു. യാർഗൂവും ചെങ്കിസ്ഖാന്റെ സ്ഥാപനങ്ങളും നിർത്തലാക്കിയിരിക്കുന്നു. അന്ത്യവിധിനാളിൽ മോക്ഷവും വിമോചനവും, ഇഹലോകത്ത് സന്തോഷവും സ്വാതന്ത്ര്യവും നിലനിൽക്കുന്നത് ഇസ്‌ലാമിക വിശ്വാസത്തിലാണ്. എല്ലാ പ്രജകളെയും ഒരു പോലെ നീതിയോടും സമത്വത്തോടും വീക്ഷിക്കുക എന്നത് നമ്മുടെ കടമയാണ്. ദൈവത്തിന്റെ ഔദാര്യവും അനുഗ്രഹവും കൊണ്ട് താങ്കളും ദൈവദൂതനായ മുഹമ്മദി(സ)ന്റെ നിയമമനുസരിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു. അങ്ങനെ താങ്കൾ ഇസ്‌ലാമിനെ ശക്തിപ്പെടുത്തുമെന്നും ഇഹലോകത്തെ ക്ഷണികമായ അധീശത്വത്തിന് പകരം പരലോകത്തെ ശാശ്വതമായ അധീശ്വത്വം നേടിയെടുക്കുമെന്നും നാം പ്രതീക്ഷിക്കുന്നു. (Abd-ur-Razzaq al-Samarqandi in Matl'a-al-S'aadain, pp. 60-61) ഈ ചരിത്രപ്രാധാന്യമുള്ള കത്തുകൾ രേഖപ്പെടുത്തുമ്പോൾ സർ തോമസ് ആൾനോട് കൂടുതലായി എഴുതുന്നു:

ചൈനീസ് ചക്രവർത്തിമാരിലൊരാൾ ഇസ്‌ലാമിലേക്ക് മാറി എന്ന് പിൽക്കാലത്ത് പ്രചരിച്ച ഒരൈതിഹ്യത്തിന് കാരണം ഈ കത്തുകളാവാൻ വഴിയില്ല (Zinker, pp. 798-799, Melange Orientaux, Paris, 1883, p. 65 and Schefer, pp. 29-30, quoted by Sir Thomas Arnold, The Preaching of Islam, London, 1913, p. 302)

പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിലും പതിനാറാം നൂറ്റാണ്ടിൽ ആദ്യത്തിലുമായി പീക്കിങ്ങിൽ കുറേ വർഷങ്ങൾ ചിലവഴിച്ച് സയ്യിദ് അലി അക്ബറിനാണ് മറ്റു പലരേയും പോലെ ഈ ഐതിഹ്യത്തിന് പ്രചാരം കൊടുത്തത് ചൈനയിൽ വസിക്കുന്ന അനേകം മുസ്‌ലിംകളെ പറ്റി അയാൾ പറയുന്നുണ്ട്. കെൻ ജാൻഫു നഗരത്തിൽ 30,000 ത്തിലധികം മുസ്‌ലിം കുടുംബങ്ങളുണ്ട്. അവർ നികുതി അടക്കാറുണ്ടായിരുന്നില്ല. ചക്രവർത്തി ഭൂമി പതിച്ചു കൊടുക്കുന്നതടക്കം പല ആനുകൂല്യങ്ങളും അവർക്ക് ചെയ്തു കൊടുത്തിരുന്നു. മതമാചരിക്കുന്നതിലും അവർക്ക് പൂർണ്ണ സ്വാതന്ത്ര്യമാണുണ്ടായിരുന്നത്. ഇസ്‌ലാമിനോട് നല്ല നിലപാടായിരുന്നു ചൈനക്കാർ സ്വീകരിച്ചിരുന്നത്. മതം മാറ്റത്തിന് അനുമതിയുണ്ടായിരുന്നു. തലസ്ഥാനത്ത് നാല് വലിയ പള്ളികൾ ഉണ്ടായിരുന്നു. അവയൊക്കെ ചക്രവർത്തിയുടെ ചിലവിലാണ് നിർമ്മിക്കപ്പെട്ടിരുന്നത്. (Zinker, pp. 798-799, Melange Orientaux, Paris, 1883, p. 65 and Schefer, pp. 29-30, quoted by Sir Thomas Arnold, The Preaching of Islam, London, 1913, p. 302)

ശേഷം പേജ് 27 ൽ

# ചന്ദ്രവർഷവും സൗരവർഷവും വിശുദ്ധ ഖുർആനിൽ

മനുഷ്യന്റെ കാലഗണനാ സമ്പ്രദായത്തിൽ ചാന്ദ്രവർഷവും സൗര വർഷവുമുണ്ട്. ഈ രണ്ട് സമ്പ്രദായങ്ങളെ സംബന്ധിച്ചും വിശുദ്ധ ഖുർആനിൽ സൂചനകളുണ്ട്.

ഡോ. നാസിം റഹമത്തുല്ലാഹ്

ചാന്ദ്രവർഷം എന്നത് ഭൂമിക്ക് ചുറ്റുമുള്ള ചന്ദ്രന്റെ ഭ്രമണവുമായി ബന്ധപ്പെട്ടതാണ്. സൗരവർഷം എന്നത് സൂര്യനു ചുറ്റുമുള്ള ഭൂമിയുടെ ഭ്രമണവുമായും ബന്ധപ്പെട്ടതാണ്. വിശുദ്ധ ഖുർആനിൽ ചാന്ദ്രവർഷത്തിന്റെ കാലദൈർഘ്യം നേരിട്ട് അല്ലാഹു നമുക്ക് വിവരിച്ച് തരുന്നു. എന്നാൽ സൗരവർഷത്തിന്റെ കാലയളവ് നേരിട്ട് വ്യക്തമായി പറയുന്നില്ല. പക്ഷേ അതിനു പകരം ചാന്ദ്രവർഷവുമായി ബന്ധപ്പെടുത്തി സൂര്യവർഷത്തിന്റെ യഥാർത്ഥ കാലയളവ് കണക്കാക്കാവുന്ന ഒരു ഗണിത ഫോർമുല നമുക്ക് നൽകുന്നുണ്ട്.

സൂറ തൗബയിൽ അല്ലാഹു പറയുന്നു:

**'ആകാശവും ഭൂമിയും സൃഷ്ടിച്ച നാൾ മുതൽ അല്ലാഹുവിന്റെ നിയമമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം പരിശുദ്ധ മാസമാണ്'**(9:36)

ഈ വചനങ്ങൾ ചന്ദ്രമാസം 12 ആണെന്ന് ഖണ്ഡിതമായി പറയുന്നു. കാരണം അറബികൾ ചന്ദ്രമാസമാണ് ഹിജ്‌രി വർഷമായിട്ട് ഉപയോഗിക്കുന്നത്. അതിൽ നാല് പരിശുദ്ധ മാസങ്ങൾ ദുൽഖയ്ദ്, ദുൽഹജ്ജ്, മുഹർറം, റജബ് എന്നിവയാണ്. സൗരവർഷത്തിനും 12 മാസമാണുള്ളത്.

അറബി ഭാഷയിൽ (ഖുർആന്റെ ഭാഷ) വർഷം എന്ന് അർത്ഥം ലഭിക്കുന്ന രണ്ട് പദങ്ങളാണ് ഉപയോഗിക്കുന്നത്. ആ രണ്ട് പദങ്ങൾ **'സന'**, **'ആം'** എന്നിവയാണ്. മിക്കവാറും അറബി ഭാഷ സംസാരിക്കുന്ന എല്ലാ ആളുകളും ഈ രണ്ട് പദങ്ങൾ വർഷം എന്ന അർത്ഥം സൂചിപ്പിക്കുവാൻ മാറി മാറി ഉപയോഗിക്കാറുണ്ട്.

സൂറ: യൂനുസിൽ (10:6) അല്ലാഹു പറയുന്നു.

**'അവനതെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിപ്പിക്കുന്നതാക്കുകയും വർഷങ്ങളുടെ (സിനീൻ)എണ്ണവും ഗണിതവും നിങ്ങൾ അറിയുന്നതിന് വേണ്ടി അതിന് രാശിമണ്ഡലങ്ങൾ നിർണ്ണയിക്കുകയും ചെയ്തിട്ടുള്ള വൻ'** (10:6) ഈ വചനത്തിൽ നാം ***'സിനീൻ'*** എന്ന പദം കാണുന്നു. അത് ***'സന'*** എന്ന പദത്തിന്റെ ബഹുവചനമാണ്. ഈ പദം വിവിധ രാശി മണ്ഡലങ്ങളിലൂടെ വിവിധ ഘട്ടങ്ങളിലുള്ള ചന്ദ്രന്റെ സഞ്ചാരത്തെയാണ് പ്രതിപാദിക്കുന്നത്. അതുകൊണ്ട് ***'സന'*** എന്ന പദം ചാന്ദ്രവർഷത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാണ്.

സൂറ ബനീ ഇസ്‌റായീലിൽ വർഷത്തിന്റെ കാലമാപനത്തെ പറ്റി പ്രതിപാദിച്ചിട്ടുണ്ട്. (17:13)

**'രാവിനെയും പകലിനെയും നാം രണ്ട് ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു. എന്നിട്ട് രാവിന്റെ ദൃഷ്ടാന്തത്തെ നാം പ്രകാശ രഹിതമാക്കുകയും പകലിന്റെ ദൃഷ്ടാന്തത്തെ നാം കാഴ്ച നൽകുന്നതാക്കുകയും ചെയ്തു. നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങൾ അനുഗ്രഹങ്ങൾ തേടുന്നതിന് വേണ്ടിയും വർഷങ്ങളുടെ എണ്ണവും ഗണിതശാസ്ത്രവും നിങ്ങൾ അറിയുന്നതിന് വേണ്ടിയുമാണത്. എല്ലാ കാര്യങ്ങളും നാം നല്ലവണ്ണം വിശദീകരിച്ചിരിക്കുന്നു.'**(17:13)

അൽ കഹ്ഫിൽ അല്ലാഹു ഗുഹാവാസികളെ കുറിച്ചു പറയുന്നു: **'അവർ അവരുടെ ഗുഹയിൽ മുന്നൂറ് വർഷം (സിനീൻ) താമസിച്ചു. ഒമ്പത് വർഷം കൂട്ടിച്ചേർക്കുന്നുമുണ്ട്' (18:26)**

മുന്നൂറ് വർഷവും അതിന് ശേഷം ഒമ്പത് വർഷവും കഴിഞ്ഞപ്പോൾ ഗുഹാവാസികൾ കാലാവസ്ഥയിലോ ഋതുക്കളിലോ

യാതൊരു മാറ്റവും ദർശിച്ചില്ല. അതിനർത്ഥം ഭൂമി അതിന്റെ ഭ്രമണ വൃത്തത്തിൽ 309 വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന അതേ സ്ഥാന ത്ത് തന്നെ എത്തി എന്നാണ്. ഇത് അർത്ഥമാക്കുന്നത് 309 വർഷം കാലദൈർഘ്യമുള്ള ചാന്ദ്രവർഷം 300 സൗരവർഷത്തിന് തുല്യം എന്നാണ്.

ഈ ഗണിതശാസ്ത്ര ബന്ധ ത്തെ അടിസ്ഥാനമാക്കി സൗരവർ ഷം 365.24 ദിവസം ഉണ്ടായിരിക്കും. എന്നാൽ ചാന്ദ്രവർഷം **സന** 354.60 ദിവസം മാത്രമേ ഉണ്ടാവൂ. അതായത് സൗരവർഷത്തേക്കാൾ 10.64 ദിവസം കുറവാണ് ചന്ദ്രവർ ഷത്തിന്. 29.55 ദിവസങ്ങളുള്ള 12 മാസങ്ങൾ ഉണ്ട് എന്ന് നാം കണ്ടു.

സൂറ അൻകമ്പൂത്തിൽ (29:15) വർഷത്തിന് ഉപയോഗിക്കുന്ന **സന, ആം** എന്നീ രണ്ട് അറബി പദങ്ങളും ഉപയോഗിച്ചതായി കാണാം. **സന, ആം** എന്നീ രണ്ട് അറബി വാക്കു കളുടെ അർത്ഥത്തിന്റെ വ്യത്യാസം മനസ്സിലാക്കാൻ അല്ലാഹു അവന്റെ ജ്ഞാനത്താൽ വളരെ പ്രകടമായ രീതിയിൽ രണ്ട് വ്യത്യസ്ത പദങ്ങൾ നൽകിയിരിക്കുന്നത് കാണാം. അല്ലാഹു പറയുന്നു: **'സത്യമായും നാം നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് അയച്ചു. എന്നിട്ട് അദ്ദേഹം ആയിരം വർഷത്തിൽ (സനത്തിൻ), അമ്പത് വർഷം (ആമൻ) കുറവ് (അതായത്) തൊള്ളായിരത്തി അമ്പത് വർഷം അവരിൽ പാർത്തു.'(29:15)**

നമുക്ക് ഇവിടെ രണ്ട് വ്യത്യ സ്ത രീതിയിലുള്ള കാലഗണനകൾ കാണാൻ കഴിയും. ഒന്ന് **'സന'** രീതിയിലുള്ളതാണ്. മറ്റൊന്ന് **'ആം'** രീതിയിലുള്ളതും. സനയും ആം ഒരേ കാലയളവിനെ പറ്റിയുള്ള പ്രതിപാദനമാണെങ്കിൽ അവ രണ്ടിനും ഒരേ അർത്ഥമായിരിക്ക ണമല്ലോ ഉണ്ടായിരിക്കേണ്ടത്. അല്ലാഹുവിന് തൊള്ളായിരത്തി അമ്പത് സന എന്ന് പറയാമായി രുന്നു. അല്ലെങ്കിൽ തൊള്ളായിരത്തി അമ്പത് ആം എന്നോ പറയാമാ യിരുന്നു. ഈയൊരു പ്രത്യേക ശൈലിയിലൂടെ അല്ലാഹു ഇവിടെ നമുക്ക് ചിന്തിക്കാൻ **സന, ആം** എന്നീ രണ്ട് പദങ്ങളാണ് നൽകി യിരിക്കുന്നത്. വിശുദ്ധ ഖുർആനിൽ ഒരു കാലഘട്ടത്തെ കുറിക്കാൻ ആ കാലയളവിലെ വർഷത്തെ പറ്റി രണ്ട് രീതിയിലുമുള്ള സനാ, ആം എന്നീ പദങ്ങൾ ഒരേ സ്ഥലത്ത് തന്നെ ഉപയോഗിച്ച ഒരേയൊരു വചനമാണിതെന്നും ഓർക്കണം.

ഇതിന് മുമ്പ് ഉപയോഗിച്ച **സന** എന്ന ചാന്ദ്രവർഷത്തിലെയും **ആം** എന്ന് സൗരവർഷത്തിലെയും ഗണിതപരമായ ബന്ധം ഉപയോഗി ച്ചുകൊണ്ട് നൂഹ് നബി (അ) ന്യായപ്രമാണ കാലഘട്ടം 948.50 ചന്ദ്രവർഷമാണ് എന്ന് ഖുർആൻ മനസ്സിലാക്കിതരുന്നു അത് 920.87 സൗരവർഷത്തിന് തുല്യമാണ്. നൂഹ്നബി (അ) ന്റെ ഈ കാല ഘട്ടത്തിലെ ആദ്യത്തെ ഏതാനും ദശാബ്ദം (അമ്പത് വർഷം) ആത്മീയ പുരോഗതിയെ പ്രതിനിധീ കരിക്കുന്ന വർഷങ്ങളാണ്. തുടർന്ന് വരുന്ന നിരവധി നൂറ്റാണ്ടുകൾ (950 വർഷങ്ങൾ) ആത്മീയ ശോഷണ ത്തിന്റെ അഥവാ അധപതനത്തിന്റെ കാലഘട്ടമാണ്. (29:15). വിശുദ്ധ ഖുർആൻ നൂഹ് നബി (അ) യുടെ യഥാർത്ഥ വയസ്സ് ഖണ്ഡിതമായി പറയുന്നില്ല. വയസ്സിനെപറ്റി പ്രതി പാദിക്കുക പോലും ചെയ്യുന്നില്ല. എന്തുകൊണ്ടാണ് നാം ഇതെല്ലാം ചർച്ച ചെയ്യുന്നത്? നൂഹ് നബി (അ) പ്രായം യഥാർത്ഥത്തിൽ പ്രധാന പ്പെട്ടതാണോ? അല്ലെങ്കിൽ അത് നമ്മെ സംബന്ധിച്ചേടത്തോളം പ്രസക്തമാണോ? പ്രസക്തമല്ലെ ങ്കിൽ ദൈവിക പ്രബുദ്ധതയുടെ ഈ ഗ്രന്ഥത്തിൽ അത് പരാമർശി ക്കപ്പെടുന്നതിന്റെ ഉദ്ദേശമെന്ത്? നൂഹ് നബി (അ) യഥാർത്ഥ പ്രായം സംബന്ധിച്ച ബോധവാന്മാരായിരി ക്കണമെന്നതിലേക്ക് വിശുദ്ധ ഖുർ ആൻ നയിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്ന് നമുക്ക് ദുർഗ്രാഹ്യ മാണ്.

മറ്റൊരു ഉദാഹരണം സൂറാ ബക്കറയിലേതാണ്.(2:260) അതാ യത് സമ്പൂർണ്ണമായും നശിച്ച ഒരു ഗ്രാമം കടന്നു പോകുന്ന ഒരാളുടെ കഥയുടെ ചിത്രീകരണമാണ്. **'ഈ ഗ്രാമത്തെ അതിന്റെ മരണത്തിന് ശേഷം അല്ലാഹു എങ്ങനെയാണ് ഉയിർത്തെഴുന്നേൽപ്പിക്കുക?'** എന്ന് അദ്ദേഹം ആശ്ചര്യപ്പെട്ടു. അതിന് ശേഷം അല്ലാഹു അദ്ദേഹത്തെ 100 വർഷത്തേക്ക് (ആം) മരിപ്പിച്ചു. പിന്നീട് അദ്ദേഹത്തെ പുനരുജ്ജീ വിപ്പിച്ചു. അദ്ദേഹത്തോട് ചോദിച്ചു. **'താങ്കൾ എത്ര കാലമാണ് കഴിച്ചു കൂട്ടിയത്?'** ആ മനുഷ്യൻ പറഞ്ഞു: **'ഞാൻ ഒരു ദിവസമോ അല്ലെങ്കിൽ ഒരു ദിവസത്തിന്റെ ഭാഗമോ ആയിരിക്കും'** അദ്ദേഹം അങ്ങനെ പറയാൻ കാരണം മരിച്ച അവസര ത്തിൽ കണ്ട അതേ കാലാവസ്ഥ തന്നെയാണ് ഉയർത്തെഴുന്നേറ്റപ്പോ ഴും കണ്ടത്. ഇത് സൂചിപ്പിക്കുന്നത് നൂറ് വർഷത്തിന് **(ആം)** ശേഷം ഭൂമി അതിന്റെ ഭ്രമണപഥത്തിൽ സൂര്യനു ചുറ്റും കറങ്ങി നൂറ് വർഷം മുമ്പുണ്ടായിരുന്ന അതേ സ്ഥാന ത്താണ് അപ്പോൾ എത്തിനിന്നത് എന്നാണ്. ഇത് സൗരവർഷഗണന യിലെ നൂറ് വർഷം കഴിഞ്ഞാൽ സംഭവിക്കുന്ന കാര്യമാണ്. (അല്ലാ ഹുവിനാണ് ഏറ്റവും നന്നായി അറിയുക) ഖുർആനിലെ നിഗൂഢ ജ്ഞാനങ്ങൾ കരസ്ഥമാക്കാൻ അല്ലാഹു നമ്മെ പ്രാപ്തരാക്കട്ടെ. (ആമീൻ)

**പേജ് 25 ൽ നിന്ന് തുടർച്ച**

## ഉപസംഹാരം

ഇസ്‌ലാം എന്നും വികസിച്ചു കൊണ്ടിരിക്കുന്ന ഒരു മതമാണ്. അതിന്റെ മഹത്തായ ബലം എന്നത് ദൈവവുമായുള്ള ഐക്യപ്പെടലും സാത്വികരായ ആളുകളുടെ മിഷണറി പ്രവർത്തനവുമാണ്. ചൈന എന്നത് മിഷണറി പ്രവർ ത്തനത്തിലൂടെയും ജീവകാരുണ്യ പ്രവർത്തനത്തിലൂടെയും ഇസ്‌ലാമി ലേക്ക് മാറിയ ഒരു സുന്ദരമായ ഉദാഹരണമാണ്.

# ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ

മുസ്‌ലിം രാജ്യങ്ങളിൽ കഴിയുന്ന അമുസ്‌ലിംകളായ പൗരന്മാരോട് മുസ്‌ലിം ഭരണ കൂടം അനുവർത്തിക്കേണ്ട പ്രമാണിക സമീപനങ്ങളെ ക്കുറിച്ചും റസൂൽ തിരുമേനി (സ) യുടെയും ഖുലഫാ ഉർറാശിദായുടെയും മാതൃകയെ സംബന്ധിച്ചുമുള്ള വിവരണം.

മാലിക്ക് സൈഫുർറഹ്‌മാൻ

ദൈവ പ്രചോദിതനായ പരിഷ്ക്കർത്താവ് എന്ന നിലയിൽ വിശുദ്ധ നബി (സ)യുടെ വാദങ്ങൾ മക്കക്കാരിൽ രോഷമുളവാക്കി. ഖുറൈശി മുഖ്യന്മാർ ഇസ്‌ലാമിനെ എതിർക്കാൻ തീരുമാനിച്ചു. പുതിയ മതം അറേബ്യയിൽ പടരുന്നത് ബിംബാരാധകർ വെച്ചുപൊറുപ്പിക്കുമായിരുന്നില്ല. തുടക്കത്തിൽ തന്നെ ഇസ്‌ലാമിനെ തകർക്കാൻ അവർ ദൃഢ നിശ്ചയം ചെയ്തു. ഈ മഹാ വിപത്ത് ഉന്മൂലനം ചെയ്യാനായി തങ്ങളാലാവുന്ന എല്ലാ മാർഗ്ഗങ്ങളും അവർ അവലംബിച്ചു. മുസ്‌ലിംകൾക്കെതിരായ ഖുറൈശികളുടെ ഈ സംരംഭത്തിൽ പൊതു ജനങ്ങളും പങ്കുചേർന്നു മുസ്‌ലിംകൾക്ക് യാതനകളുടെയും പരീക്ഷണങ്ങളുടേയും കാലഘട്ടം ആരംഭിച്ചു. അവരുടെ ജീവിതവും സ്വത്തും അഭി മാനവും എല്ലാം നിരന്തമായ ഭീഷണിക്കു വിധേയമായി. മുസ്‌ലിംകൾ മർദ്ദിക്കപ്പെടുകയു ബഹിഷ്ക്കരിക്കപ്പെടുകയും ശകാരിക്കപ്പെടുകയും ചെയ്തു. ഓരോ മുസ്‌ലിം പൗരനും അസാധാരണ അവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ടു. തങ്ങളുടെ മതം പ്രബോധിക്കാനും അതിനെ പരസ്യമായി സ്തുതിക്കാൻ പോലും അവർക്ക് അസാദ്ധ്യമായിരുന്നു. ഇസ്‌ലാം സ്വീകരിക്കപ്പെടുകയും അതിനെ പുകഴ്ത്തുകയും ചെയ്കയെന്നാൽ അതിന്റെ അർത്ഥം മരണം വരിക്കുകയെന്നതായിരുന്നു. റസൂൽ തിരുമേനി(സ) യുടെ അവസ്ഥയും മറിച്ചായിരുന്നില്ല. അദ്ദേഹം അപമാനിക്കപ്പെടുകയും ശകാരിക്കപ്പെടുകയും ചെയ്തു. ഏത് വിധത്തിലാണ് മക്കക്കാർ അദ്ദേഹത്തോട് പെരുമാറിയതെന്നതിന് ഉദാഹരണമായി ഹദ്റത്ത് ആയിശ (റ) തിരുനബി (സ) യുടെ പത്നി നിവേദനം ചെയ്ത് ഹദീസ് ഇപ്രകാരമാണ്. ഈ ദുരിതങ്ങളെ പരാമർശിച്ചു കൊണ്ട് നബി (സ) തിരുമേനി ഒരിക്കൽ പറഞ്ഞു.

അബൂലഹബും ഉത്ബയും എന്റെ അയൽവാസികളായിരുന്നു. അവരുടെ പദ്ധതിയും ആസൂത്രണങ്ങളും കാരണമായി ഞാൻ എല്ലാ ഭാഗത്ത് നിന്നും വലയം ചെയ്യപ്പെട്ടു. എന്റെ ജീവിതം ദുർഭരമാക്കാൻ അമേധ്യത്തിന്റെ കൂമ്പാരം എന്റെ വാതിൽ പടിക്കൽ നിക്ഷേപിച്ചിരുന്നു. പുറത്തേക്ക് വരുമ്പോൾ ഞാൻ ഈ മാലിന്യം നീക്കുകയും ഞാനിപ്രകാരം പറയുകയും ചെയ്യുമായിരുന്നു. അബ്ദു മനാഫിന്റെ പുത്രന്മാരെ എന്തിനാണിങ്ങനെ ചെയ്യുന്നത്? ഇങ്ങനെയാണോ അയൽവാസികളോടുള്ള കടമ നിങ്ങൾ നിർവ്വഹിക്കുന്നത്. 1

മേൽ പറഞ്ഞ ഹദീസിൽ നിന്നും വ്യക്തമാകുന്നത് പ്രകാരം ഇസ്‌ലാം സ്വീകരിക്കുന്നതിൽ നിന്ന് ഞങ്ങളെ തടയാൻ ഖുറൈശികൾ ചെയ്യാത്ത ഒരു ഹീന കൃത്യവുമില്ലായിരുന്നു. ഞങ്ങളുടെ സഹോദര മതങ്ങളിൽ നിന്ന് ആളുകൾ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുന്നത് കണ്ട ശത്രുക്കൾ പുതിയ മതത്തെ ഉന്മൂലനം ചെയ്യുവാൻ ദൃഢനിശചയം ചെയ്തു. മക്കാ നിവാസികളിൽ നിഷ്ക്കളങ്കരായ അവരുടെ ഭക്തനായ നേതാവിനോട് കാണിച്ച വെറുപ്പിന്റെ തീവ്രത വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. മുസ്‌ലിംകൾക്ക് നേരെ മക്കക്കാരുടെ മോശപ്പെട്ട പെരുമാറ്റവും മുസ്‌ലിംകൾക്ക് നേരെ അവർ കാണിച്ച ഹീനമായ രീതിയും മക്കാ വിട്ടു പോയി വേറെയെവിടെങ്കിലും അഭയം തേടാൻ മുസ്‌ലിംകളെ നിർബന്ധിതരാക്കി.

### മർദ്ദനത്തിന്റെ ഫലം

മർദ്ദിതരായ മുസ്‌ലിംകൾ മക്കയിൽ നിന്നും 200 നാഴിക അകലെയുള്ള യത്തിരിബിലേക്ക്

പോയി. അവിടെ നബി തിരുമേനി (സ) ക്ക് ചില അനുയായികൾ ഉണ്ടായിരുന്നു. പക്ഷേ പലായനം പോലും മക്കാക്കാരുടെ കോപം ശമിപ്പിച്ചില്ല. പകരം അവർ അങ്ങേയറ്റം കാഠിന്യം കാണിക്കുകയും എതിർപ്പ് അക്രമാസക്തമാക്കുകയുമാണ് ചെയ്തത്. അവർ മുസ്ലിംകളെ സമാധാനത്തിലും സുരക്ഷയിലും ജീവിക്കാൻ അനുവദിക്കുമായിരുന്നില്ല. അവർ അഭയാർത്ഥികളെ പിന്തുടരാനും വധിക്കുവാനും പദ്ധതി ആസൂത്രണം ചെയ്തു. നിരവധി തവണ അവർ ശക്തമായ ആയുധ സജ്ജരായി മുസ്ലിംകളെ ആക്രമിച്ചു. മുസ്ലിംകൾ സധൈര്യം നേരിടുകയും അവരുടെ മുന്നേറ്റം തടയുകയും ചെയ്തു. മക്കക്കാരെ അപേക്ഷിച്ച് നബി തിരുമേനി (സ) യുടെ അനുയായികളുടെ കുറഞ്ഞ എണ്ണം കണക്കിലെടുത്താൽ മുസ്ലിംകളുടെ ശ്രദ്ധേയമായ വിജയം ദൈവാനുഗ്രഹം മുഖേനയുള്ള ഒരത്ഭുതമായേ വിവരിക്കാനാവൂ.

ഈ യുദ്ധങ്ങളെല്ലാം ചെയ്യപ്പെട്ടത് ആത്മരക്ഷാർത്ഥമായിരുന്നു. നബി (സ) തിരുമേനിക്ക് മക്കക്കാരോട് എന്നല്ല മറ്റു ശത്രുക്കളോട് ആത്മരക്ഷാർത്ഥമല്ലാതെ യുദ്ധം ചെയ്തതായി ആർക്കും കാണിക്കാൻ സാധിക്കുന്നതല്ല. അദ്ദേഹം നിർബന്ധിതാവസ്ഥയിലാണ് യുദ്ധം ചെയ്തത് എന്ന കാര്യം അദ്ദേഹത്തിന്റെ വിമർശകർ പോലും സമ്മതിക്കുന്ന കാര്യമാണ്.

മുസ്ലിംകൾ ഒരിക്കലും ആദ്യമായി ശത്രുക്കളെ ആക്രമിച്ചിട്ടില്ല എന്നതും തങ്ങളുടെ ജീവരക്ഷാർത്ഥാർത്ഥമാണ് യുദ്ധം ചെയ്തത് എന്നത്കൊണ്ടും സർവ്വ ശക്തനായ ദൈവത്തിന്റെ സഹായം കൊണ്ട് മാത്രമാണ് മുസ്ലിംകൾ വിജയം കൈവരിക്കുകയും ബലാൽക്കാരമായി തങ്ങളെ പുറത്താക്കിയ പട്ടണത്തിലേക്ക് തിരിച്ചു വരികയും ചെയ്തത്.

## പ്രവാചകന്റെ മഹത്വം

നബി (സ) തീരുമേനി സഹജീവികളായ മനുഷ്യരോട് കാണിച്ച സ്നേഹവും അദ്ദേഹത്തിന്റെ ഹൃദയ മൃദുലതയും താഴെ പറയുന്ന ഉദാഹരണത്തിൽ നിന്നും ഒരാൾക്ക് തീരുമാനിക്കാവുന്നതാണ്. മക്കാ വിജയവേളയിൽ തന്റെ മർദ്ദകരോട് പ്രതികാരം ചെയ്യാൻ അവസരം കൈവന്നപ്പോൾ ആ മഹാത്മാവ് അവർക്ക് പൊതുമാപ്പ് നൽകുകയാണ് ചെയ്തത്. ഒരു സംഭവം ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

മദീനയിലേക്ക് പലായനം ചെയ്യുന്നതിന്ന് മുമ്പ് നബി തിരുമേനി (സ) കഅബയുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉസ്മാനിബ്നു ത്വൽഹായോട് ദൈവ ഗേഹത്തിന്റെ വാതിൽ തുറന്ന് വെക്കാൻ പറയുകയുണ്ടായി. അങ്ങേയറ്റത്തെ അഹങ്കാരത്തോടെ ത്വൽഹ ആ അപേക്ഷ നിരസിച്ചു. അപ്പോൾ റസൂൽ തിരുമേനി (സ) പറഞ്ഞു: ഈ താക്കോലുകൾ ഒരു ദിനം എന്റെ കൈകളിലെത്തും. അപ്പോൾ എനിക്ക് ഇഷ്ട്ടമുള്ളവർക്ക് ഞാൻ അത് നൽകുന്നതാണ്. വളരെ പുഛത്തോടെയും നിന്ദയോടെയും ഉസ്മാൻ ആർത്തു വിളിച്ചു: ആ ദിനം ഖുറൈശിന്റെ മക്കൾ അധികരമില്ലാത്തവരായി തീരുമോ? മക്കാ പതന ദിവസം നബി (സ) തിരുമേനി കഅബയിൽ പോയി. ഉസ്മാനെ തന്റെയടുക്കലേക്ക് വിളിച്ചു. ഭയം കൊണ്ട് വിറച്ച് ഉസ്മാൻ തിരുമുമ്പിൽ ഹാജരായി. താൻ ഒരിക്കൽ പ്രവാചകനോട് എങ്ങനെയായിരുന്നു പെരുമാറിയതെന്ന് ഓർത്തു. ഉസ്മാന്റെ അനുചിതമായ പെരുമാറ്റം അവഗണിച്ചു കൊണ്ട് പ്രവാചകൻ ഉസ്മാന്ന് മാപ്പ് നൽകി. സ്നേഹത്തിന്റെയും കാരുണ്യത്തിന്റേയും സ്വരത്തിൽ അയാളെ അഭിസംബോധന ചെയ്തു. ഉസ്മാൻ താങ്കൾക്ക് മാപ്പു നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഈ ദിനം പൊറുക്കലിന്റേതാണ്. പ്രതികാരത്തിന്റേതല്ല. കഅബയുടെ താക്കോൽ സൂക്ഷിപ്പുകാരനായി താങ്കൾ നിയമിക്കപ്പെട്ടിരിക്കുന്നു. താങ്കളിൽ നിന്നും ഈ താക്കോൽ എടുത്തുമാറ്റാൻ ശ്രമിക്കുന്നവർ തട്ടിപ്പറിക്കാരനായി കണക്കാക്കപ്പെടും.

മക്ക കീഴടക്കിയത് ഇങ്ങനെയുള്ള ആളായിരുന്നു. ആ ദിവസം തനിക്ക് പരിക്കേൽപ്പിച്ച അവരോട് പ്രതികാരം ചെയ്യാനുള്ള അവകാശവും അധികാരവും അവിടുത്തേക്ക് ഉണ്ടായിരുന്നു. അഹങ്കാരികളായ മക്കക്കാർ അന്ന് അവിടുത്തെ കാരുണ്യത്തിന്റെ കീഴിലായിരുന്നു. അവിടുന്ന് ഇഛിക്കുന്നതെന്തും ചെയ്യാൻ അപ്പോൾ കഴിയുമായിരുന്നു. എന്നാൽ അവിടുന്ന് അവർക്കെല്ലാം പൊറുത്തു കൊടുക്കുകയാണുണ്ടായത് !! എത്രമാത്രം മാന്യമായാണ് തന്റെ കൊടും ശത്രുക്കളോട് പോലും അവിടുന്ന് പെരുമാറിയത്. അത് അദ്ദേഹത്തിന്റെ ആദ്യകാല ശത്രുക്കളിൽ നിരവധിയാളുകളുടെ പരിവർത്തനത്തിന്ന് കാരണമായി. എന്നിട്ടും ചില ഗോത്രക്കാർ അവിടുത്തെ പ്രജകളായിരുന്നിട്ടും തങ്ങളുടെ പഴയ മതത്തോട് വിശ്വസ്തത പുലർത്താനാണ് ഇഷ്ടപ്പെട്ടത്.

## ദിമ്മിയ്യത്ത് വ്യവസ്ഥ

റസൂൽ തിരുമേനി (സ) യോട് മക്കക്കാർ കാണിച്ച അനുചിതവും ക്രൂരവുമായ പെരുമാറ്റത്തിന്ന് കാരണം കണ്ടെത്താൻ ശ്രമിച്ചാൽ നമുക്ക് യുക്തിപരമായ ഒരു ഒഴിവ് കഴിവ് കണ്ടെത്താൻ കഴിയാതെ വരും. എന്തെന്നാൽ റസൂൽ തിരുമേനി (ശാന്തനും സമാധാന സ്നേഹിയായ ഒരു പൗരനായിരുന്നു. പ്രവാചക ദൗത്യം ഏൽക്കുന്നതിന്ന് മുമ്പേ തന്നെ അദ്ദേഹം ദാനധർമ്മങ്ങളും നിസ്സ്വാർത്ഥ സേവനങ്ങളും മൂലം അവിടുന്ന് അറിയപ്പെട്ടിരുന്നു. പിന്നീട് ശത്രുക്കളായി മാറിയവർ പോലു അദ്ദേഹത്തെ അമീനും സ്വാദിയും (വിശ്വസ്തനും സത്യ സന്ധനുമായാണ്) ഗണിച്ചിരുന്നത്. സത്യസന്ധതക്കും ഉദ്ഗ്രഥ

നത്തിന്നും ധാർമികമായ ഋജുമതി ത്വത്തിന്നും സാമൂഹികവും രാഷ്ട്രീയവുമായി പ്രാധാന്യമുള്ള പ്രവർത്തികളിൽ ഭാഗഭാക്കാകുന്നതിന്നും അദ്ദേഹം പ്രസിദ്ധനായിരുന്നു. അദ്ദേഹം ജനങ്ങളെ ഏകദൈവാരാധനയിലേക്ക് വിളിച്ചു. തിന്മകളുടെ വഴികൾ ഉപേക്ഷിക്കാനും നീതിയോടെയും ഉന്നത ധാർമിക മാനദണ്ഡമനുസരിച്ച് ജീവിതം നയിക്കാനും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു. ആവശ്യക്കാരെയും ദരിദ്രരേയും സഹായിക്കാനും അദ്ദേഹം ഉപദേശിച്ചു.

ഇവയിലൊന്നും മക്കക്കാരുടെ കോപം ജ്വലിപ്പിക്കാനുള്ള ഒന്നുമുണ്ടായിരുന്നില്ല. ഒരുപക്ഷേ പ്രവാചക (സ)ന്റെ അവരോടുള സമാധാനപരമായ മനോഭാവവും യുക്തിപരമായ അദ്ധ്യാപനങ്ങൾ മൂലം ഉണ്ടായിട്ടും മക്കക്കാർ അദ്ദേഹത്തെ സമാധാന പരമായി ജീവിക്കാൻ അനുവദിച്ചില്ല. ഇസ്ലാം ആചരിക്കുന്നതിൽ നിന്നും മുസ്ലിംകളെ പിന്തിരിപ്പിക്കാൻ മക്കക്കാർ കാടത്തപരമായ ശക്തി പ്രയോഗിച്ചു. തങ്ങളുടെ വിശ്വാസം കൈക്കൊള്ളാനും ആചരിക്കാനുമുള്ള അടിസ്ഥാന പരമായ മനുഷ്യാവകാശങ്ങൾ മുസ്ലിംകൾക്ക് നിഷേധിക്കപ്പെട്ടു. ഇപ്പോൾ മുസ്ലിംകൾ അധികാരത്തിലേറിയതിനാൽ പുതിയ ഭരണത്തിന്നു കീഴിൽ തങ്ങളുടെ ഭാവിയെന്തായിരിക്കുമെന്ന കാര്യത്തിൽ അമുസ്ലിംകൾ സ്വാഭാവികമായും ഉത്കണ്ഠാകുലരായിരുന്നു. തങ്ങൾ മുസ്ലിംകളുമായി യുദ്ധം ചെയ്ത് മതപരമായ സ്വാതന്ത്ര്യത്തിന്റെ പേരിലായിരുന്നുവെന്ന് അവർക്കറിയാമായിരുന്നു. തങ്ങൾക്ക് അധികാരമുള്ളപ്പോൾ തങ്ങൾ മുസ്ലിംകളുടെ അവകാശങ്ങൾ നിഷേധിച്ചിരുന്നുവെന്നും അവർക്കറിയാമായിരുന്നു. മുസ്ലിം ഗവൺമെന്റിന്റെ കീഴിൽ തങ്ങളുടെ വിശ്വാസമാചരിക്കാൻ അവർ അനുവദിക്കയില്ലെന്ന് അമുസ്ലിംകൾ ഭയപ്പെട്ടിരുന്നു. പ്രശ്നം ഒന്നു തന്നെയായിരുന്നു. അധികാരത്തിന്റെ തുലാസ് മുസ്ലിംകൾക്കനുകൂലമായി മാറിയെന്നു മാത്രം. എന്നാൽ വിശുദ്ധ നബി (സ) അമുസ്ലിംകളോട് പറഞ്ഞത് താൻ ജയം നേടിയെങ്കിലും താനേതൊരു തത്വത്തിന്ന് വേണ്ടിയാണോ പോരാടിയത് അത് താൻ ഉയർത്തിപ്പിടിക്കുമെന്നായിരുന്നു. ഓരോ വ്യക്തിയുടെയും മതസ്വാതന്ത്ര്യാവകാശം സംരക്ഷിക്കേണ്ടത് തങ്ങളുടെ ബാദ്ധ്യതയാണെന്ന് മുസ്ലിംകൾ കരുതുന്നുവെന്ന് റസൂൽ തിരുമേനി (സ) പ്രഖ്യാപിച്ചു. അവർ മുസ്ലിംകളും മുസ്ലിംകളുടെ ദിമ്മികളുമായിക്കുമെന്നും അല്ലാഹുവിന്നും അവന്റെ പ്രവാചകനും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥരാണെന്നും അദ്ദേഹം അവരോട് പറഞ്ഞു. മുസ്ലിംകൾ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും അദ്ദേഹം അമുസ്ലിംകൾക്ക് നൽകി. അവരുടെ ജീവനും സ്വത്തിന്നും സംരക്ഷിതവും മുസ്ലിംകളുടേത് പോലെത്തന്നെ പവിത്രവും അലംഘനീയവുമാണ്. 'ദമ്മ' എന്നത് ഒരു അറബി പദമാണ് അതിൽ നിന്നുമ്മാണ് ദിമ്മി എന്ന പദം നിഷ്പന്നമായത്. അതിന്റെ അർത്ഥം എല്ലാവിധത്തിലുള്ള സംരക്ഷണവും രക്ഷയും അനുവദിക്കപ്പെട്ട ആൾ എന്നാണ്. മേൽ പറഞ്ഞതിൽ നിന്നും വ്യക്തമാവുന്നത് ഇസ്ലാമിക നിയപ്രകാരം അടിസ്ഥാനപരമായ മനുഷ്യാവകാശത്തെ സംബന്ധിച്ചേടത്തോളം മുസ്ലിമിന്നും അമുസ്ലിമിന്നും തുല്യമായ അവകാശങ്ങളാണ് ഉള്ളത്. മുസ്ലിംകളുടേയും അമുസ്ലിംകളുടേയും അവകാശങ്ങൾക്ക് തമ്മിൽ ഒരു വിവേചനവും ഇല്ല. തിരുനബി (സ) അനുവദിച്ചിട്ടുള്ള ഈ സ്വാതന്ത്ര്യ പ്രമാണം. ഹദ്റത്ത് അലി (റ) പ്രകടിപ്പിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

ദിമ്മികൾ ജിസിയ നൽകാൻ സമ്മതിച്ചിട്ടുണ്ട്. അതിന്ന് കാരണം അവരുടെ ജീവനും സ്വത്തുക്കളും മുസ്ലിംകളുടെ ജീവനും സ്വത്തുക്കളും പോലെ സുരക്ഷിതരായി കരുതപ്പെടും എന്നതിനാലാണ്. അതിനാൽ ഇക്കാര്യങ്ങളിൽ മുസ്ലിംകളുടെയും ദിമ്മികളുടെയും അവകാശങ്ങൾക്കിടയിൽ വിവേചനമില്ല.

ഹദ്റത്ത് ഉമറും (റ) ജുർജാനിലെ നിവാസികളും തമ്മിൽ നിശ്ചയിച്ച ഉടമ്പടി താഴെ കാണുന്നത് പ്രകാരമാണ്.

ജുർജാനിലെ ജനതയുടെ സ്വത്തും ജീവനും സാമൂഹിക ജീവിതവും മതവും സംരക്ഷിക്കപ്പെടുന്നതാണ്. അവരുട പദവിയിൽ ഒരു മാറ്റവും വരുത്തുകയില്ല. ഒരു വിധത്തിലും അവരിൽ കൈകടത്തുകയില്ല.

## മുസ്ലിംകൾക്കും അമുസ്ലിംകൾക്കുമിടയിലുള്ള സമത്വം

നബി തിരുമേനി (സ) ദിമ്മികൾക്ക് അഥവാ അമുസ്ലിംകൾക്ക് സ്ഥിരമായി അനുവദിച്ച അവകാശങ്ങൾ നിർവ്വചിക്കുന്ന സ്വാതന്ത്ര്യ പ്രമാണത്തിലെ വ്യവസ്ഥകൾ നാം കണ്ടിട്ടുണ്ട്. ഇസ്ലമിന്ന് കീഴിൽ അമുസ്ലിംകൾക്ക് നീതി പൂർവ്വകമായ അവകാശമാണോ യഥാർഥത്തിൽ നൽകിയിട്ടുള്ളത് എന്ന് നിശ്ചയിക്കാൻ മുസ്ലിംകൾ അനുവദിക്കുന്ന അവകാശങ്ങൾ നമുക്കൊന്ന് പരിശോധിക്കാം. മുമ്പ് മുസ്ലിംകളുടെ ശത്രുക്കളായിരുന്ന, യുദ്ധം ചെയ്യുന്ന ഗോത്രങ്ങളെ പരാമർശിച്ചു കൊണ്ട് നബി (സ) തിരുമേനി പറഞ്ഞു:

സമാധാന പൂർവ്വം ജീവിക്കാനുള്ള എന്റെ അവകാശം നശിപ്പിക്കുകയും മതസ്വാതന്ത്ര്യത്തിന്റെ പവിത്രാവകാശം ലംഘിക്കുകയും ചെയ്തവർക്കെതിരെ യുദ്ധം ചെയ്യാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ദൈവം ഏകനാണെന്ന കാര്യം സ്വീകരിക്കുകയും നമ്മുടെ രീതിയിൽ അവനെ ആരാധിക്കുകയും നമ്മുടെ ഖിബ്ലയെ സ്വീകരിക്കുകയും നാം തയ്യാറാക്കിയ മാംസം ഭക്ഷിക്കുന്നതി

## അമുസ്‌ലിംകളുമായി റസൂൽ തിരുമേനിയുടെ (സ) സാമൂഹികമായ ബന്ധങ്ങൾ

ഇസ്‌ലാമിക രാജ്യത്തിലെ തലവനെന്ന നിലയിലാണ് നബി തിരുമേനി(സ) അമുസ്‌ലിംകളോട് പെരുമാറിയിരുന്നത്. കേവല സമത്വത്തിന്റെ ഉറച്ച നിലയിലായിരുന്നു ആ പെരുമാറ്റം. അവരുമായി നല്ല നിലയിൽ വ്യാപാര സാമൂഹിക ബന്ധങ്ങൾ സ്ഥാപിക്കാൻ കഠിനമായി ശ്രമിച്ചിരുന്നു. അപ്രകാരം ഒരിക്കൽ നബി (സ) തിരുമേനി ഒരു ജൂതനോട് കുറച്ചു പണം കടം വാങ്ങിയിരുന്നു. അൽപ്പം കാലം കഴിഞ്ഞപ്പോൾ ആ ജൂതൻ പണം തിരിച്ചു വാങ്ങാൻ വന്നു. അയാൾ റസൂൽ തിരുമേനിയോട് പരുഷവും അപമാനകരവുമായ രീതിയിൽ പെരുമാറുകയും നീചമായ ഭാഷ ഉപയോഗിക്കുകയും ചെയ്തു. ഇത് കാരണം തിരുസഖാക്കൾ കോപിഷ്ടരായി.

തിരുമേനി (സ) അവരെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു:

ദയവ് ചെയ്ത് അയാളെ പറയാനനുവദിക്കുക. അയാൾക്ക് പറയാനുള്ള അവകാശമുണ്ട്. എന്തെന്നാൽ അയാൾ ആവശ്യപ്പെടുന്ന തുക നൽകാൻ ഞാൻ കടപ്പെട്ടവനാണ്.

അതിന്ന് ശേഷം അയാളുടെ തുക അയാൾക്ക് നൽകി റസൂൽ തിരുമേനി (സ) യിൽ നിന്നും ഇത്രയും നല്ല പെരുമാറ്റം അനുഭവപ്പെട്ടപ്പോൾ ഒടുവിൽ അയാൾ ഇസ്‌ലാം സ്വീകരിച്ചു.

ദിമ്മി ആയ ഖൈബറിൽ നിന്നുള്ള ജൂതസ്ത്രീ ഒരിക്കൽ വിഷം ചേർത്ത് പൊരിച്ച് ഇറച്ചി നൽകിക്കൊണ്ട് തിരുമേനി(സ) യെ അപായപ്പെടുത്താൻ ശ്രമിച്ചു. അതു കണ്ടു പിടിക്കപ്പെട്ടപ്പോൾ ആ സ്ത്രീ ക്ഷമാപണം ചെയ്തു. അവളെ ശിക്ഷിക്കുന്നതിന്ന് പകരം റസൂൽ തിരുമേനി (സ) അവർക്ക് പൊറുത്തുകൊടുക്കുകയാണ് ചെയ്തത്.

ക്കപ്പെടുന്നത്. ചില അജ്ഞരായ മുല്ലമാരുടെ വ്യാഖ്യാനം കാരണം ഈ പ്രയോഗത്തിന്ന് അപകടകരമായ അർത്ഥവും വഹിക്കുന്നുണ്ടെന്നത് സത്യമാണ്. പക്ഷേ ആദ്യകാല ഇസ്‌ലാമിന്റെ മഹത്തായ ദിനങ്ങളിൽ ദിമ്മി എന്ന പദം കൊണ്ട് അർത്ഥമാക്കിയിരുന്നത് അമുസ്‌ലിം പൗരന്മാരുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കാനുള്ള മുസ്‌ലിംകളുടെ പവിത്രമായ ഉത്തരവാദിത്വമായിരുന്നു. അതായത് അമുസ്‌ലിംകളായ പൗരന്മാർക്ക് സമാധാനത്തോടെ ജീവിക്കാനുള്ള പൂർണ്ണമായ അവസരമുണ്ടായിരിക്കണം. ചെറിയ തോതിൽ പോലും അവരുടെ സുരക്ഷക്ക് ഭീഷണിയോ അപകടമോ ഉണ്ടാവില്ല. ദിമ്മികൾ എന്ന പ്രയോഗം മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും അന്തസ്സിന്റെ ഉറവിടമായിരുന്നു.

ദിമ്മി വ്യവസ്ഥകൾ ഒരു ഗവൺമെന്റിന്റെ മഹത്വത്തിന്റെ രഹസ്യം ഉൾക്കൊണ്ടിരുന്നു. പൊതു ജനങ്ങൾ ജാതി മത വ്യത്യാസമന്യേ ഈ വിധം ഒരു മുസ്‌ലിം രാജ്യത്തിലെ പൗരന്മാരാകുന്നതിൽ അഭിമാനം കൊണ്ടിരുന്നു. ഒരു ഘട്ടത്തിലും ഒരു വ്യക്തിയുടെ മൗലികാവകശങ്ങൾ പരിമിതപ്പെടുത്തുക എന്ന അർത്ഥമാക്കുകയോ ചെയ്തിട്ടില്ല.

വിശുദ്ധ നബി (സ) യുടെയും ഖലീഫമാരുടെയും കാലഘട്ടത്തിൽ സമത്വത്തിന്റെ തത്വം അതിന്റെ ഉന്നതമായ അർത്ഥത്തിൽ പാലിക്കപ്പെട്ടിരുന്നുവെന്നത് ലോക ചരിത്രത്തിലെ ഒരു തുറന്ന അദ്ധ്യായമാണ്. മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിൽ സാമൂഹികമോ പൗരസംബന്ധിയോ ആയ കാര്യങ്ങളിൽ ഒരു വിവേചനവും ഉണ്ടായിരുന്നില്ല. രാജ്യത്തിലെ ഓരോ ഉദ്യോഗസ്ഥനും അമുസ്‌ലിം പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വ്യക്തമായ നിർദേശങ്ങൾ നൽകപ്പെട്ടിരുന്നു.

നെ ആക്ഷേപിക്കാതിരിക്കുകയും മറ്റു വാക്കുകളിൽ മുസ്‌ലിമാവാൻ സമ്മതിക്കുകയും നമുക്കെതിരിൽ യുദ്ധം ചെയ്യുന്നത് ഉപേക്ഷിക്കുകയും ചെയ്യുന്നവരുടെ മുൻകാല ദുഷ്ചെയ്തികൾ മാപ്പാക്കപ്പെടും. അല്ലാഹുവും അവന്റെ പ്രവാചകനും അവരുടെ സംരക്ഷണം സ്വയം ഏറ്റെടുത്തിരിക്കുന്നതിനാൽ ഭരണാധികാരം ഏറ്റെടുത്തിട്ടുള്ള മുസ്‌ലിംകളുടെ ബാധ്യതയാണ് തങ്ങളുടെ കർത്തവ്യം ചുറുചുറുക്കോടെ നിർവ്വഹിക്കുക എന്നത്. അവർ ഒരിക്കലും അതിന്റെ പ്രസാധാന്യത്തെ വിലകുറച്ച് കാണരുത്.

നബി തിരുമേനി(സ)യുടെ അസന്ദിഗ്ദമായ ഈ പ്രസ്താവന വ്യക്തമായും കാണിക്കുന്നത് അദ്ദേഹം ദിമ്മി മുസ്‌ലിംകൾക്ക് നൽകിയ അവകാശങ്ങൾ യുദ്ധം ചെയ്ത് പിന്നീട് ഇസ്‌ലാം സ്വീകരിച്ച ഗോത്രങ്ങൾക്ക് നൽകിയ അതേ അവകാശങ്ങൾ തന്നെയാണെന്നതാണ്.

ഈ അവകാശസമത്വത്തിന്റെ അടിസ്ഥാനത്തിലാണ് മുസ്‌ലിം സാമ്രാജ്യത്തിലെ അമുസ്‌ലിം പൗരന്മാരുടെ അവകാശങ്ങൾ മുസ്‌ലിം നിയമ വിദഗ്ദർ താഴെ പറയുംവിധം നിർവ്വചിച്ചിട്ടുള്ളത്.

അമുസ്‌ലിംകൾ മുസ്‌ലിം രാജ്യത്ത് ജീവിക്കാൻ തിരഞ്ഞെടുക്കുകയും അവിടുത്തെ നികുതികൾ അടക്കാൻ സമ്മതിക്കുകയും ചെയ്താൽ അവർക്ക് മുസ്‌ലിംകൾ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും അനുവദിക്കപ്പെടുന്നതാണ്. അതേ പ്രകാരം മുസ്‌ലിംകൾ നിറവേറ്റുന്ന് അതേ ബാദ്ധ്യതകൾ അവരും നിറവേറ്റേണ്ടതാണ്.

### ദിമ്മി ബഹുമാന്യമായ പദവി

ചുരുക്കത്തിൽ അമുസ്‌ലിംകൾക്കായുള്ള സംരക്ഷണത്തിന്റെയും ഉത്തരവാദത്വത്തിന്റേയും പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് മുസ്‌ലിം രാജ്യത്തിലെ അമുസ്‌ലിം പൗരന്മാർ ദിമ്മികൾ എന്ന് വിവരി

# ബൈബിളിലില്ലാത്ത ത്രിത്വ വാദം

ക്രിസ്ത്യാനികളുടെ അടിസ്ഥാന വിശ്വാസമായ ത്രിത്വം യേശു പ്രബോധിച്ചതായി ബൈബിളിൽ യാതൊരു തെളിവുമില്ല എന്നത് ക്രിസ്തു മതം മറുപടി പറയേണ്ട ഒരു വെല്ലുവിളി തന്നെയാണ്.

അതാവുൽ മുജീബ് റാശിദ്

ക്രിസ്തുമതത്തിന്റെ അടിസ്ഥാന വിശ്വാസ പ്രമാണം ത്രിത്വമാണ്. അത് കൊണ്ട് ത്രിത്വ സിദ്ധാന്തത്തെ പറ്റി ബൈബിൾ പ്രാമാണികമായി തന്നെ വ്യാപകമായും ആവർത്തിച്ചും വിശദീകരിക്കേണ്ടതുണ്ടെന്ന് നമ്മുടെ യുക്തി ആവശ്യപ്പെടുന്നു. ത്രിത്വത്തിന്റെ അസ്തിത്വം ചരിത്രപരമായും തെളിയിക്കേണ്ടതുണ്ട്. അതായത് പൗരാണിക കാലം മുതൽ തന്നെ ഈ സിദ്ധാന്തത്തിന്റെ സാന്നിദ്ധ്യം തെളിയിക്കണം അത്ഭുതകരമെന്ന് പറയട്ടെ ക്രിസ്ത്യാനികൾ അഭിമാനപൂർവ്വം വിശ്വസിക്കുന്ന ത്രിത്വ സിദ്ധാന്തം രണ്ട് വീക്ഷണ കോണിലും തെറ്റാണെന്ന് തെളിയുന്നു. യേശു ഒരിക്കലും ത്രിത്വം പ്രബോധിച്ചതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിസ്ത്യാനികൾ ത്രിത്വത്തെ പറ്റി ബൈബിളിൽ സൂചനയുണ്ടെന്ന് പറഞ്ഞ് ഈ വാദത്തെ എതിരാറുണ്ട്. ഉദാഹരണത്തിന്ന് മത്തായി 28: 19* ലെ പരാമർശം. ഈ വചനത്തിൽ മൂന്ന് അസ്തിത്വങ്ങളെക്കുറിച്ച് കേവലം പരാമർശിച്ചത് കൊണ്ട് മാത്രം ത്രിത്വത്തെ സ്ഥാപിക്കലാവുന്നില്ല. ഈ പരാമർശം ശരിയാവണമെന്നില്ല. അതിനെപറ്റി യേശു പരാമർശിക്കേണ്ടതുണ്ട്. അത്യാവശ്യമാണ്. എന്നാൽ ത്രിത്വത്തെപറ്റി പരാർശിക്കേണ്ടതിന്ന് പകരം യേശു എപ്പോഴും ദൈവത്തിന്റെ ഏകത്വത്തെ പറ്റിയും അവനെ ആരാധിക്കേണ്ടതിനെപ്പറ്റിയുമാണ് പറഞ്ഞത്. ഈ വസ്തുത തെളിയിക്കുന്നതിന്റെ ചില ഉദാഹരണങ്ങൾ.

***'ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ'(യോഹ:17:3)***

***'നീ എന്തിന്ന് എന്നെ നല്ലവൻ എന്നു വിളിക്കുന്നു. ദൈവം അല്ലാതെ മറ്റൊരു നല്ലവൻ ഇല്ല.'(ലൂക്ക: 18:19)***

***യേശു പറഞ്ഞു: 'പരമ പ്രധാനമായത് ഇതാണ്, അല്ലയോ ഈസ്റായേൽ കേൾക്കൂ, നമ്മുടെ ദൈവമായ കർത്താവാകുന്നു ഏക കർത്താവ് ' (മാർക്ക് 12:29)***

യേശുവിന്റെ ജീവചരിത്രം ആകമാനം നാം പരിശോധിക്കുകയാണെങ്കിൽ അദ്ദേഹം എപ്പോഴും ഏക ദൈവത്തിന്റെ ഏകത്വം മാത്രമാണ് പ്രേഷണം ചെയ്തതായി മനസ്സിലാക്കാൻ സാധിക്കുക ത്രിത്വത്തെ പറ്റി അദ്ദേഹം പ്രബോധനം ചെയ്ത ഏതെങ്കിലുമൊരു സംഭവം ചൂണ്ടിക്കാട്ടുവാൻ സാദ്ധ്യമല്ല. അദ്ദേഹം സ്വയം തന്നെ ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക മാത്രമല്ല അത് മറ്റുള്ളവരിൽ പ്രചരിപ്പിച്ചതായി നിരവധി സംഭവങ്ങൾ ബൈബിളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ കുരിശ് സംഭവത്തിന്ന് മുമ്പായി നടന്ന ബൈബിൾ വിവരണങ്ങൾ ഈ വസ്തുത വ്യക്തമായി തെളിയിക്കുന്നു.

യേശുവിനെ കുരിശിക്കാൻ വേണ്ടി കുറ്റമാരോപിച്ച് യഹൂദികൾ പിടിച്ചപ്പോൾ എന്തായിരുന്നു വാസ്തവത്തിൽ അദ്ദേഹത്തിന്റെ ചാർത്തപ്പെട്ട കുറ്റം? അദ്ദേഹം ദൈവത്തിൽ പങ്കുകാരനാണെന്ന് സ്വയം വാദം ഉന്നയിച്ചു എന്നതായിരിക്കണമല്ലോ അദ്ദേഹത്തിൽ ആരോപിക്കപ്പെട്ട കുറ്റം. അതായത് ദൈവത്തിന്റെ അസ്തിത്വ സങ്കൽപ്പത്തിലെ ഒരംശം താനാണെന്ന് യേശു വാദിച്ചു എന്ന യോഹന്നാന്റെ സുവിശേഷ പ്രകാരം യേശു വിചാരണ വേളയിൽ ചോദ്യം ചെയ്തപ്പോൾ യേശു പറഞ്ഞ കാര്യം ബൈബിൾ വിവരിക്കുന്നു:

***'മഹാപുരോഹിതന്മാർ യേശുവിനോട് അവന്റെ ശിഷ്യന്മാരേയും അവന്റെ പ്രബോധനത്തെയും കുറിച്ച് ചോദിച്ചു. യേശു പറഞ്ഞു: ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു. എല്ലാ യഹൂദരും ഒന്നിച്ചു കൂടുന്ന സിനഗോഗുകളിലും ദേവാലയത്തിലും വച്ചാണ് ഞാൻ എപ്പോഴും സംസാരിച്ചത്. ഞാൻ ഒന്നും രഹസ്യമായി പറഞ്ഞിട്ടില്ല. പിന്നെയെന്തിന്ന് എന്നോട് ചോദിക്കണം? ഞാൻ എന്താണ് പറഞ്ഞതെന്ന് കേട്ടവരോട് ചോദിക്കുക. ഞാൻ പറഞ്ഞത് അവർക്കറിയാം'(യോഹ: 18:10)***

യേശു തന്റെ പ്രബോധനം പരസ്യമായിട്ടാണ് നടത്തിയതെന്ന് ഈ വചനം തെളിയിക്കുന്നു. അദ്ദേഹം പ്രവാചകന്മാരുടെ പാരമ്പര്യം പിന്തുടർന്ന് കൊണ്ട് സത്യം

യാതൊന്നും മറച്ചുവെക്കാതെ എല്ലാം പരസ്യമായി പറയുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ അദ്ദേഹം യഹൂദന്മാർക്ക് അഹിതകരമായ ദൈവദൂഷണം (ത്രിത്വവാദം) പറയുകയാണെങ്കിൽ പരസ്യമായി പറഞ്ഞ അക്കാര്യം കേട്ട ആയിരക്കണക്കിന്ന് ശ്രോതാക്കളുണ്ടാകുമായിരുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടില്ല. അതിന്ന് വിരുദ്ധമായി യേശു വിശ്വാസമില്ലായ്മ തെളിയിക്കാൻ നിരവധി സാക്ഷികളുണ്ടാകുമായിരുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടില്ല. അതിന്ന് വിരുദ്ധമായി യേശുവിന്റെ വിശ്വാസമില്ലായ്മ തെളിയിക്കാൻ ഒരു സാക്ഷിയെ പോലും ഹാജരാക്കാൻ അവർക്ക് സാധിച്ചിട്ടില്ല. യഹൂദ പുരോഹിത മുഖ്യൻ കള്ളസാക്ഷികളെ പോലും ഹാജരാക്കി നോക്കി. പക്ഷേ അവർക്ക് കെട്ടി ചമച്ച ആരോപണം തെളിയിക്കാൻ സാധിച്ചില്ല. അത് ഇപ്രകാരം ബൈബിളിൽ രേഖപ്പെട്ടു കിടക്കുന്നു:

***'കാര്യം എങ്ങനെ കലാശിക്കാം എന്നു കാണാൻ അയാൾ അകത്തുകടന്നു പരിചാരകരുടെ കൂടെ ഇരുന്നു മുഖ്യ പുരോഹിതരും സംഘം മുഴുവനും യേശുവിന്ന് മരണശിക്ഷ വിധക്കാൻ അവന്ന് എതിരെ കള്ളതെളിവുകൾ കിട്ടുമോ എന്ന് നോക്കി. പല കള്ള സാക്ഷികളും മുന്നോട്ടുവന്നെങ്കിലും തെളിവൊന്നും അവർക്ക് കിട്ടിയില്ല.' (മത്തായി. 26:59-60)***

***'മുഖ്യപുരോഹിതരും സംഘം മുഴുവനും യേശുവിന്ന് മരണശിക്ഷ വിധിക്കാൻ അവന്ന് എതിരെ തെളിവുകൾ കിട്ടുമോ എന്നു നോക്കി. എന്നാൽ തെളിവൊന്നും അവർക്ക് കിട്ടിയില്ല. പലരും യേശുവിന്നെതിരെ കള്ളസാക്ഷ്യങ്ങൾ പറഞ്ഞെങ്കിലും അവരുടെ മൊഴികൾക്ക് പൊരുത്തം ഇല്ലായിരുന്നു. ചിലർ എഴുന്നേറ്റു അവനെതിരെ കള്ളസാക്ഷ്യം പറഞ്ഞു. 'മനുഷ്യകരങ്ങൾക്കൊണ്ട് നിർമ്മിച്ച ദേവാലയം ഞാൻ നശിപ്പിക്കും മനുഷ്യകരങ്ങൾക്കൊണ്ട് നിർമ്മിക്കാത്ത മറ്റൊന്ന് മൂന്ന് ദിവസം കൊണ്ട് ഞാൻ പണിയുകയും ചെയ്യും' എന്ന് ഇവൻ പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നിട്ടും അവരുടെ മൊഴികൾ പൊരുത്തപ്പെട്ടില്ല.' (മാർക്ക് 14:55-59)***

യേശുവിനെതിരെ യഹൂദികൾ നടത്തിയ ദുരാരോപണങ്ങൾ തെളിയിക്കാൻ സത്യ സാക്ഷികളെ ഹാജരാക്കുവാൻ അവർക്ക് സാധിച്ചിരുന്നില്ല. അത് ഈ ബൈബിൾ പരാമർശങ്ങളിൽ നിന്നും വളരെ വ്യക്തമാണ്. അവരുടെ ആരോപണങ്ങളിൽ നീതിമാനായ ന്യായാധിപൻ അതൃപ്തി രേഖപ്പെടുത്തിയതായി.

***'പീലാത്തോസ് മുഖ്യ പുരോഹിതനോടും ജനത്തോടും പറഞ്ഞു: ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല.'(ലൂക്ക് 23:4)***

***'അപ്പോൾ പീലാത്തോസ് മുഖ്യപുരോഹിതരേയും പ്രമാണികളെയും ജനങ്ങളെയും വിളിച്ചു കൂട്ടിപ്പറഞ്ഞു: ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്ന കുറ്റം ആരോപിച്ച് ഈ മനുഷ്യനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടു വന്നു. ഇതാ നിങ്ങളുടെ മുമ്പേ വെച്ച് പരിശോധിച്ചിട്ടും നിങ്ങൾ ആരോപിക്കുന്ന കുറ്റമൊന്നും ഈ മനുഷ്യനിൽ ഞാൻ കണ്ടില്ല. ഹെറോദോസും കണ്ടില്ല. കാരണം അയാൾ ഇവനെ മടക്കി അയച്ചിരിക്കുന്നു. ഇതാ മരണ ശിക്ഷ അർഹിക്കുന്നതൊന്നും ഇവൻ ചെയ്തിട്ടില്ല.' (25:15-15)***

***'പിലാത്തോസ് ചോദിച്ചു: എന്താണ് സത്യം? ഇത് ചോദിച്ച ശേഷം അയാൾ വീണ്ടും യഹൂദരുടെ അടുക്കൽ ചെന്ന് പറഞ്ഞു: ഞാൻ ഇവനിൽ കുറ്റമൊന്നും കാണുന്നില്ല.' (യോഹ: 18:, 38) 'താൻ വിചാരിച്ചാൽ നടക്കാൻ പോകില്ലെന്നും മറിച്ച് ഒരു ലഹള ഉണ്ടായേക്കാമെന്നും തോന്നിയിട്ട് പീലാത്തോസ് കുറച്ച് വെള്ളം എടുത്ത് ജനക്കൂട്ടത്തിന്ന് മുമ്പാകെ കൈകഴുകി പറഞ്ഞു: ഈ മനുഷ്യന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റുകൊള്ളുക' (മത്തായി 27:24)***

ത്രിത്വത്തിനെതിരെ ഞങ്ങളുടെ വാദമിതാണ്. കോടതിയിൽ ഏക ദൈവത്തിൽ വിശ്വസിക്കുന്ന യഹൂദരുണ്ടായിരുന്നുവല്ലോ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും ഇന്ന് വിശ്വസിക്കുന്നത് പോലെ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിരുന്നുവെങ്കിൽ യഹൂദന്മാർ അക്കാര്യം കോടതിയിൽ സ്ഥാപിക്കുമായിരുന്നു. തീർച്ചയായും യഹൂദികളുടെ മതവിശ്വാസത്തിന്നെതിരെ ദൈവദൂഷണം പറഞ്ഞതായും അതു വഴി യേശു കുറ്റവാളിയാണെന്ന് എളുപ്പത്തിൽ സ്ഥാപിക്കാനും സാധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മേലുള്ള ദൈവദൂഷണ കുറ്റം തെളിയിക്കപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിനെതിരെ കോടതിയിൽ ഹാജരാക്കിയ സാക്ഷികളെല്ലാം കള്ളസാക്ഷികളാണെന്ന് തെളിയുകയുമാണുണ്ടായത്.

യോഹന്നാൻ രേഖപ്പെടുത്തുന്നു:**'ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു'** (യോഹ: 18:20)

വാസ്തവത്തിൽ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ആയിരക്കണക്കിനാളുകൾ സാക്ഷികളായി എളുപ്പത്തിൽ ലഭിക്കുമായിരുന്നു. അദ്ദേഹമാകട്ടെ പരസ്യമായിട്ടാണ് തന്റെ വിശ്വാസ പ്രഖ്യപനം നടത്തിയത് ഒന്നും രഹസ്യമായിരുന്നില്ല. യേശു ത്രിത്വം പറഞ്ഞിരുന്നുവെങ്കിൽ അവർക്ക് കള്ള സാക്ഷികളെ ഹാജരാക്കേണ്ടി വരുമായിരുന്നില്ല. യേശു പറഞ്ഞ കാര്യങ്ങൾ യഹൂദ മതത്തിന്റെ അംഗീകൃത വിശ്വാസമായ ഏകദൈവ വിശ്വാസത്തിന്നെതിരായ, ദൈവദൂഷണമാണെന്ന് തെളിയിക്കാൻ ഒരു യഥാർത്ഥ സാക്ഷിയേയും അവർക്ക് ഹാജരാക്കാൻ സാധിച്ചില്ല.

**ശേഷം പേജ് 39 ൽ**

ഭാഗം - 39

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### 1910 ലെ ജൽസ സാലാനയിലെ ഹുദൂറിന്റെ പ്രസംഗം

ഹുദൂർ കുതിരപ്പുറത്തു നിന്നും വീണു പരിക്കു പറ്റി കിടപ്പിലായതിനു അഞ്ച് ആഴ്ച കഴിയുമ്പോഴേയ്ക്കും ജൽസാ സാലാന വന്നെത്തി. 1910 ഡിസംബർ 25,26,27 തിയ്യതികളിലായിരുന്നു ജൽസ. അസുഖവുംക്ഷീണവും കാരണം ഹുദൂർ ഏതു സമയത്താ യിരിക്കും ജൽസയിൽ പങ്കെടുക്കുക എപ്പോഴായിരിക്കും പ്രസംഗിക്കുന്നത് എന്ന കാര്യം വ്യക്തമല്ലാത്തതു കൊണ്ട് അഞ്ചുമൻ ജൽസ പ്രോഗ്രാമുകളൊന്നും തന്നെ നേരത്തെ പ്രസിദ്ധീകരിച്ചിരുന്നില്ല. അതിനാൽ ഓരോ ദിവസത്തെ പരിപാടികളെ കുറിച്ചു അന്നേ ദിവസം സഹോദരന്മാർക്കു വിവരം നൽകുകയായിരുന്നു ജമാഅത്തു ചെയ്തിരുന്നത്. 25-ാം തിയ്യതി സുഹർ നമസ്ക്കാരത്തിനു ശേഷം ഹുദൂർ ലായിലാഹ ഇല്ലല്ലാഹ് എന്ന കലിമയെ സംബന്ധിച്ചു ഒരു പ്രസംഗം നടത്തുകയുണ്ടായി. 27-ാം തിയ്യതി ഹർബയെ ദുആ (ദുആ എന്ന ആയുധം) എന്ന വിഷയത്തെ കുറിച്ചു ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. അതിന്റെ ചുരുക്കം ഇങ്ങനെയാണ്.

തശഹുദ് തഅവുദ് സൂറ: ഫാതിഹയ്ക്കു ശേഷം ഹുദൂർ പറഞ്ഞു وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ (നിങ്ങളുടെ നാഥൻ പറയുന്നു എന്നോടു പ്രാർഥിക്കുക. ഞാൻ നിങ്ങൾക്കു ഉത്തരം നൽകും. ഖുർആൻ 40:61) ദുആ എന്നത് ഒരു ആയുധമാണ്. വളരെ ശക്തമായ ആയുധമാണിത്. എന്നാൽ ഈ ആയുധം പ്രയോഗിക്കുന്നയാൾ ചിലപ്പോൾ ബലഹീനായിരിക്കാം. അതിനാൽ ഈ ആയുധത്തിലുള്ള വിശ്വാസം കുറഞ്ഞു പോവുകയും പിന്നീട് ക്രമേണ നിഷേധികളായി ത്തീരുകയും ചെയ്യുന്നു. ദുആ എന്ന ആയുധത്തെ ഇപ്പോൾ ലോകർ പരിപൂർണമായും ഉപേക്ഷിച്ചിരിക്കുകയാണ്. അഹ്മദികളായ നമ്മൾ തങ്ങളുടെ കഴിവനുസരിച്ചു അതിനെ ഉപയോഗപ്പെടുത്തുകയും അതിന്റെ ശക്തിയെ ത്വരിതപ്പെടുത്തുകയും ചെയ്യണം. എപ്പോഴും ദുആയിൽ വ്യാപൃതരായിരിക്കണം. ആ കാര്യത്തിൽ ഒരിക്കലും തളർന്നു പോകരുത്. ഞാൻ രോഗിയും വളരെ അവശനുമാണ്. ഇനി എന്റെ ജീവിതം എത്ര ബാക്കിയുണ്ടെന്നെനിക്കറിയില്ല. അതിനാൽ ലായിലാഹ് ഇല്ലല്ലാഹ് എന്നതിനോടൊപ്പം ദുആയെന്ന ഈ ആയുധം ശക്തമാക്കൂ എന്നാണു നിങ്ങളോടുള്ള എന്റെ അവസാന വസിയ്യത്ത്. നിങ്ങൾ ഒരിക്കലും ഭിന്നിക്കരുത്. കാരണം ഏതെങ്കിലും ജമാഅത്തിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ അവരുടെ മേൽ അല്ലാഹുവിന്റെ ശിക്ഷയിറങ്ങും.

അല്ലാഹു ഖുർആനിൽ പറയുന്നു

فَلَمَّا نَسُوا مَا ذُكِّرُوا بِهِ أَنْجَيْنَا الَّذِينَ يَنْهَوْنَ عَنِ السُّوءِ وَأَخَذْنَا الَّذِينَ ظَلَمُوا بِعَذَابٍ بَئِيسٍ بِمَا كَانُوا يَفْسُقُونَ

അങ്ങനെ, അവരോടു ഉപദേശിക്കപ്പെട്ട കാര്യം അവർ വിസ്മരിച്ചപ്പോൾ തിന്മയെ തടയുന്നവരെ നാം രക്ഷപ്പെടുത്തി. അക്രമം പ്രവർത്തിച്ചവരെ അവർ കൽപന ലംഘിച്ചു കൊണ്ടിരുന്ന കാരണത്താൽ കഠിനമായ ശിക്ഷ (നൽകി)

ക്കൊണ്ട് നാം പിടികൂടുകയും ചെയ്തു. ഖുർആൻ 7:166) നിങ്ങൾ ഇതുവരേയും ആ ദുരിത ത്തിൽ നിന്നും രക്ഷപ്പെട്ടിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ടല്ലാതെ ദുആ സ്വീകരിക്കപ്പെടുകയില്ല. ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ് നിങ്ങൾക്കിടയിൽ ഭിന്നിപ്പില്ലാതിരിക്കുന്നതിനായി ദുആ ചെയ്യുവിൻ ധാരാളമായി ദുആ ചെയ്യുവിൻ. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെല്ലാം തന്നെ ദുആയിലൂടെ മാത്രമേ കരസ്ഥമാവുകയുള്ളു. എനിക്കു വേണ്ടിയും ദുആ ചെയ്യുവിൻ. എന്റെ സഹായികൾ മുസ്‌ലിംകളും മുഅ്മിനീങ്ങളും സാത്വികരും ഔദാര്യം ചെയ്യുന്നവരും നന്മ പ്രവർത്തിക്കുന്നവരും എന്നോട് ശത്രുത കാണിക്കാത്തവരുമായിത്തീരാൻ ദുആ ചെയ്യുവിൻ. അല്ലാഹു എനിക്കു ആത്മാർഥരും മറ്റുള്ളവരുടെ അവകാശങ്ങളെ വകവച്ചു കൊടുക്കുന്നവരും ഭൗതികമായ ആർത്തിയില്ലാത്തവരുമായ ഉപദേശികളേയും മുബല്ലിഗുമാരേയും പ്രദാനം ചെയ്യുമാറാകട്ടെ.

എന്റെ മേൽ നിങ്ങളുടെ ധാരാളം അവകാശങ്ങൾ കിടപ്പുണ്ട്. നിങ്ങൾ എന്നിൽ അനുസരണ പ്രതിജ്ഞ ചെയ്തവരാണ്. ആ ഉടമ്പടിക്കു വിരുദ്ധമായി പ്രവർത്തിക്കുന്നവർ മുനാഫിഖുകളാണ്. എന്നെ ധിക്കരിക്കുന്നതിലൂടെ ആരെങ്കിലും മുനാഫിഖുകളായി തീർന്നേക്കുമോയെന്നു ഞാൻ ഭയപ്പെടുന്നു. മറ്റൊരവകാശം ഞാൻ നിങ്ങൾക്കു വേണ്ടി ദുആ ചെയ്യുകയെന്നാണു. ഞാൻ എന്നും ഏങ്ങലടിച്ചു നിങ്ങൾക്കു വേണ്ടി ദുആ ചെയ്യാറുണ്ട്. മൂന്നാമത്തേത് എനിക്കിപ്പോൾ സുജൂദ് ചെയ്യാൻ സാധിക്കാറില്ല. എന്നാൽ നമസ്ക്കാരത്തിൽ ചെയ്യുന്നതിനേക്കാൾ കൂടുതൽ ഞാൻ സുജൂദിൽ നിങ്ങൾക്കു വേണ്ടി ദുആ ചെയ്തിട്ടുണ്ട്. നിങ്ങളും എന്നോട് ചെയ്യേണ്ട കടമ പൂർത്തിയാക്കുവിൻ. അഭിപ്രായ വ്യത്യാസങ്ങളും ഭിന്നിപ്പും ഉപേക്ഷിക്കുവിൻ.

### ഭാരവാഹികൾക്കുള്ള ഹുദൂറിന്റെ ഉപദേശം

അതിനു ശേഷം പുറത്തു നിന്നും വന്നിട്ടുള്ള ജമാഅത്തിലെ ഭാരവാഹികളെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു. ഒരു ഹദീസുണ്ട്. അതിന്റെ അർഥവും വിവക്ഷയും ഞാൻ വേറെ രീതിയിലാണു മനസ്സിലാക്കുന്നത്. ഖുറൈശികളുടെ സാമ്രാജ്യത്തിൽ അവർ രണ്ടു പേർ മാത്രമാണെങ്കിൽ പോലും ഒരിക്കലും പതനം സംഭവിക്കുകയില്ല. ഞാൻ ഖുറൈശി പാരമ്പര്യത്തിൽപെട്ടവനാണെങ്കിലും മിർസാ സാഹിബിന്റെ യഥാർഥ അനുയായിയും ശിഷ്യനുമാണ്. ഞങ്ങളുടെ പൂർവികരിൽ ഫറഖ് ശാഹ് എന്നു പേരുള്ള ഒരു വലിയ ഭക്തനുണ്ടായിരുന്നു. ദർറ (മലയിടുക്ക്) ഫറഖ് ശാഹ് എന്ന പേരിൽ ഇപ്പോഴും അവിടെ ഒരു മലയിടുക്കുണ്ട്. അദ്ദേഹം തന്റെ സാമ്രാജ്യം ഉപേക്ഷിച്ചു സിംഹാസനത്തിൽ നിന്നും ഇറങ്ങി വീടിന്റെ തിണ്ണയിൽ വന്നിരുന്നു അല്ലാഹുവിനു ഇബാദത്തു ചെയ്തയാളാണ്. ഇപ്പോഴും എന്റെ വംശ പരമ്പരയിൽ പെട്ടവരിൽ ചിലരെ രാജകുമാരന്മാർ എന്നു വിളിക്കാറുണ്ട്. എന്നാൽ ഞാൻ എന്നെ കുറിച്ചു മനസ്സിലോ ചിന്തയിലൂടേയോ ഒരിക്കൽ പോലും ജമാഅത്തിന്റെ ഇമാം ആയിത്തീരുമെന്നു കരുതിയിട്ടില്ല. പക്ഷേ, അല്ലാഹു തീരുമാനിച്ചപ്പോൾ നിമിഷ നേരം കൊണ്ട് തന്നെ അവനെന്നെ ഇമാംആക്കി. നിങ്ങളെല്ലാം സെക്രട്ടിമാരാണ്. നിങ്ങളിൽ പ്രസിഡന്റും ഉണ്ട്. തന്നെ എന്തു കൊണ്ട് ഭാരവാഹി ആക്കിയില്ല എന്ന കാര്യത്തിൽ ചിലർക്കു നിങ്ങളോടു ശത്രുതയുണ്ടായിരിക്കാം. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഹദ്റത്ത് സാഹിബിന്റെ മകൾ ഹഫീസയെ (ചെറിയ കുട്ടിയായ അമത്തുൽ ഹഫീസ് ബേഗം സാഹിബയെ) ഇമാമായി തെരഞ്ഞെടുക്കുകയാണെങ്കിൽ ആദ്യം ബൈഅത്ത് ചെയ്യുന്നത് ഞാനായിരിക്കും. മാത്രവുമല്ല അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ അവളുടെ കയ്യിലും അല്ലാഹു പൂർത്തിയാക്കുമെന്ന ദൃഢ വിശ്വാസത്തോടെ ഹദ്റത്ത് സാഹിബിനോടു കാണിച്ചിരുന്ന അതേ അനുസരണം തന്നെ ഞാൻ അവളോടും കാണിക്കുമായിരുന്നു.

ഞാൻ ഈ പറഞ്ഞതിന്റെ ഉദ്ദേശ്യം ഒരിക്കലും തന്നെ സ്വാർഥ ചിന്തകളും ആഗ്രഹങ്ങളും പാടില്ല എന്നതാണ്. ജമാഅത്തിൽ അത്തരത്തിൽ വല്ലതും ഉണ്ടായാൽ യാതൊരു വിയോജിപ്പും പ്രകടിപ്പിക്കാതെ അല്ലാഹുവിനു വേണ്ടി അതു സ്വീകരിക്കുകയാണ് വേണ്ടത്. അല്ലാഹു പറയുന്നു

وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا
وَتَذْهَبَ رِيحُكُمْ وَاصْبِرُوا إِنَّ اللَّهَ مَعَ الصَّابِرِينَ

അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെവീര്യം നഷ്ടപ്പെട്ടു പോവുകയും ചെയ്യുന്നതാണ്. നിങ്ങൾ സ്ഥിര ചിത്തരാകുകയും ചെയ്യുക. അല്ലാഹു സ്ഥൈര്യമവലംബിക്കുന്നവരോടൊപ്പമാണ്. (ഖുർആൻ 8:47) അതുകൊണ്ട് കലഹിക്കരുത് ശണ്ഠകൂടരുത്. അല്ലാഹു സർവ ചരാചരങ്ങളുടേയും സൃഷ്ടാവാണു. കലഹമുണ്ടാകുമെന്നു അവനറിയാം. അതിനാൽ അവൻ പറഞ്ഞു إِنَّ اللَّهَ مَعَ الصَّابِرِينَ അതായത് സെക്രട്ടറിയും പ്രസിഡന്റും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ അല്ലാഹുവിനു വേണ്ടി ക്ഷമ കൈകൊള്ളേണ്ടതാണ്. ഏതൊരാൾ അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടി ക്ഷമ കൈകൊള്ളുമോ അല്ലാഹു അവരോടൊപ്പമായിരിക്കും.

നിങ്ങളെ ഉപദേശിക്കുക എന്നത് എന്റെ കടമയാണ്. നിങ്ങൾ

എന്റെ വാക്കു സ്വീകരിക്കുമെന്നു ബൈഅത്തിലൂടെ നിങ്ങളും സമ്മതി ച്ചിട്ടുണ്ട് അതുകൊണ്ട് ഞാൻ പറയുകയാണ് നിങ്ങൾ കലഹിക്ക രുത്. കലഹം കണ്ടാൽ അല്ലാഹുവി ന്റെ സഹായം തേടണം. വിഷമങ്ങ ളും പരീക്ഷണങ്ങളും കണ്ട് ഭയപ്പെടരുത്. അതു എല്ലായിടത്തും ഉണ്ടാകും. വിഷമങ്ങളും ക്ലേശങ്ങ ളും എനിക്കും ഉണ്ടായിട്ടുണ്ട്. ചിലരിൽ നിന്നും വലിയ ധിക്കാര വും അപമര്യാദയും ധാർഷ്ട്യവും ഞാൻ നേരിട്ടുണ്ട്.

ചിലയിടങ്ങളിൽ അംഗങ്ങൾ ധാരാളമുണ്ട്. പക്ഷേ, അവിടെ യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല. അതിനു രണ്ടു തരത്തിൽ പരിഹാരം കാണാൻ സാധിക്കുമെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ഒന്നു ജമാഅത്തിന്റെ പ്രസിഡന്റും സെക്രട്ടറിമാരും അല്ലാഹുവിനോടു കരഞ്ഞു കൊണ്ട് ദുആ ചെയ്യുക. നിങ്ങൾക്കറിയാം സൂര്യചന്ദ്ര ഗ്രഹണ സമയത്തു മുസ്‌ലിംകൾ പ്രത്യേകമായി നമസ്ക്കരിക്കാറുണ്ട്.

وَالْقَمَرَ قَدَّرْنَاهُ مَنَازِلَ حَتَّىٰ عَادَ كَالْعُرْجُونِ الْقَدِيمِ

എന്നു അല്ലാഹു തന്നെ ഖുർആനിൽ പറഞ്ഞിട്ടുണ്ട്. (ചന്ദ്രനു നാം ചില താവളങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങനെ അത് (അവസാനം) പഴയ ഈന്തക്കുലത്തണ്ടുപോലെ ആയിത്തീരുന്നു (അതായത് നമ്മുടെ കാഴ്ചയിൽ അങ്ങനെ തോന്നുമെന്നു താൽപര്യം. ഖുർആൻ 36:40 ) എന്നിട്ടും സൂര്യചന്ദ്ര ഗ്രഹണമുണ്ടായാൽ ഹദ്റത്ത് റസൂൽ കരീം (സ) വളരെയധികം പരിഭ്രമിച്ചിരുന്നു. കാരണം തിരുമേനിക്കറിയാം സൂര്യൻ ഇപ്പോഴും പ്രകാശിച്ചു കൊണ്ടിരിക്കുകയാണ്. പക്ഷേ അതിന്റെ ആ പ്രകാശം ഭൂമിയിൽ എത്തുന്നില്ല. അതു തടസ്സപ്പെടുന്നു. ഇതു പോലെ പ്രകാശം പരത്തുന്ന ചന്ദ്രൻ ഉണ്ടായിട്ടും ആ പ്രകാശം ഭൂമിയിലെത്തുന്നില്ല. ഇതിലൂടെ തിരുമേനി (സ) ചിന്തിക്കുന്നത് ഞാനൊരു മുബല്ലിഗാണു. ഞാൻ തബ്‌ലീഗ് ചെയ്യുന്നുണ്ട്. എന്റെ ആ തബ്‌ലീഗ് ഫലം കാണാതായിപ്പോകുമോ ജനങ്ങളിലെത്താതായിപ്പോകുമോയെന്നാണു. അതാണു തിരുമേനിക്കുള്ള പരിഭ്രമം. അതിനാൽ തിരുമേനി ഗ്രഹണ സമയത്തു ധാരാളമായി ദുആ ചെയ്യുകയും സദഖ നൽകുകയും മൃഗബലി നടത്തുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്തിരുന്നു. ഇതൊന്നും തന്നെ വിഡ്ഢികളായ തത്ത്വജ്ഞാനികൾക്കു മനസ്സിലാവുകയില്ല. അതൊക്കെ അല്ലാഹുവിന്റെ നബിക്കു മാത്രമേ മനസ്സിലാവുകയുള്ളു.

അതുകൊണ്ട് ജമാഅത്തിന്റെ പുരോഗതിയുടെ മാർഗത്തിൽ തടസ്സം നേരിട്ടതായി നിങ്ങൾ കാണുകയാണെങ്കിൽ ഉടനെ അല്ലാഹുവിന്റെ മുന്നിൽ കുനിയേണ്ടതാണ്. ധാരാളമായി ദുആ ചെയ്തു കൊണ്ട് അല്ലാഹുവിനോടു ഈ ഗ്രഹണം നീക്കാൻ യാചന നടത്തണം. അതോടൊപ്പം സദഖയും നൽകണം. ഞാനിപ്പോൾ പ്രധാനമായും മൂന്നു കാര്യങ്ങളാണു നിങ്ങളെ ഉണർത്തിയിരിക്കുന്നത്. ഒന്നു നിങ്ങൾ കലഹിക്കരുത്. മറ്റൊന്നു അങ്ങനെ വല്ലതും ഉണ്ടായാൽ ക്ഷമ കൈകൊള്ളേണ്ടതാണ്. മൂന്നാമത്തെ കാര്യം ജമാഅത്തിന്റെ പുരോഗതിക്കും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും തടസ്സം നിൽക്കുന്ന വല്ലതും കണ്ടാൽ ആ തടസ്സം ഇല്ലാതാക്കാൻ സദഖ കൊണ്ടും ഇസ്തിഗ്ഫാർ കൊണ്ടും ദുആ കൊണ്ടും പരിശ്രമിക്കേണ്ടതാണ്.

നോക്കൂ എന്റെ മരണം സമീപസ്ഥമാണ്. പക്ഷേ, ഞാൻ നിങ്ങളുടെ അഭ്യുദയകാംക്ഷിയാണ്. ഞാനെന്നും നിങ്ങൾക്കു വേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുന്നവനാണ്. ഞാനെന്റെ സന്താനങ്ങൾക്കായി യാതൊരു പണം സ്വരൂപിച്ചു വച്ചിട്ടില്ല. എന്റെ പിതാവും എനിക്കു വേണ്ടി പണമൊന്നും കരുതി വച്ചിട്ടുണ്ടായിരുന്നില്ല. സഹോദരന്മാരും എനിക്കു പണമൊന്നും നൽകിയിട്ടില്ല. ഞാനൊരിക്കലും പണത്തിന്റെ ആർത്തിയുള്ളവനല്ല. പക്ഷേ, എന്റെ നാഥനായ അല്ലാഹു എനിക്കു കണക്കില്ലാത്തതു തന്നിട്ടുണ്ട്. അവൻ തന്നേയാണു എനിക്കെല്ലാം നൽകിയത്. നിങ്ങളൊരിക്കലും ആശങ്കയുള്ളവരും മറ്റുള്ളവരെ സംശയ ദൃഷ്ടിയോടെ കാണുന്നവരുമായിരിക്കരുത്. ഞാൻ ഈ

ജമാഅത്തിന്റെ പുരോഗതിയുടെ മാർഗത്തിൽ തടസ്സം നേരിട്ടതായി നിങ്ങൾ കാണുകയാണെങ്കിൽ ഉടനെ അല്ലാഹുവിന്റെ മുന്നിൽ കുനിയേണ്ടതാണ്. ധാരാളമായി ദുആ ചെയ്തു കൊണ്ട് അല്ലാഹുവിനോടു ഈ ഗ്രഹണം നീക്കാൻ യാചന നടത്തണം. അതോടൊപ്പം സദഖയും നൽകണം. ഞാനിപ്പോൾ പ്രധാനമായും മൂന്നു കാര്യങ്ങളാണു നിങ്ങളെ ഉണർത്തിയിരിക്കുന്നത്. ഒന്നു നിങ്ങൾ കലഹിക്കരുത്. മറ്റൊന്നു അങ്ങനെ വല്ലതും ഉണ്ടായാൽ ക്ഷമ കൈകൊള്ളേണ്ടതാണ്. മൂന്നാമത്തെ കാര്യം ജമാഅത്തിന്റെ പുരോഗതിക്കും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും തടസ്സം നിൽക്കുന്ന വല്ലതും കണ്ടാൽ ആ തടസ്സം ഇല്ലാതാക്കാൻ സദഖ കൊണ്ടും ഇസ്തിഗ്ഫാർ കൊണ്ടും ദുആ കൊണ്ടും പരിശ്രമിക്കേണ്ടതാണ്.

കാര്യങ്ങളെല്ലാം വളരെ ആലോചിച്ചു ചിന്തിച്ചും കൊണ്ടാണു നിങ്ങളോടു പറയുന്നത്.

മുകളിൽ ചേർത്ത ഹുദൂറിന്റെ രണ്ടു പ്രസംഗങ്ങളിലും ഹുദൂർ, അഞ്ചുമൻ വാദികളും ഖിലാഫത്തു വിരോധികളുമായിട്ടുള്ളവരുടെ ചെയ്തികളും അവരുടെ ആരോപണങ്ങളും അവർ ഹുദൂറിനേൽപിച്ച മാനസിക പീഢനങ്ങളേയും ധിക്കാരങ്ങളെ കുറിച്ചുമാണു ഹുദൂർ വ്യഗ്യമായി സൂചിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തത്. അവർ പണത്തിന്റെ കാര്യത്തിലും ഹുദൂറിനു മേൽ പല ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ടായിരുന്നു. അതൊക്കെ തന്നെ ഹുദൂറിനു വലിയ മാനസിക വ്യഥയുണ്ടാക്കി.

## അപകടത്തിനു ശേഷമുള്ള ആദ്യ ഖുത്തുബ

1910 നവംമ്പർ 18-ാം തിയ്യതി വെള്ളിയാഴ്ച ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ കുതിരപ്പുറത്തു നിന്നും വീണു പരിക്കേറ്റു ശയ്യാവലംബിയായി. ആറു മാസത്തെ ഇടവേളയ്ക്കു ശേഷം 1911 മെയ് 19ാം തിയ്യതി വെള്ളിയാഴ്ച ഹുദൂർ ആദ്യമായി മസ്ജിദ് അഖസയിൽ വരികയും ഖുത്തുബ നിർവഹിച്ചു കൊണ്ട് ജുമുഅ നമസ്ക്കരിപ്പിക്കുകയും ചെയ്തു. അൽഹംദുലില്ലാഹ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ട് ആരോഗ്യം കൈവരിച്ചിരിക്കുന്നു എന്ന അതിരറ്റ സന്തോഷ വാർത്ത ബദർ പത്രം ജമാഅത്തിനു നൽകിയത് നാലു പ്രാവശ്യം മുബാറക്ക്! മുബാറക്ക്! മുബാറക്ക്! മുബാറക്ക്! എന്ന തലവാചകത്തോടെയായിരുന്നു. ഹുദൂറിന്റെ പ്രധാന ചികിത്സകനായ ഡോക്ടർ കറം ഇലാഹി സാഹിബ് ഇനിയും ധാരാളമായി സദഖകൾ നൽകാൻ ജമാഅത്തിനോടു ആഹ്വാനം ചെയ്യുകയും അദ്ദേഹം സ്വന്തം നിലയിൽ സദഖ നൽകുകയും ചെയ്തു.

ഈ അവസരത്തിൽ അൽഹക്കം പത്രം ഒരു പ്രത്യേക പതിപ്പു പ്രസിദ്ധീകരിച്ചു കൊണ്ട് ഇങ്ങനെ എഴുതി. 1910 നവംബർ 18-ാം തിയ്യതി വെള്ളിയാഴ്ച എതു പ്രകാരം ജമാഅത്തിന്റെ ചരിത്രത്തിൽ മായാതെ അവശേഷിക്കുമോ അതുപോലെ 1911 മെയ് 19-ാം തിയ്യതി വെള്ളിയാഴ്ചയും ജമാഅത്തിന്റെ ചരിത്രത്തിൽ എന്നെന്നും സ്മരിക്കപ്പെടും. 1910 നവംബർ 18-ാം തിയ്യതി വെള്ളിയാഴ്ചയാണു തന്റെ പ്രിയപ്പെട്ട യജമാനനായ ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രവചനമനുസരിച്ചു ഹുദൂർ കുതിരപ്പുറത്തു നിന്നും വീണു പരിക്കേറ്റത്. അതിലൂടെ ജമാഅത്തിലുള്ളവരും അദ്ദേഹത്തെ സ്നേഹിക്കുന്നവരുമായ പതിനായിരങ്ങൾ അതീവ ദു:ഖത്തിലും വേദനയിലുമായി. എന്നാൽ أَمَّا مَا يَنفَعُ النَّاسَ فَيَمْكُثُ فِي الْأَرْضِ എന്ന ഖുർആനിക നിയമത്തെ സാധൂകരിക്കുന്ന നിലയിൽ (മനുഷ്യർക്കു പ്രയോജനപ്പെടുന്നത് ഭൂമിയിൽ നില നിൽക്കുന്നുണ്ട്. ഖുർആൻ 13:18) അഹ്മദികളുടെ തർബിയത്തിനും ജന നന്മയ്ക്കുമായി ഹുദൂറിനു അല്ലാഹു വീണ്ടും ആരോഗ്യവും ജീവിതവും നൽകിയിരിക്കുകയാണ്. 1911 മെയ് 19-ാം തിയ്യതി വെള്ളിയാഴ്ച അഹ്മദികളെ സംബന്ധിച്ചിടത്തോളം പെരുന്നാളാണ്. ഇന്നു പരസ്പരം ഈദ് മുബാറക്ക് പറയേണ്ട ദിനമാണു. കാരണം നമ്മുടെ പുതുമാസ ചന്ദ്രൻ (ഹിലാൽ New moon) ആറു മാസത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും നമ്മുടെ മുന്നിൽ ഉദിച്ചുയർന്നിരിക്കുകയാണ്. അദ്ദേഹം തുടർന്നെഴുതുന്നു ഹുദൂർ ഖുത്തുബ നിർവഹിക്കുവാനായി മിമ്പറിൽ കയറിയപ്പോൾ റസൂൽ കരീം (സ) ശത്രുക്കളിൽ നിന്നും രക്ഷപ്പെട്ടു ആദ്യമായി മദീനയിലെത്തിയപ്പോൾ തിരുമേനിയെ സ്വീകരിക്കാനായി മദീനയിലെ പെൺകുട്ടികൾ ആവേശപൂർവ്വം പാടിയ പാട്ട് എന്റെ നാവിലൂടെ ഞാനറിയാതെ പുറത്തു വന്നു.

طَلَعَ الْبَدْرُ عَلَيْنَا    مِنْ ثَنِيَّاتِ الْوَدَاع
وَجَبَ الشُّكْرُ عَلَيْنَا    مَا دَاعِى لِلّٰهِ دَاع
أَيُّهَا الْمَبْعُوثُ فِيْنَا    جِأْتَ بِأَمْرِ الْمُطَاعِى

ഈ അറബി കവിതയുടെ അർഥം ഇതാണു. പതിനാലാം രാവിലെ ചന്ദ്രനിതാ നമ്മുടെ മേൽ വിദാഅ് കുന്നിൻ മുകളിൽ ഉദിച്ചുയർന്നിരിക്കുന്നു. അല്ലാഹുവിലേക്കു നമ്മെ വിളിക്കുന്ന ആൾ നമ്മിലുള്ളിടത്തോളം അല്ലാഹുവിന് നന്ദി പറയാൻ നാം ബാദ്ധ്യസ്ഥരാകുന്നു. അല്ലയോ, ഞങ്ങളിൽ നിയോഗിതരായവരേ, അങ്ങേക്ക് ഞങ്ങളിതാ പരിപൂർണ കീഴ്‌വണക്കം സമർപ്പിക്കുന്നു.

പത്രാധിപർ തുടർന്നു എഴുതുകയാണു അല്ലാഹുവിനു ആയിരമായിരം നന്ദി. അവൻ നമ്മുടെ പ്രിയപ്പെട്ട ഇമാമിന്റെ നാവിലൂടെ വീണ്ടും ഖുത്തുബ കേൾക്കാൻ നമുക്കു ഭാഗ്യം നൽകിയിരിക്കുന്നു.

## ഈദ് മീലാദുന്നബിയും ഇസ്‌ലാമും

ഈദ് മീലാദുന്നബി (തിരുമേനിയുടെ ജന്മ ദിനം) ആഘോഷിക്കുന്നതുമായി ബന്ധപ്പെട്ടു പൈസാ ദിന പത്രം മുസ്‌ലിം സമുദായത്തോടു അതു ആഘോഷിക്കുവാനും അന്നേ ദിവസം എല്ലാ മുസ്‌ലിംകളും കുളിച്ചു പുതുവസ്ത്രം ധരിക്കേണ്ടതാണെന്നും മറ്റും ആഹ്വാനം ചെയ്തിട്ടുണ്ടായിരുന്നു. ഈ കാര്യം ഹുദൂറിനെ അറിയിച്ചപ്പോൾ, ഇസ്‌ലാമിൽ രണ്ടു പെരുന്നാൾ മാത്രമേയുള്ളുവെന്നും അല്ലെങ്കിൽ ജുമുഅയാണു ഉള്ളതെന്നും അരുൾ ചെയ്യുകയുണ്ടായി. മറ്റൊരവസരത്തിൽ ശിംല ജമാഅത്തിലുള്ള ചില സഹോദരന്മാർ ഈദ് മീലാദുന്നബി ആഘോഷിക്കുന്നതിനെ കുറിച്ചു ഹുദൂറിനോടു ഫത്‌വ ചോദിച്ചപ്പോൾ ഹുദൂർ പറഞ്ഞു ഇതു അനാചാരമാണു ബിദ്അത്താണ്. ഇങ്ങനെ ആയാൽ ജനങ്ങൾ പുതിയ പുതിയ പെരുന്നാളുകൾ ഉണ്ടാക്കി ആഘോഷിച്ചു

തുടങ്ങും. അഹ്മദികൾ പറയും മസീഹ് മൗഊദിനു ആദ്യമായി ഇൽഹാം ഇറങ്ങിയ ദിവസം ഒരു ഈദ്. മരിച്ച ദിവസം മറ്റൊരാഘോഷം. യഥാർഥത്തിൽ ഇസ്ലാമിൽ രണ്ടു പെരുന്നാൾ മാത്രമേയുള്ളു. ഒന്നു ഈദുൽ ഫിത്വർ മറ്റൊന്നു ഈദുൽ അസ്ഹാ. റസൂൽ തിരുമേനി (സ) യോട് ഏറ്റവുമധികം സ്നേഹം കാണിച്ചത് സഹാബാക്കളായിരുന്നു. അവർ മൂന്നാമതൊരു ഈദ് ആഘോഷിച്ചിട്ടില്ല.

ഈ കാലത്തു തിരുമേനിയോട്, വാഗ്ദത്ത മസീഹ്(അ) കാണിച്ചതു പോലുള്ള സ്നേഹവും അനുരാഗവും പ്രീതിയും മറ്റൊരാൾ കാണിച്ചിട്ടില്ല. ഈ ആഘോഷം അനുവദനീയമായിരുന്നുവെങ്കിൽ മസീഹ് മൗഊദും (അ) ഇതു ആഘോഷിക്കുമായിരുന്നു. ഇത്തരത്തിൽ പെരുന്നാൾ കണ്ടെത്തുന്നവർ വിഡ്ഢികളും മൂഢരുമാണ്. അവരുടെ ലക്ഷ്യം പൊതു ജനങ്ങളെ സന്തോഷിപ്പിക്കുക എന്നത് മാത്രമാണ്. അവർക്കു ദീനിനോടു യാതൊരു പ്രതിപത്തിയുമില്ല.

## അലിഗഡ് മുസ്ലിം സർവകലാശാല

അലിഗഡിൽ ഒരു മുസ്ലിം സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടു ലാഹോറിൽ നിന്നു ബഹുമാനപ്പെട്ട നവാബ് ഫതഹ് അലി ഖാൻ സാഹിബ് ഹുദൂറിനു ഒരു കത്തെഴുതിയിട്ടുണ്ടായിരുന്നു. അതിൽ അദ്ദേഹം സംഭാവനയ്ക്കു പുറമെ ഈ കാര്യം ജമാഅത്തിൽ വിളംബരപ്പെടുത്തിക്കൊണ്ട് സാധിക്കുന്നവരോടു ഈ യൊരു സദുദ്ദേശത്തിൽ സാമ്പത്തികമായി പങ്കെടുക്കാൻ ആവശ്യപ്പെടണമെന്നും എഴുതിയിട്ടുണ്ടായിരുന്നു. അതിന്റെ മറുപടിയായി ഹുദൂർ നവാബ് സാഹിബിനു എഴുതിയ കത്തു താഴെ ചേർക്കുന്നു.

ഖാദിയാൻ

27/02/1911

ബഹുമാനപ്പെട്ട ജനാബ് നവാബ് സാഹിബ്

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വ ബറകാത്തുഹു

താങ്കൾക്കു നേരത്തെ എഴുതിയതു പോലെ ഒരു മുസ്ലിം യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യത്തിൽ ഞാൻ താങ്കളോടു പൂർണമായും യോജിക്കുന്നു. ഈ കാര്യത്തിലേയ്ക്കു ഇൻശാ അല്ലാഹു തആലാ എന്റെ വകയായി ആയിരം രൂപ നൽകുന്നതായിരിക്കും. ഈയൊരു സൽകർമത്തിൽ എന്റെ ജമാഅത്തിനേയും പങ്കെടുപ്പിക്കുന്നതിനായി വിളംബരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ പകർപ്പു ഇതോടൊപ്പം അയക്കുന്നു. വസ്സലാം ദുഅക്കപേക്ഷ. നൂറുദ്ദീൻ. ജമാഅത്തിൽ ഹുദൂർ ചെയ്ത ആ വിളംബരം ഇപ്രകാരമായിരുന്നു.

ഒരു പ്രധാന അറിയിപ്പ്

ഇപ്പോൾ ഇന്ത്യയിൽ ഒരു മുസ്ലിം യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യത്തിൽ എല്ലാവരുടേയും സഹകരണത്തിനായി ആഹ്വാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ തങ്ങളും പങ്കു ചേരേണ്ടതാണോയെന്നു ജമാഅത്തിലെ ചില സഹോദരങ്ങൾ ചോദിക്കുന്നുമുണ്ട്. അതിനാൽ ജമാഅത്തിലെ അത്തരം സഹോദരങ്ങളുടെ അറിവിലേയ്ക്കായി വിളംബരപ്പെടുത്തുകയാണ്. നമ്മുടെ ജമാഅത്തിന്റെ തന്നെ വിവിധങ്ങളായ ആവശ്യങ്ങൾ ധാരാളം കിടപ്പുണ്ട്. ഇപ്പോൾ തന്നെ സഹോദരങ്ങളുടെ മേൽ ചന്ദയുടെ ഭാരം വലുതാണ്. എന്നിരുന്നാലും മുസ്ലിം സർവകലാശാല സ്ഥാപിക്കുന്ന കാര്യവും ഒരു മഹനീയ പദ്ധതിയാണ്. അതിനാൽ നമ്മുടെ സഹോദരന്മാർ തങ്ങളുടെ കഴിവനുസരിച്ചു ഈ പദ്ധതിയിൽ പങ്കെടുക്കേണ്ടതാണ്.

## ധീരവും വീരോചിതവുമായ മഹൽ കൃത്യങ്ങൾ

ഇസ്ലാമിൽ ഖിലാഫത്ത് സംവിധാനം വളരെ അനുഗ്രഹീതവും മഹനീയവും പ്രഥമ സ്ഥാനമർഹിക്കുന്ന തുമായ ഒരു വ്യവസ്ഥിതിയാണ്. ഖിലാഫത്തില്ലാതെ ഒരു സമൂഹത്തിനും തങ്ങളുടെ വിശ്വാസാദർശങ്ങളെ നേരായ പാതയിൽ ഉറപ്പിച്ചു നിർത്തുവാനോ ജനങ്ങൾക്കിടയിൽ പരസ്പര സ്നേഹവും സഹകരണവും ഐക്യവും നില നിർത്തുവാനോ സാദ്ധ്യമല്ല. ഖുർആൻ മജീദിൽ സൂറത്തു നൂറിൽ ഇസ്തിഖ്ലാഫിന്റെ ആയത്ത് എന്നു വിളിക്കപ്പെടുന്ന വചനത്തിൽ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ വിവരിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിച്ച ഒരു പ്രധാന അനുഗ്രഹം وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ എന്ന വാക്കുകളിലാണ്. അതായത് അല്ലാഹു ഖലീഫമാരിലൂടെ അവൻ തൃപ്തിപ്പെട്ട മതത്തെ മുഅ്മിനിങ്ങൾക്കു പ്രബലപ്പെടുത്തിക്കൊടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദി (അ) നു ശേഷം അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി നിലവിൽ വന്നില്ലായിരുന്നുവെങ്കിൽ ജമാഅത്ത് ഏതെല്ലാം കർമ പദ്ധതികളിലൂടെയുമായിരുന്നോ നയിച്ചിരുന്നത് ആ വഴികളിലെല്ലാം തന്നെ എതിരാളികൾ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു കൊണ്ട് എന്നെന്നേക്കുമായി ജമാഅത്തിനെ മറ്റൊരു തലത്തിലെത്തിച്ചിട്ടുണ്ടാകുമായിരുന്നു.

എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനു മേൽ അല്ലാഹു ആയിരമായിരം അനുഗ്രഹങ്ങളും കാരുണ്യവും വർഷിക്കുമാറാകട്ടെ! ഹുദൂർ റൂഹുൽ ഖുദ്സിന്റെ സഹായത്തോടെ വളരെ ചിട്ടയോടും അച്ചടക്കത്തോടും കൂടി എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിച്ചു കൊണ്ട് ജമാഅത്തിനു തുരങ്കം വെക്കാൻ ശ്രമിച്ചവരെ അമ്പേ പരാജയപ്പെടുത്തുകയും ധീരവും വീരോചിതവുമായ കർമ പദ്ധതികളിലൂടെ വിശ്വാസപരമായും കർമപരമായും ജമാഅത്തിനു പുതു ജീവൻ പ്രദാനം ചെയ്തു. പിന്നീട് ശത്രുക്കളുടെ എത്ര വലിയ

ഗൂഢ പദ്ധതികളിലൂടെ ആക്രമണ മുണ്ടായാലും ജമാഅത്തിനു ഒരു പോറലു പോലും ഏൽപിക്കാൻ സാധിക്കാത്തവിധം ഹുദൂർ ജമാഅ ത്തിന്റെ ഐക്യത്തേയും ഖിലാഫ ത്ത് സംവിധാനത്തേയും സുരക്ഷി തമാക്കി. ഒന്നാം ഖിലാഫത്തിനു ശേഷം രണ്ടാം ഖിലാഫത്തു കാലത്തും ജമാഅത്തിനു മേൽ അതിഭയാനകമായ കോളിളക്കങ്ങ ളും ഭൂകമ്പങ്ങളും ഉണ്ടായിയിരുന്നു. ജമാഅത്തിൽ അല്ലാഹുവിനാൽ സ്ഥാപിതമായ ഖിലാഫത്തു വ്യവസ്ഥിതിയില്ലായിരുന്നുവെങ്കിൽ ജമാഅത്തു ഇന്നു ഒരു പഴങ്കഥ യായി പരിണമിക്കുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തന്റെ ഖിലാഫത്ത് കാല ത്തു ജമാഅത്തിന്റെ അഭിവൃദ്ധി ക്കായി ചെയ്ത ചില പ്രധാന കാര്യങ്ങൾ ഏതൊക്കെയാണെന്നു നമുക്ക് നോക്കാം.

## ഹദ്റത്ത് മസീഹ് മൗഊദ് ആഗ്രഹിച്ച ദീനീ മദ്റസ

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ വിയോഗാനന്തരം ഖാദിയാനി ലുണ്ടായിരുന്നു മുഴുവൻ ജമാഅ ത്തു അംഗങ്ങളും ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ കൈയിൽ ബൈഅത്തു ചെയ്യാൻ ഒരുങ്ങിയപ്പോൾ അദ്ദേഹം ചെയ്ത ഒരു പ്രസംഗം വായനക്കാർ ഓർക്കു ന്നുണ്ടാകാം. അതിന്റെ അവസാന ഭാഗം ഇങ്ങനെയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നിർദേശിച്ച ബൈഅത്തിന്റെ പത്തു നിബന്ധനകൾ അതേപടി തുടരുന്ന തായിരിക്കും. അതോടൊപ്പം ഖുർ ആൻ പഠനവും സക്കാത്ത് പിരിക്ക ലും മുബല്ലിഗുമാരെ തയ്യാറാക്കലും സമയാസമയങ്ങളിൽ അല്ലാഹു എന്റെ ഹൃദയത്തിലിടുന്ന കാര്യങ്ങ ളും ഞാൻ ഇതോടൊപ്പം ചേർക്കു ന്നു. ദീനിയാത്തു പഠനവും ദീനീ മദ്റസയുടെ കാര്യവും എന്റെ ഇഷ്ടവും ഹിതവുമനുസരിച്ചു ചെയ്യേണ്ടിവരും. അങ്ങനെയാണെ ങ്കിൽ ഈ ഭാരം തികച്ചും അല്ലാഹു വിനു വേണ്ടി വഹിക്കാൻ ഞാൻ തയ്യാറാണ്.

ദീനീ മദ്റസകൾ സ്ഥാപിക്കു വാനും മതപഠനം എല്ലാവർക്കും ലഭ്യമാക്കുന്ന കാര്യത്തിലും ഹുദൂ റിന്റെ ഹൃദയം എത്ര കണ്ട് ആഗ്രഹി ക്കുകയും ആവേശം കൊള്ളുക യും ചെയ്യുന്നുണ്ടെന്നു പ്രസംഗ ത്തിന്റെ ഈ ഭാഗത്തിലൂടെ നമുക്കു മനസ്സിലാക്കാവുന്നതാണ്. മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടിയുടേയും മൗലവി ബുർഹാ നുദ്ദീൻ സാഹിബ് ജഹ്‌ലമിയുടെ യും നിര്യാണത്തെ തുടർന്നു അതു പോലുള്ള പണ്ഡിതരെ വാർത്തെ ടുക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചു ഹദ്റത്ത് മസീഹ് മൗഊദ് (അ) ചിന്തിക്കുകയും തന്റെ ജീവിത കാലത്തു തന്നെ മദ്റസ അഹ്മദി യ്യാ എന്ന പേരിൽ ഒരു മത പഠന കേന്ദ്രം സ്ഥാപിക്കുകയും ചെയ്തി ട്ടുണ്ടായിരുന്നു. എന്നാൽ പണത്തി ന്റെ കുറവുമൂലം ആ സ്ഥാപനം അർഹിക്കുന്ന ഉന്നത നിലവാര ത്തിലും രീതിയിലും നടത്താൻ സാധിച്ചില്ല. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ആഗ്രഹത്തിന്റെ സ്മരണയ്ക്കായി ജമാഅത്തിൽ മുബല്ലിഗീങ്ങളെ തയ്യാറാക്കുന്നതിനായി ഉന്നത നിലവാരത്തിലുള്ള ഒരു മദ്റസ സ്ഥാപിക്കേണ്ടതാണെന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പ്രഖ്യാപിച്ചു. അതിനു വേണ്ടി നല്ലൊരു കെട്ടിടവും വളരെ ബ്രഹത്തായ ഗ്രന്ഥാലയവും ഉന്നത നിലവാരം പുലർത്തുന്ന അധ്യാപക രും ചെറുതല്ലാത്ത പണവും ആവ ശ്യമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഗ്രന്ഥശാലയ്ക്കായി തന്റെ പുസ്തക ശേഖരത്തിൽ നിന്നും ഉടൻ തന്നെ വലിയൊരു സ്റ്റോക്ക് നൽകാമെന്നു വാഗ്ദാനം ചെയ്തു. അതുപോലെ തശ്ഹീദുൽ അസ് ഹാൻ മാസികയുടെ മെമ്പർമാർ അവരുടെ ഗ്രന്ഥാലയവും ഈ ആവശ്യത്തിനു നൽകാമെന്നു സമ്മതിച്ചു. (തുടരും)

**പേജ് 33 ൽ നിന്ന് തുടർച്ച**

ഇതിൽ നിന്നും ഒരാൾക്ക് ന്യായ മായും എത്തിചോരാവുന്ന നിഗമ നം, യേശു ഒരിക്കലും ത്രിത്വ സിദ്ധാന്തം പറഞ്ഞിട്ടില്ല എന്നാണ്. പകരം പ്രവാചകന്മാരുടെ പാരമ്പ ര്യം പിന്തുടർന്നുകൊണ്ട് ദൈവത്തി ന്റെ ഏകത്വത്തെ പ്രബോധിക്കുക യാണ് അദ്ദേഹം ചെയ്തത്. അതിലു പരിയായി യേശുവിന്റെ കാലത്ത് ത്രിത്വം എന്ന വിശ്വാസം നിലവിലി ല്ലായിരുന്നു എന്നും തെളിയുന്നു. അതിന്ന് ശേഷമാണ് അത് കണ്ടെ ത്തിയത് ഇസ്‌ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥപകനും വാഗ്ദത്ത മഹ്ദിയുമായ ഹ്ദറത്ത് അഹ്മദ്(അ) പറഞ്ഞു:

***'ത്രിത്വം എന്ന സിദ്ധാന്തം ഖുർആൻ മാത്രമല്ല തൗറാത്തും ബൈബിൾ പഞ്ചഗ്രന്ഥിയും ഖണ്ഡിച്ചിരിക്കുന്നു. മോസസിന്ന് നൽകപ്പെട്ട തോറയിൽ ത്രിത്വത്തെ സംബന്ധിച്ച് യാതൊരു സൂചന പോലുമില്ല. സത്യമിതാണ്. ത്രിത്വ ത്തിന്റെ അദ്ധ്യാപനങ്ങൾ ഇരു ബൈബിളിലുമില്ല. ഏതെങ്കിലും ഒരു അദ്ധ്യാപനം ബൈബിളിലു ണ്ടെങ്കിൽ അത് ത്രിത്വത്തെ പറ്റി യുമല്ല. അത് പങ്കുകാരനില്ലാത്ത ഏക ദൈവത്തെ പറ്റി മാത്രമാണ്. അതുകൊണ്ട് എല്ലാ കഠിനമായ എതിരാളികളായ പാതിരിമാരും ബൈബിളിൽ ത്രിത്വം കാണാത്ത തിന്റെ പേരിൽ കുംബസരിക്കട്ടെ. യേശു തന്റെ ജീവിതത്തിലൊരി ക്കലും ത്രിത്വം പ്രബോധിച്ചിട്ടില്ല. മറിച്ച് പങ്കുകാരനില്ലാത്ത ഏക ദൈവത്തെ കുറിച്ച് മാത്രമാണ് പറഞ്ഞത് ' (ചശ്മെ മസീഹ്)***




കുറിപ്പുകൾ

# സഊദി– ഇറാൻ സൗഹൃദം

മുസാഫിർ

വർഷങ്ങളായി ശത്രുതയിലായിരുന്ന സഊദി അറേബ്യയും ഇറാനും ചൈനയുടെ ആഭിമുഖ്യത്തിൽ ബെയ്ജിങ്ങിൽ വെച്ച് നടന്ന സൗഹൃദ സംഭാഷണത്തിൽ ശത്രുതയെല്ലാം അവസാനിപ്പിച്ച് സൗഹൃദത്തിന്റെ മാർഗ്ഗത്തിൽ നീങ്ങുമെന്ന് ഇരു രാജ്യങ്ങളും പ്രഖ്യാപിച്ചിരിക്കയാണ്. ഈ മേഖലയിലെ എണ്ണസമ്പന്നമായ ശക്തരായ രണ്ട് രാജ്യങ്ങൾ ശത്രുത വെടിഞ്ഞ് കൈകോർക്കുമ്പോൾ ചരിത്രഗതി മാറുമെന്ന് വിലയിരുത്തപ്പെടുന്നു. സഊദിയുടെ മേധാവലയത്തിലുള്ള മറ്റു സുന്നി മുസ്‌ലിം രാജ്യങ്ങളും സഊദിയെ തുടർന്ന് ഇറാനുമായി അടുക്കുമ്പോൾ സമഗ്രമായ മാറ്റമാണ് അന്താരാഷ്ട്രാ രംഗത്ത് പ്രതീക്ഷിക്കുന്നത്. സഊദിയും ഇറാനും തമ്മിൽ അകറ്റി നിർത്താൻ നയതന്ത്രവും സമ്പത്തും സൈനിക ബലവും ഉപയോഗിച്ചുകൊണ്ടുള്ള അമേരിക്കയുടെയും ഇസ്റയേലിന്റെയും ദീർഘനാളത്തെ കുത്സിത നീക്കങ്ങൾ പശ്ചിമേഷ്യയെ മുഴുക്കെ സംഘർഷഭരിതമാക്കുകയായിരുന്നു. അമേരിക്കയുടെ പ്രഭാവത്തിന് മങ്ങലേറ്റു തുടങ്ങിയത് മുതൽ ഇസ്റയേലും ചില അറബ് ഗൾഫ് രാജ്യങ്ങളും തമ്മിൽ നേരിട്ട് സൗഹൃദക്കരാറുണ്ടാക്കി ബന്ധം



മെച്ചപ്പെടുത്തിവരുമ്പോഴാണ് ചൈനയുടെ ഈ നീക്കമുണ്ടായത്. പശ്ചിമേഷ്യയിൽ പുതിയ സമവാക്യങ്ങൾ രൂപപെട്ടുവരുന്നതിന്റെ സൂചനയായിട്ടാണ് ഇത് വിലയിരുത്തപ്പെടുന്നത്. സഊദി പത്രപ്രവർത്തകനും സഊദി രാജകുടുംബത്തിന്റെ വിമർശകനുമായ ജമാൽ ഖഗോഷി തുർക്കിയിൽ 2018 ൽ കൊല്ലപ്പെട്ട സംഭവത്തിൽ അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ സൽമാൻ രാജകുമാരനെ കുറ്റപ്പെടുത്തിയിരുന്നു. ആ സംഭവത്തിന് ശേഷം സഊദിയും അമേരിക്കയും തമ്മിലുള്ള ബന്ധം പഴയത് പോലെ ഊഷ്മളമല്ല. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ പിന്നീട് സഊദിയിലെത്തി സൗഹൃദത്തിന് ശ്രമിച്ചെങ്കിലും വേണ്ടവിധം വിജയിച്ചിട്ടില്ല. ഈ മേഖലയിലെ രാഷ്ട്രീയ ഇടപെടലുകളിൽ നിന്ന് പൊതുവേ അകന്നു നിന്നിരുന്ന ചൈനയുടെ കാർമികത്വത്തിലാണ് ഇപ്പോഴത്തെ രാഷ്ട്രീയ കരുനീക്കങ്ങൾ അരങ്ങേറുന്നത് എന്നതാണ് പുതിയ നീക്കത്തിന്റെ പ്രത്യേകത. ഈ മേഖലയിൽ ഉണ്ടായിരുന്ന അമേരിക്കൻ മേധാവിത്വത്തെ അട്ടിമറിച്ചുകൊണ്ട് പുതിയ ശാക്തിക സമവാക്യങ്ങളിലേക്ക് ലോകം മാറുമോ? അന്താരാഷ്ട്രാ സമൂഹം കൗതുകത്തോടെ നോക്കി പാർത്തുകൊണ്ടിരിക്കുക

യാണ്.

ചൈനയുടെ തലസ്ഥാനമായ ബെയ്ജിങ്ങിൽ സഊദി സുരക്ഷാ ഉപദേഷ്ടാവും മന്ത്രിയുമായ മുസാദ് ബിൻ മുഹമ്മദ് ബിൻ അൽ ഐബനും ഇറാനിലെ പരമോന്നത ദേശീയ സുരക്ഷാ സമിതിയുടെ സെക്രട്ടറി അലി ഷംഖാനിയും തമ്മിൽ ചൈനീസ് നയതന്ത്രജ്ഞൻ വാങ്ങ്യിയുടെ സാന്നിദ്ധ്യത്തിലായിരുന്നു സഹകരണ സൗഹൃദ പ്രഖ്യാപനത്തിന്റെ പ്രാഥമിക ചർച്ച. ഈ മേഖലയിൽ ബാഹ്യ ഇടപെടലുകൾ അവസാനിപ്പിക്കാൻ ചൈനീസ് വിദേശകാര്യമന്ത്രി പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. അതിന് ശേഷം ബെയ്ജിങ്ങിൽ വെച്ച് സഊദി വിദേശകാര്യമന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സഊദും ഇറാൻ വിദേശകാര്യമന്ത്രി ഹുസൈൻ അമീൻ അബ്ദുല്ലാഹിയുടെയും കൂടിക്കാഴ്ച്ചക്ക് ശേഷമാണ് ചരിത്ര പ്രധാനമായ പ്രഖ്യാപനമുണ്ടായത്. ഇരുരാജ്യങ്ങളിലെയും പൂട്ടിക്കിടക്കുന്ന എംബസ്സികൾ തുറക്കാൻ തീരുമാനമായി. 2016 ൽ പ്രമുഖ ശിയാ മതനേതാവായിരുന്ന ഷെയ്ക്ക് നിമർ അൽ നിമറിനെ സഊദി വധശിക്ഷക്ക് വിധിച്ചത്. സഊദിയിൽ ഭരണകൂടത്തിനെതിരെ ഭീകരപ്രവർത്തനം നടത്തി എന്നതായിരുന്നു അദ്ദേഹത്തിനെതിരെ ആരോപിക്കപ്പെട്ട കുറ്റം. വധശിക്ഷക്ക് ശേഷം ഇറാനിലെ സഊദി എംബസി ആക്രമിക്കപ്പെടുകയും ഇരു രാജ്യങ്ങളുടെയും എംബസ്സി അടക്കുകയുമാണുണ്ടായത്. ആ എംബസ്സികളാണ് ഇപ്പോൾ തുറക്കാൻ തീരുമാനമായത്. ഇരു രാജ്യങ്ങളും വിമാന സർവ്വീസുകൾ പുനരാരംഭിക്കാനും ഇരു രാജ്യങ്ങളിലെയും യാത്രികർക്ക് വിസ നൽകാനും തീരുമാനമായി. മരവിച്ചു കിടക്കുന്ന വ്യപാരക്കരാറുകൾ, സാമ്പത്തിക കരാറുകൾ, സുരക്ഷാ കരാറുകൾ എന്നിവ പുനസ്ഥാപിക്കാനും തീരുമാനമായി.

1979ൽ അയാത്തുള്ളാ ഖുമൈനിയുടെ നേതൃത്വത്തിൽ നടന്ന ഇസ്ലാമിക വിപ്ലവത്തിന് ശേഷമാണ് സഊദിയും ഇറാനും തമ്മിൽ അകലാൻ തുടങ്ങിയത്. അതിന് മുമ്പ് ഷാ റിസാ പഹ്‌ലവിയുടെ ഭരണത്തിനു കീഴിൽ ഇറാനും, സഊദിയും അമേരിക്കയുടെ ആജ്ഞാനുവർത്തികളായി ഒരേ ചേരിയിൽ കഴിയുകയായിരുന്നു. ഇറാൻ വിപ്ലവത്തിന് ശേഷം ശിഈയിസം അവിടെ ഇസ്ലാമിക ഭരണം നടപ്പാക്കുകയും അമേരിക്ക ഇറാന്റെ ശത്രുവായി തീരുകയും ചെയ്തപ്പോൾ അത് സഊദി ബന്ധത്തിലും പ്രതിഫലിച്ചു. പിന്നീട് 1980 മുതൽ 1988 വരെ ഇറാൻ ഇറാഖ് യുദ്ധം, 1990-1991 വരെയുള്ള ഗൾഫ് യുദ്ധം, സഊദിയുടെ തൊട്ട് തെക്ക് ഭാഗത്തുള്ള അയൽ രാജ്യമായ യമനിലെ ആഭ്യന്തരയുദ്ധം, സിറിയയിലെ പ്രസിഡണ്ട് അൽ ബശറിനെതിരെയുള്ള ആഭ്യന്തര കലാപം, ലബനാനിലെ മിലീഷ്യകളുടെ പോരാട്ടങ്ങൾ, യമനിൽ ഹൂതികൾ എന്ന് അറിയപ്പെടുന്ന ശിയാ തീവ്രവാദികൾ 2014 ൽ അവിടുത്തെ ഗവൺമെന്റിനെ ഇറാന്റെ സഹായത്തോടെ അട്ടിമറിച്ചതിനെ തുടർന്നുണ്ടായ ആഭ്യന്തര കലാപങ്ങൾ തുടങ്ങി അമേരിക്കയും ഇസ്റയേലും പ്രത്യക്ഷമായും പരോക്ഷമായും ഇടപ്പെട്ടിരുന്ന സംഭവങ്ങളിലെല്ലാം സഊദിയും ഇറാനും വിരുദ്ധ പക്ഷങ്ങളിലായിരുന്നു. സാമ്രാജ്യത്വ ശക്തികൾക്ക് മുസ്ലിംകളുടെ അടിമപ്പെടലായി ഇതിനെ വ്യാഖ്യാനിക്കാം.

സോവിയറ്റ് യൂണിയന്റെ പതനത്തിന് ശേഷം അമേരിക്കയുടെ ആധിപത്യത്തിലുള്ള ലോകത്തെ ശാക്തിക സന്തുലനത്തിന്റെ ഏകപക്ഷീയത വളരെ പ്രകടമായിരുന്നു. ഈ പശ്ചാത്തലത്തിൽ അന്താരാഷ്ട്രാ രംഗത്ത് ആഗോള ശാക്തിക സന്തുലനത്തിന്റെ ഒരു സുവർണ്ണ തത്വം വിശുദ്ധ ഖുർആൻ പ്രതിപാദിച്ചത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതായത് **'അല്ലാഹു മനുഷ്യരെ - അവരിൽ ചിലരെ മറ്റു ചിലരെ കൊണ്ട് തടയുന്നില്ലായിരുന്നുവെങ്കിൽ ഭൂതലം കുഴപ്പത്തിൽ ആപതിക്കുമായിരുന്നു.'** (2:252) സോവ്യറ്റ് പതനത്തിന് ശേഷം അമേരിക്കൻ പ്രാബല്യമുള്ള ഒരു ഏക ധ്രുവലോകമാണ് പിന്നീട് നിലവിൽ വന്നത്. പശ്ചിമേഷ്യയിൽ ലക്ഷക്കണക്കിന് മുസ്ലിംകൾ കൊല്ലപ്പെട്ട ഏകപക്ഷീയമായ രണ്ട് യുദ്ധങ്ങൾ അമേരിക്കൻ താൽപര്യത്തിലാണ് നടന്നതെന്ന് വ്യക്തമാണ്. കമ്മ്യൂണിസ്റ്റ് ചേരിയുടെ പതനത്തിന് ശേഷം അതിനെ ഫലപ്രദമായി പ്രതിരോധിക്കാനും നയതന്ത്രങ്ങളിലൂടെ ബദൽ ചേരി സൃഷ്ടിക്കാനും ഒരു മറു ശക്തി ലോകത്തില്ലായിരുന്നു. ആ ശാക്തിക സന്തുലനതിന്റെ അഭാവം ലോകത്ത് അമേരിക്കൻ നേതൃത്വത്തിലുള്ള ഒരു ഏകധ്രുവ ലോകം സൃഷ്ടിക്കപ്പെടുകയും അക്രമങ്ങളും അധിനിവേശങ്ങളും അധികരിക്കാൻ അത് കാരണമാവുകയും ചെയ്തു. ഇപ്പോൾ ചൈനയുടെ രംഗപ്രവേശനത്തോടെ ഒരു ശാക്തിക സന്തുലനം സ്ഥാപിതമായിട്ടുണ്ട്. ലോകത്ത് പ്രത്യേകിച്ച് മദ്ധ്യപൗരസ്ത്യ ദേശത്ത്, താൽക്കാലികമായെങ്കിലും മതപരവും വംശീയവുമായുമുള്ള കൂടുതൽ നാശങ്ങൾ ഇല്ലാതിരിക്കാനും ചൈനയുടെ നേതൃത്വത്തിലുള്ള ഈ അമേരിക്കൻ ബദൽ ശക്തിക്ക് ശാക്തിക സന്തുലനത്തിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കാം.

വാസ്തവത്തിൽ അറബ് ഇറാൻ ശാത്രവം ഇന്നോ ഇന്നലയോ തുടങ്ങിയതല്ല. അതിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇസ്ലാമിലെ ശിയാ വിശ്വാസികളായ ഇറാനിയൻ സമൂഹത്തിന്റെ ചരിത്രപരവും സാംസ്കാരികവും മാനസികവുമായി സങ്കീർണ്ണവും അഗാതവുമായ ഒരു പശ്ചാത്തലമുണ്ട്. പുരാതന കാലം മുതൽ ലോകത്ത് അതിസമ്പന്നവും സാംസ്കാരികമായി ഔന്നത്യം പുലർത്തിയതുമായ ഒരു പുരാതന ജനതയായിരുന്നു ഇറാനികൾ. ലോകത്ത് പലജനതകളും തങ്ങളുടെ വംശീയ മഹിമ

അവകാശപ്പെടുന്ന ആര്യൻ ജനതയുടെ ജന്മദേശം എന്നാണ് ഇറാൻ എന്ന പദത്തിന്റെ തദ്ഭവം. പുരാതനകാലത്ത് പ്രവാസികളായ യഹൂദരെ സ്വദേശത്തേക്ക് പോകാൻ സഹായിച്ച ഭരണാധികാരിയായിരുന്നു മഹാനായ സൈറസ്. വിശുദ്ധ ഖുർആൻ ഇദ്ദേഹത്തെ ദുൽഖർനൈൻ (സൈറസ്) ചക്രവർത്തി എന്നാണ് വിശേഷിപ്പിച്ചത്. അക്കീമിയ എന്ന പുരാതന ഇറാനിയൻ സാമ്രാജ്യം സ്ഥാപിച്ചത് സൈറസാണ്. പേർഷ്യ എന്ന് പിന്നീട് അറിയപ്പെട്ട ഇറാൻ പിന്നീട് മാസിഡോണിയൻ ചക്രവർത്തി അലക്സാണ്ഡറും സെലൂക്കസ് നിക്കേറ്ററും ഭരിച്ചു. തുടർന്ന് പാർത്തീനിയൻമാരുടെ ശേഷം ഭരിച്ച സൊറോസ്റ്റേറിയൻ വിശ്വാസികളായ സെസാനിദുകളുടെ കാലത്താണ് ഇറാൻ മുസ്‌ലിംകൾക്ക് കീഴടങ്ങിയത്.

ഇസ്‌ലാമിന് മുമ്പ് വളരെ അപരിഷ്കൃതരായി കഴിഞ്ഞിരുന്ന അറബികൾ ഇസ്‌ലാംമതം സ്വീകരിച്ചതിന് ശേഷം വിജ്ഞാനത്തിലും സംസ്ക്കാരത്തിലും കൈവന്ന അത്ഭുതകരമായ വർദ്ധിത പ്രഭാവവും ഗരിമയും ലോകമേധാവിത്വവും ഒരു വൻ കുതിച്ചു ചാട്ടമായിരുന്നു. ഇസ്‌ലാമിലെ രണ്ടാം ഖലീഫയായ ഹദ്റത്ത് ഉമർ ഖത്വാബി (റ)ന്റെ കാലത്താണ് പേർഷ്യ ഇസ്‌ലാമിന് പൊടുന്നനെ കീഴടങ്ങുന്നത്. ഇസ്‌ലാമിന് വളരെക്കാലം മുമ്പ് തന്നെ സാംസ്ക്കാരികമായി ഉന്നതി പ്രാപിച്ച ഒരു ജനതയായിരുന്നു ഇറാനികൾ. ഇസ്‌ലാമിന്റെ ശക്തമായ സാംസ്ക്കാരിക പ്രഭാവത്തിന് കീഴ്പ്പെട്ടുപോയ ആ ജനത രാഷ്ട്രീയമായി മാത്രമല്ല ആത്മീയമായും ഇസ്‌ലാമിൽ ലയിച്ചു ചേരുകയുണ്ടായി. എ. ഡി 762 മുതൽ അബ്ബാസിയാ ഖിലാഫത്തിന്റെ കാലഘട്ടത്തിൽ തൊട്ടടുത്ത് ഇറാഖിലെ ബാഗ്ദാദ് ആയിരുന്നു ഖലീഫയുടെ ആസ്ഥാനം. ഇസ്‌ലാമുമായി ഇറാനിയൻ ജനതയുടെ സമന്വയം പെട്ടെന്ന് നടന്നുവെങ്കിലും ഇറാനിയൻ സാംസ്കാരിക തനിമയുടെ സത്വബോധവും വ്യതിരിക്തതയും അവരുടെ ഉള്ളിൽ ഒരു കനലായി എരിഞ്ഞുകൊണ്ടിരുന്നു. അതായിരുന്നു ഇസ്‌ലാമിന്റെ മുഖ്യധാരയിൽ നിന്നും വേർപെട്ടുകൊണ്ട് പിന്നീട് ശിഈയിസത്തിന്റെ രൂപം പ്രാപിച്ചത്. അല്ലാതെ ഉസ്മാൻ (റ) വധം, അലി (റ) ഖലീഫയായുള്ള ആരോഹണം എന്നീ സംഭവങ്ങളിൽ കക്ഷിചേരാനുള്ള ഗോത്ര ബന്ധമോ കക്ഷി ബന്ധമോ അറബികളുമായി ഇറാനിയൻ ജനതക്കില്ലായിരുന്നു. അലി (റ) യെ ദൈവത്തോളമുയർത്തുന്ന ശിയാഭക്തിയും ഇറാനിയൻ-അറബ് സംഘർഷവും ശാത്രവവും പുരാതനമായ ഈ സത്വബോധ സംഘർഷങ്ങളുടെ ബഹിർപ്രകടനമാകാം. ഒരു പുതിയ ആത്മീയ മൂശയിൽ മാത്രമേ പുരാതന വേരുകളുള്ള ഈ സത്വബോധങ്ങൾ പൂർണ്ണമായും സമഗ്രമായും വിളക്കി ചേർക്കപ്പെടുകയുള്ളൂ. ഏതായാലും പ്രശ്നസങ്കീർണ്ണമായ സമകാലീന രാഷ്ട്രീയ സാഹചര്യത്തിൽ മുസ്‌ലിംകൾ ആഗോളവ്യാപകമായി പല വിധത്തിലും പീഡിപ്പിക്കപ്പെടുകയും അവഗണിക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്യപ്പെടുമ്പോൾ സഊദിയും ഇറാനും തമ്മിലുള്ള ഐക്യം തീർച്ചയായും സ്വാഗതാർഹമാണ്. ഇത് ആഗോള മുസ്‌ലിം സമുദായത്തിനും ലോകത്തിന് പൊതുവേയും ഗുണം ചെയ്യാതിരിക്കില്ല.

### തിരുത്ത്

2023 ഏപ്രിൽ ലക്കം സത്യദൂതനിൽ കടലായി ജമാഅത്തിലെ പി.കെ. സുബൈദ സാഹിബ (86) യുടെ അനുസ്മരണത്തിൽ കൂടാളി ജമാഅത്ത് എന്ന് തെറ്റായി അച്ചടിച്ചു വന്നതിൽ ഖേദിക്കുന്നു. അത് കടലായി ജമാഅത്ത് എന്ന് തിരുത്തി വായിക്കാനപേക്ഷ.

*- എഡിറ്റർ, സത്യദൂതൻ*

**അനുസ്മരണം**

# അബ്ദുൽ ഹമീദ് സാഹിബ്



മണ്ണാർക്കാട് ജമാഅത്തിലെ ആദ്യകാല അഹ്മദിയായ മലയത്ത് കുഴിയിൽ ഹൈദർ മാസ്റ്ററുടെയും കെ. മറിയുമ്മയുടെയും മകനായ എം.കെ. അബ്ദുൾ ഹമീദ് സാഹിബ് (76) 26-12-2022 ന് തിങ്കളാഴ്ച്ച നിര്യാതനായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ

ശാരീരിക അവശതകളുണ്ടായിട്ടും മുടങ്ങാതെ അഞ്ചു നേരവും പള്ളിയിൽ വന്ന് നമസ്ക്കരിക്കുന്ന അബ്ദുൽ ഹമീദ് സാഹിബിന്റെ ഇക്കാര്യത്തിലുള്ള കണിഷത അത്ഭുതകരമായിരുന്നു. സത്യദൂതന്റെ നല്ലൊരു വായനക്കാരൻ കൂടിയായിരുന്നു അദ്ദേഹം. അല്ലാഹു പരേതന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **ഭാര്യ**: ടി.പി. ആയിശ. **മക്കൾ**: ഫിറോസ് അഹ്മദ്, ഫഹ്മിദ ഫിറോസ്. **മരുമക്കൾ**: ഫിറോസ് ചാവക്കാട്, അമത്തുൽ ഹഫീസ് (കോഴിക്കോട്) **സഹോദരങ്ങൾ**: എം.കെ. അബ്ദുൾ അസീസ്, എം.കെ. സഫിയ (മർഹൂമ), എം.കെ. സൈനബ, എം.കെ. സുലൈഖ, എം.കെ. അബ്ദുൾ ജലീൽ (മർഹൂം).

***ശഫീഖ് അഹ്മദ്, മണ്ണാർക്കാട്***

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവഃ എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന*
*ദൈവികഗുണങ്ങളുടെ*
*അസാധാരണവും അത്യുജ്ജ്വലവുമായ*
*ആവിഷ്ക്കാരം*

Published on 07.05.2023
Pages 44
Vol: 95 Issue. 05
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
Phone No: 9447086862 (G. Pay)

ISLAM INTERNATIONAL PUBLICATIONS
Scan and pay with any BHIM UPI app
G Pay PhonePe Paytm


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim